# "എന്നെയും വിളിക്കുന്നുണ്ടോ?"



3.89422
AR

ഫാദർ ഹാരോൾഡ് C M I

S. H. Provincial House Library
Kalamassery.

# "എന്നെയും വിളിക്കുന്നുണ്ടോ?"

Presented by the Author
To
Very Rev Fr Cosmas
C M I.

ഗ്രന്ഥകർത്താ:
ഫാദർ ഹാരോൾഡ് C. M. I.

SACRED HEART PROVINCIAL LIBRARY
No. 4306
CHAVARA KURIAKOSE ELIAS... LIBRARY
4306
H32
14 5 32

Enneum Vilikkunnundo

Author Fr: Harold C. M. I.
Headmaster,
S. H. U. P. School
Champakulam.

M/248;890,22
HAR

First Edition
1966 March.

A hand book on vocation with brief notes about all the religious congregations working in India.

A call and guide for youngsters to religious life and to the mission fields.

Nihil obstat:
Rev: Fr. Arnold, C. M. I.
Rev: Fr. Syrus C. M. I.

Imprimi Potest: Very. Rev. Fr. James C. M. I.
Provincial.

Imprimatur: Mathew Kavukattu
Archbishop of Changanacherry,
15—2—1966.

# "എന്നെയും വിളിക്കുന്നുണ്ടോ?"

ഗ്രന്ഥകർത്താ:

## ഫാദർ ഹാരോൾഡ് C. M. I.

H32
H28

"ഭാരതമേ! നിന്റെ രക്ഷ നിന്റെ തനയരിൽ"

Leo XIII

വില **Re 1**

Printed at
The Nirmala Press, Changanacherry.

# പ്രസ്താവന

ക്രിസ്തു അരുളിച്ചെയ്ത വേലക്കാരുടെ ഉപമയിൽ വീട്ടടമസ്ഥൻ പതിനൊന്നാം മണിക്ക് പുറപ്പെട്ട് പണിയില്ലാതെ വഴിയിൽ നിന്നവരോടു ചോദിച്ചു എന്താണ് വേലയില്ലാതെ നിൽക്കുന്നതെന്ന്. അവർ പറഞ്ഞു, ഞങ്ങളെ ആരും വിളിച്ചില്ലെന്ന്. വീട്ടടമസ്ഥൻ പറഞ്ഞു. "നിങ്ങളും എന്റെ തോട്ടത്തിലേക്ക് പോവുക, തക്കതായ കൂലിതരാം." പലരും പല കാര്യത്തിലും സാധാരണ പറയാറുള്ള ഒഴിവുകഴിവാണ് 'ഞാൻ അറിഞ്ഞില്ല.' 'എന്നെ ആരും വിളിച്ചില്ല' 'എന്നോടൊന്നും പറഞ്ഞില്ല' എന്നിത്യാദി. ദൈവത്തിന്റെ തോട്ടമായ കത്തോലിക്കാസഭയിൽ വേലക്കാരെ ഇറക്കുവാനും വേലയെടുക്കുവാനും കത്തോലിക്കരെല്ലാം വിളിക്കപ്പെട്ടിരിക്കുകയാണ് എന്നു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയാണ് ഈ ലഘു ഗ്രന്ഥത്തിന്റെ ലക്ഷ്യം.

'എന്നെയും വിളിക്കുന്നോ?' വിളിക്കുന്നു. എന്തിന്? ദൈവരാജ്യം പ്രചരിപ്പിക്കുവാൻ. സ്വന്തം ആത്മാവിനെ മാത്രം രക്ഷിച്ചാൽപോരാ ആർക്കെല്ലാംവേണ്ടി മിശിഹാ പീഡകൾ സഹിച്ചുമരിച്ചുവോ അവരെയല്ല, എല്ലാവരേയും ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയിലേയ്ക്കു് ആനയിക്കണം. രക്ഷാകരഫലം സകല മനുഷ്യരും ആസ്വദിപ്പാൻ ഇടവരുത്തണം. സകല മനുഷ്യരും ഏക ഇടയനായ ക്രിസ്തുവിന്റെ തൊഴുത്താകുന്ന കത്തോലിക്കാസഭയിൽ അംഗങ്ങളായിത്തീരണം. അങ്ങനെ നിത്യഭാഗ്യം പ്രാപിക്കണം. "ഏക ഇടയനും ഏക തൊഴുത്തുമാകണം." ഈ മിഷൻ പ്രവർത്തനത്തിൽ കഴിവുപോലെ സഹകരിക്കാനാണ് സകല കത്തോലിക്കരും വി

ളിക്കപ്പെട്ടിരിക്കുന്നതു്. ഈ മിഷനിലുള്ള ഭാഗഭാഗിത്വത്തിൽ വ്യത്യസ്ത പദവികളും വൈവിധ്യങ്ങളുമുണ്ടു്.

മഹത്തമമായ പൗരോഹിത്യ പദവിയിലേയ്ക്കു തങ്ങൾ വിളിക്കപ്പെടുന്നുണ്ടോ എന്ന പരിചിന്തനത്തിനു് ഈ ഗ്രന്ഥത്തിലെ ഒന്നും രണ്ടും ഏഴും ഒൻപതും അദ്ധ്യായങ്ങൾ യുവാക്കന്മാർക്കു് വക നൽകുന്നുണ്ടു്.

ക്രിസ്തീയ പുണ്യപരിപൂർണ്ണത പ്രാപിക്കുന്നതിനുള്ള സകലതടസ്സങ്ങളെയും നീക്കിക്കളയുന്ന സുവിശേഷസൽബുദ്ധികളായ അനുസരണ, ദാരിദ്ര്യം, കന്യാവ്രതം എന്നീ വ്രതങ്ങൾ അനുഷ്ഠിച്ചുകൊണ്ടു്-സ്വയം ബലിയായി ദൈവത്തിനർപ്പിക്കുന്നവരാണു് സന്യാസികൾ. ദൈവസ്നേഹലഹരിയാൽ ദൈവമല്ലാത്ത സകലത്തെയും അവർ പരിത്യജിക്കുന്നു. ഒരു സന്യാസി ക്രൂശിതനായ മറെറാരു ക്രിസ്തുവാണു്. സ്വർഗ്ഗസൗഭാഗ്യം ഭൂമിയിൽ വച്ചുതന്നെ അനുഭവിക്കുന്ന സന്യസ്തരുടെ സൗഭാഗ്യത്തേയും ദൈവവിളിയേയും കുറിച്ചു് പ്രതിപാദിക്കുന്ന മൂന്നുമുതൽ എട്ടുവരെയുള്ള അദ്ധ്യായങ്ങൾ വായിച്ചുനോക്കി യുവാക്കന്മാർ സന്യസ്തജീവിതത്തിലേക്കും, യുവതികൾ സന്യാസിനീസഭകളിലേക്കും വിളിക്കപ്പെടുന്നുണ്ടോ എന്നു് പരിശോധിച്ചുനോക്കട്ടെ.

"എന്നെയും വിളിക്കുന്നോ?' എന്ന ചോദ്യം മാതാപിതാക്കന്മാരെ അമ്പരപ്പിച്ചേക്കാം. എന്നാൽ അവരാണു് സകല ദൈവവിളികളുടേയും ഉപജ്ഞാതാക്കൾ. തങ്ങളെത്തന്നെ പരിശുദ്ധരാക്കിക്കൊണ്ടും, വിശുദ്ധിയുടെ അന്തരീക്ഷം കുടുംബത്തിൽ വ്യാപിപ്പിച്ചുകൊണ്ടും, മക്കളുടെ നല്ല വളർത്തലിൽ ശ്രദ്ധിച്ചുകൊണ്ടും, വൈദീക സന്യാസാന്തസ്സുകളുടെ മാഹാത്മ്യത്തെപ്പററി അവരെ ഉൽബോധിപ്പിച്ചുകൊണ്ടും, സന്മാതൃകകൊണ്ടും,പ്രാത്ഥനകൊണ്ടും, മക്കൾക്കു് ദൈവവിളി ലഭിക്കാൻ പ്രേരണയും പ്രചോദനവും നൽകുകയാണു് മാതാപിതാക്കന്മാരുടെ ദൈവവിളി. വൈദീക സന്യാസാന്തസ്സു

കളിലേക്കു് ദൈവവിളി ലഭിച്ചിട്ടുള്ളവരെല്ലാം ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ടു് അവരുടെ ദൈവവിളിക്കു് നിദാനം അവരുടെ മാതാപിതാക്കന്മാരാണെന്നു്. കുടുംബാംഗങ്ങളുടെ പ്രത്യേകിച്ചു് മാതാക്കളുടെ ഈദൃശകടമകളെപ്പററി അദ്ധ്യായം പത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനു് അദ്ധ്യാപകരും വിളിക്കപ്പെടുന്ന കത്തോലിക്കാന്തരീക്ഷം സ്ക്കൂളുകളിൽ സൃഷ്ടിച്ചുകൊണ്ടും, തങ്ങളുടെ സൂചനകാംകൊണ്ടും, വൈദീക സന്യാസാന്തസ്സുകളെപ്പററി മതിപ്പായി സംസാരിച്ചുകൊണ്ടും, ഉപദേശങ്ങാംകൊണ്ടും വളരെയധികം സ്വാധീനത തങ്ങളുടെ ശിഷ്യരിൽ ചെലുത്തുന്നതിനു് അദ്ധ്യാപകക്കു സാധിക്കുന്നു. തൽസംബന്ധമായി പതിനൊന്നാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ടു്.

ഇടവകകളിൽ വൈദീകരുടെ പ്രസംഗങ്ങളാലും ഭക്തസംഘടനകളുടെ ശരിയായ പ്രവത്തനത്താലും, മതപഠന ക്ലാസ്സുകാം, യോഗങ്ങാം, കലാപരിപാടികാം എന്നിവയാലും, ദൈവവിളികാം മൊട്ടിട്ടു വികസിക്കുന്നതിനു് സാദ്ധ്യതയുണ്ടെന്നു് പന്ത്രണ്ടാം അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ടു്.

13, 14, 15 എന്നീ അദ്ധ്യായങ്ങളിൽ ഭാരതത്തിലുള്ള എല്ലാ സന്യസ്തവൈദീകരുടെയും സന്യാസിനികളുടെയും സഹോദരന്മാരുടെയും സഭകളുടെ ചുരുങ്ങിയ വിവരണം, പ്രവത്തനപരിപാടികാം, എന്നിവയെല്ലാം നൽകിയിരിക്കുന്നതു് ദൈവവിളിയുള്ള യുവതീയുവാക്കന്മാക്കു് ഓരോ സഭയെയും പററിപഠിച്ചു് തങ്ങളുടെ താല്പര്യത്തിനനുസരിച്ചു് ഏതെങ്കിലും തിരഞ്ഞെടുക്കുന്നതിനു് വളരെ ഉപകാരപ്രദമായിരിക്കും.

ആത്മാക്കളെ ദാഹിക്കുന്ന ഈശോയുടെ ദാഹം ശമിപ്പിക്കാൻ നാമെല്ലാവരും ബാദ്ധ്യസ്തരാണു്. ജീവിതാന്തസ്സു് തിരഞ്ഞെടുക്കാൻ തയ്യാറെടുക്കുന്നവരോടും ഹൈസ്ക്കൂാം വിദ്യാഭ്യാസം കഴിഞ്ഞു് ഇനി എങ്ങോട്ടു്? എന്നു സ്വയം ചോദിച്ചുകൊണ്ടു് വഴിത്തിരിവിലെത്തിച്ചേരുന്ന യുവതീയുവാക്കന്മാരോടും ഈശോ യാചിക്കുകയാണു്. മിഷൻ രംഗങ്ങളിൽ

വേലയെടുത്തു് തന്റെ രക്തത്തിന്റെ വിലയായ ആത്മാക്കളെ രക്ഷിക്കാൻ—തന്നെ അറിയാതിരിക്കുന്ന അനേകായിരങ്ങൾക്കു് സത്യത്തിന്റെ വെളിച്ചം കാട്ടിക്കൊടുത്തു് ഏകതൊഴുത്തിലാക്കുവാൻ തന്നെ സഹായിക്കുന്നതിനു് 'എന്റെ പിന്നാലെവരിക'യെന്നു്. വൈദിക, സന്യസ്തജീവിതാവസ്ഥകളിൽ തങ്ങൾക്കു് യോജിച്ചതുവരിച്ചു് മിശിഹായുടെ സേവനത്തിനായി സ്വയം ആത്മസമർപ്പണം ചെയ്യുന്നതിനുള്ള പ്രചോദനം മിഷൻ രൂപതകളെപ്പററി (അദ്ധ്യായം 16, 17) ശരിയായി പഠിക്കുന്നവർക്കു ലഭിക്കാതിരിക്കുകയില്ല—

ദീർഘകാലത്തെ എന്റെ പരിശ്രമഫലമാണു് ഈ ഗ്രന്ഥം. ഇതിന്റെ രചനയിൽ പ്രധാനമായി എന്നെ സഹായിച്ചതു് ആത്മാക്കളെ വളരെയധികം ദാഹിക്കുന്ന പ്രേഷിതവരേണ്യനായ വെരി: റവ ഫാദർ ഔറേലിയൂസു് C.M.I. B. A. L. T. ആണു്. അദ്ദേഹത്തോടുള്ള എന്റെ കടപ്പാടും കൃതജ്ഞതയും നിസ്സീമമാണു്. സഭകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയും മററും എന്നെ സഹായിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദിരേഖപ്പെടുത്തുന്നു — എന്റെ പൗരോഹിത്യരജതജൂബിലിവർഷമായ ഇക്കൊല്ലം ഇതു പൂർത്തിയാക്കാൻ സാധിച്ചതിൽ അപാരമായ ആനന്ദമുണ്ടു്. വേണ്ടനിർദ്ദേശങ്ങളും സഹായങ്ങളും തന്നു് എന്നെ പ്രോത്സാഹിപ്പിച്ച ദേഹവും പതിനായിരങ്ങൾക്കു് ദൈവവിളി ലഭിക്കാൻ കാരണഭൂതനുമായ 'വോക്കേഷൻ ബ്യൂറോ' ഡയറക്ടർ പ്രിയപ്പെട്ട കുഞ്ഞേട്ടനോടും അച്ചടിപ്പിച്ച പ്രസ്സ്മാനേജരോടും കൃതജ്ഞതനേർന്നുകൊള്ളുന്നു. സ്നേഹനാഥനായ ഈശോയുടെ ദാഹം അല്പമായിട്ടെങ്കിലും ശമിപ്പിക്കുന്നതിനു് ഈ കൃതി ഉപകരിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടു് അവിടുത്തെ തൃപ്പാദതാരിൽ ഇതു് സമർപ്പിച്ചുകൊള്ളുന്നു—

എന്നു് രചയിതാവു്.

ഫാദർ ഹാരോൾഡു് C. M. I.
ഗാഗുൽത്താ ആശ്രമം, ചമ്പക്കുളം.
May 18-1965

4306

# ഉള്ളടക്കം

## ഒന്നാംഭാഗം

### ജീവിതാവസ്ഥകളും ദൈവവിളിയും


അദ്ധ്യായം 1 ഒരു മുട്ടൽസ്വരം

" 2 ഏതു ജീവിതാവസ്ഥ തിരഞ്ഞെടുക്കണം.

" 3 കുടുംബജീവിതം

" 4 സന്യാസജീവിതം

" 5 സന്യാസത്തിന്റെ വിവിധശാഖകൾ

" 6 സന്യാസസഹോദരന്മാർ

" 7 സന്യാസിനികൾ

" 8 ദൈവവിളിയുണ്ടെന്ന് എങ്ങനെ അറിയാം

" 9 വൈദികർ


## രണ്ടാംഭാഗം

### ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടവർ


,, 10 കുടുംബവും ദൈവവിളിയും

,, 11 വിദ്യാലയവും ദൈവവിളിയും

,, 12 ഇടവകയും ദൈവവിളിയും


## മൂന്നാംഭാഗം

### സന്യാസസഭകൾ


,, 13 വൈദികസന്യാസസഭകൾ

1) ഈശോസഭ (S. J )

2) അമലോത്ഭവമാതാവിന്റെ കർമ്മലീത്തർ (C.M.I.)

3) സലേഷ്യൻ സഭ (S. D. B.)
4) കർമ്മലീത്താ ഒന്നാം സഭ (O C. D.)
5) ഓ. സി. ഡി. എം.
6) റിഡംപ്റ്ററിസ്റ്റ് (C. S. S. R.)
7) തിരുഹൃദയസഭക്കാർ (O. S. H.)
8) ബനഡിക്റ്റൈൻസ്. (O. S. B)
9) ദിവ്യകാരുണ്യമിഷനറി സഭ (M. C. B. S.)
10) മിശിഹാനുകരണസഭ (O. I. C.)
11) ദൈവവചനസഭ (S. V. D.)
12) കപ്പൂച്ചിൻ സഭ
13) ഫ്രാൻസിസ്കൻസ് (O. F. M.)
14) വിൻസെൻഷ്യൻസഭ (C. M.)
15) വിൻസേൻഷ്യൻ കോൺഗ്രിഗേഷൻ (V. C.)
16) റൊസാരിയൻ കോൺഗ്രിഗേഷൻ (C. R)
17) സെൻറ് പോൾസ് സൊസൈററി (S. S. P.)
18) ഇൻഡ്യൻ മിഷനറി സൊസൈററി (I. M. S.)
19) എം. എസ്. എഫ്. എസ്സ്.
20) ദൈവപുഷ്പസന്യാസസഭ (C. S. T)
21) സിസ്റ്റേർഷ്യൻ സഭ (O. C. S. O)

32 വരെ സഭകളുടെ പേരുകളും അംഗസംഖ്യയും

അദ്ധ്യായം 14 സന്യാസിനീസഭകൾ

1) ദൈവപരിപാലനയുടെ സെൻറ് ആൻസ് സഹോദരികൾ (M. S. S. A.)
2) സെൻറ് ജോസഫ്സ് മെഡിക്കൽ സിസ്റ്റേഴ്സ് (M. S. J.)
3) കാററക്കിസ്റ്റ് മിഷനറീസ് (C. M. M. I.)
4) മെഡിക്കൽ മിഷനറീസ് (S. C. M. M.)
5) ഉപവിയുടെ സഹോദരികൾ
6) കുരിശിൻെറ പുത്രികൾ (F. C.)

7) അഗതികളുടെ സഹോദരികൾ (S. D.)
8) ഫ്രാൻസീസ്കൻ മിഷനറീസ് ഓഫ് മേരി (F. M. M.)
9) ഫ്രാൻസീസ്കൻ സിസ്റ്റേഴ്സ് ഓഫ് നോട്ടർഡാം (F. B. S.)
10) വി. ഫ്രാൻസീസ് അസ്സീസ്സിയുടെ മൂന്നാം സഭക്കാരായ സഹോദരികൾ
11) വി. അലോഷ്യസ് ഗോൻസാഗായുടെ സഹോദരികൾ (S. A. G.)
12) മാതാവിൻെറ വിമല ഹൃദയത്തിൻെറ സഹോദരികൾ (I. H. M.)
13) ഹോളിക്രോസ് സിസ്റ്റേഴ്സ്
14) അമലോത്ഭവമാതാവിൻെറ സലേഷ്യൻ സഹോദരികൾ (S. M. M. I.)
15) അമലോത്ഭവമാതാവിൻെറ കാററക്കിസ്റ്റ് സഹോദരികൾ
16) കർത്താവിൻെറ ദാസികൾ (പ്രേഷിതദാസികൾ)
17) സെൻറ് ആൻസ് സിസ്റ്റേഴ്സ്
18) വി. അഗസ്റ്റിൻെറ മിഷനറിസഹോദരികൾ (M.C. S. A.)
19) അപ്പസ്റ്റോലിക്ക് കാർമ്മൽ (A.C.)
20) അപ്പസ്തോലിക്ക് കർമ്മലീത്താ മൂന്നാം സഭ
21) കർമ്മലീത്തർ (T. O. C. D.)
22) കർമ്മലീത്തർ (O. C. D.)
23) തിരുക്കുടുംബ സഹോദരികൾ
24) മിശിഹാനുകരണ സഹോദരികൾ (S. I. C.)
25) അമലോത്ഭവത്തിൻെറ സഹോദരികൾ (C.I.C.)
26) സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ് (S.S.J.)
27) ക്ലൂണിസിസ്റ്റേഴ്സ്
28) ചെറുപുഷ്പത്തിൻെറ ബഥനിസഹോദരികൾ (B.S.)

29 മറിയത്തിന്റെ പുത്രികൾ (D. M.)
30 സെർവൈറ്റ്സ് ഓഫ്മേരി (O. S. M.)
31 പ്രസന്റേഷൻ സിസ്റ്റേഴ്സ് (P. B. V. M.)
32 ഉർസുലൈൻ ഫ്രൻസിസ്കൻസിസ്റ്റേഴ്സ് (U.F.S.
33 വിസിറ്റേഷൻ സിസ്റ്റേഴ്സ് (S. V. A.)
34 ആരാധനസഭ (S. A. B. S.)
35 സുറിയാനി കമ്മലീത്താ മൂന്നാംസഭ
36 കൊള്ളറൈറ്റൻസ് (Poor clares)
37 ക്ലാരസഭ
38 തിരുഹൃദയസഭ
39 നോർട്ടർഡാം സിസ്റ്റേഴ്സ്
40 കനോസിയൻ സിസ്റ്റേഴ്സ്
41 ഗുഡ്ഷെപ്പേർഡ് സിസ്റ്റേഴ്സ്
42 ഉപവിയുടെ സഹോദരികൾ (Trichur)
43 ക്രിസ്തു മിഷനറിമാർ
44 കുരിശിന്റെ സഹോദരികൾ
45 ഫ്രൻസിസ്കൻ ഹോസ്പിറ്റൽ സിസ്റ്റേഴ്സ്
46 സിസ്റ്റേഴ്സ് ഓഫ് മേഴ്സി
47 അമലോത്ഭവത്തിന്റെ മിഷനറി സിസ്റ്റേഴ്സ്
48 ഈശോ മറിയത്തിന്റെ സഹോദരികൾ
49 തിരുക്കുടുംബസഭ
50 ഈശോമറിയത്തിന്റെ ഉപവിയുടെസഹോദരികൾ
51 സിസ്റ്റേഴ്സ്ഓഫ് സെൻറ്ജോസഫ്
52 അഗതികളുടെ കൊച്ചുസഹോദരികൾ
53 ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ
പുത്രികൾ (F. M. A.)
54 അമലോത്ഭവത്തിന്റെ ഉർസുലൈൻ
സഹോദരികൾ

55 പരിശുദ്ധ മറിയത്തിൻെറ സഹോദരികൾ

56 പരിശുദ്ധ കന്യകമറിയത്തിൻെറ സഹോദരികൾ

57 നസ്രത്തു സഹോദരികൾ

58 ആജ്മീറിലെ മിഷൻ സഹോദരികൾ (C.S.R.)

59 നസ്രത്തു സഹോദരികൾ (ഇടക്കുന്നിൽ)

60 മിഷൻനാഥയുടെ സഹോദരികൾ (R.W.D.M.)

61 പ്രസൻേറഷൻ സിസ്റ്റേഴ്സ് (P. B. V. M.)

62 അപ്പസ്തോലരാജ്ഞിയുടെ മിഷനറി സിസ്റ്റേഴ്സ് (T. R. A.)

63 തിരുഹൃദയ സഹോദരികൾ

64 ഉപവിയുടെ കർമ്മലീത്താ സഹോദരികൾ

121വരെ സന്യാസിനീസഭകളുടെ പേരും അംഗസംഖ്യയും

അദ്ധ്യായം 15 സഹോദരസന്യാസസഭകൾ

1 ഐറിഷ് ക്രിസ്ത്യൻ ബ്രദേഴ്സ്

2 വി. ഫ്രാൻസീസ് അസ്സീസിയുടെ മിഷനറി ബ്രദേഴ്സ്

3 സെൻറ്ഗബ്രിയേൽ ബ്രദേഴ്സ്

4 ബ്രദേഴ്സ് ഓഫ് സെൻറ് മൈക്കൾ

5 ഒലിവെറൻ ബ്രദേഴ്സ്

6 ബ്രദേഴ്സ് ഓഫ് സെൻറ് പാട്രിക്ക്

7 തിരുഹൃദയത്തിൻെറ സഹോദരന്മാർ

12വരെ സഭകളുടെ പേരും അംഗസംഖ്യയും

അദ്ധ്യായം 16—മിഷൻപ്രവർത്തനം

അദ്ധ്യായം 17—മിഷൻരൂപതകളും പ്രവർത്തനങ്ങളും

## അനുബന്ധം

1 വോക്കേഷൻ ബ്യൂറൊ

2 സെൻറ് ജോസഫ് മിഷൻ ഹോം, പാലാ

3 പ്രേഷിതാലയം

4 ചാന്ദാ മിഷൻ രൂപത

5 അൽമായസന്യാസം (Saecular Institute)

6 ജനസംഖ്യ

## ഒന്നാം ഭാഗം

# ജീവിതാവസ്ഥകളും ദൈവവിളിയും

### അദ്ധ്യായം ഒന്നു്

## ഒരു മൃദുലസ്വരം

ജീവിതാന്തസ്സു തിരഞ്ഞെടുക്കുവാൻ തത്രപ്പെടുന്ന നിന്റെ ബോധത്തിലൂടെ കടന്നുപോകുന്ന നൂറുനൂറു ലൗകിക വിചാരങ്ങളെ അല്പസമയത്തേയ്ക്കു മാററിനിറുത്തിയിട്ടു് നിന്റെ ഹൃദയാന്തർഭാഗത്തേയ്ക്കു കടന്നു് ഒന്നു ശ്രദ്ധിക്കുക. അവിടെ നിന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു മൃദുലസ്വരം നീ കേൾക്കുന്നതു് ഈശോയുടേതാണു്. അവിടുന്നു നിന്നെ വിളിക്കുകയാണു്. എന്തിനാണെന്നോ? അനർഘവും അതുല്യവുമായ ഒരു ജോലി നിന്നെ ഏല്പിക്കുവാൻ. അതിലും വിശിഷ്ടമായ ഒന്നിനെക്കുറിച്ചു ചിന്തിക്കുവാൻ നിനക്കു കഴിയുകയില്ല......അതെന്തായിരിക്കും?

### ദൈവപുത്രന്റെ ആഗമനോദ്ദേശ്യം

തന്റെ ഓമൽക്കുമാരനെ നമുക്കു നൽകുവാൻമാത്രം വിശാലമായിരുന്നു ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹം. അവതീർണ്ണനായ ദൈവസുതൻ ലോകത്തിൽ ഒരു ജോലി തുടങ്ങിവച്ചു. അതു തീർക്കേണ്ടതിനാണു് നിന്നെ വിളിക്കുന്നതു്. പണ്ടു് പറുദീസായിൽ നമ്മുടെ പിതാവായ ആദം വാണിരുന്നു. സൃഷ്ടിയുടെ അധിനാഥനായിരുന്നു ആ ആദ്യപിതാവു്. ആ പിതൃത്വത്തിൽനിന്നാണു് നമുക്കു മനുഷ്യത്വം ലഭിച്ചതു്. പക്ഷേ മനുഷ്യത്വത്തിലുമുപരി ആദത്തിനു് ഒരു ജീവൻ ഉണ്ടായിരുന്നു. ദൈവത്തിന്റെ ജീവൻ. അവന്റെ ആ

സ്ഥിത്വത്തെ അത്യുന്നതമായ ഒരു തലത്തിലേയ്ക്കുയർത്തിക്കൊണ്ടു് പിതാവായ ദൈവം നൽകിയ പ്രസാദവര ജീവൻ. ആ അതിസ്വാഭാവികതലത്തിൽ ജീവിച്ചു്, ജീവദാതാവായ ദൈവത്തെ മഹത്വപ്പെടുത്തുവാനാണു് ദൈവം ആദത്തെ വിളിച്ചതു്. പക്ഷേ, ആ പ്ലാൻ യഥാർത്ഥീകരിക്കപ്പെട്ടില്ല. ആദം തനിക്കു ലഭിച്ച സ്വാതന്ത്ര്യമെടുത്തു് പ്രയോഗിച്ചു. താനിരുന്ന കൊമ്പറുത്തു. അവൻ പാപംചെയ്തു. ആത്മഹത്യാപരമായ ആ അതിമോഹം അവൻ്റേതെല്ലാം നശിപ്പിച്ചു. അങ്ങനെ ദിവ്യജീവൻ കളഞ്ഞുകുളിച്ച മനുഷ്യവർഗ്ഗത്തിൻ്റെ പിതാവായ ആദം ആ ശാപം മുഴുവനും മനുഷ്യവർഗ്ഗത്തിൻ്റെ തലയിലമർത്തി. പക്ഷേ ദൈവത്തിൻ്റെകരുണ അവിടുത്തെ കരവേലയെ ഉപേക്ഷിച്ചില്ല. പാവപ്പെട്ട മനുഷ്യനു നഷ്ടപ്പെട്ട ദിവ്യജീവൻ തിരിച്ചുനൽകുന്നതിനു് അവിടുന്നു തിരുവുള്ളമായി. അങ്ങനെ അവിടുത്തെ ഓമൽക്കുമാരനെ ലോകത്തിനു നൽകി. "അവർക്കു ജീവനുണ്ടാകുന്നതിനു്, അതും സമൃദ്ധമായി ഉണ്ടാകുന്നതിനു്," ആ ജീവൻ പേറി 'തനിക്കു പ്രസാദിച്ച' ആ 'പ്രിയസുത'നോടൊത്തു് അവിടുത്തെ മഹത്വപ്പെടുത്തുന്നതിനു്.—പുത്രൻ്റെ ആ ദിവ്യദൗത്യത്തിൽ പങ്കുനൽകുന്നതിനാണു് അവിടുന്നു് നിന്നെ ആഹ്വാനം ചെയ്യുന്നതു്.

## ദൈവമഹത്വം

ഒരാൾ ഒരു വാച്ചു് ഉണ്ടാക്കി എന്നിരിക്കട്ടെ. അതു കൃത്യമായി സമയം കാണിക്കുന്നതിലാണയാളുടെ അഭിമാനം; മഹത്വം. അതു ദിവസം മൂന്നും നാലുംപ്രാവശ്യം നിൽക്കുകയാണെങ്കിലോ? അതെ, ഒരു വസ്തു നിശ്ചയിക്കപ്പെട്ട ലക്ഷ്യം കൃത്യമായി പ്രാപിക്കുന്നതിലാണു് അതിൻ്റെ നിർമ്മാതാവിൻ്റെ അഭിമാനവും മഹത്വവും.

ദൈവം ഈ പ്രപഞ്ചത്തെ (Universe) സൃഷ്ടിച്ചു, അ

തിലെ ഓരോ ഗോളത്തിനും—സൂര്യനും ചന്ദ്രനും കോടാനുകോടി നക്ഷത്രവ്യൂഹത്തിനുമെല്ലാം—അവിടുന്നു സഞ്ചാരപഥവും വേഗതയും സ്ഥാനവും നിർദ്ദേശിച്ചു. ആ അനിഷേധ്യമായ നിയന്ത്രണവലയത്തിൽനിന്നു വരവണ്ണം തെററാതെ അവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ ഭൂമിയിലെ ജീവികളോ? മനുഷ്യനൊഴികെ എല്ലാം ആ അധിനാഥന്റെ ക്രമീകരണം അന്യൂനം പാലിക്കുന്നില്ലേ? അങ്ങനെ, "ആകാശവും ഭൂമിയും ദൈവത്തെ മഹത്വപ്പെടുത്തുന്നു." എന്നുൽഘോഷിച്ചുഃപാടുകയാണു് അത്ഭുതസ്തബ്ധരായ സങ്കീർത്തകർ. എന്നാൽ മനുഷ്യൻ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുപകരം തനിക്കു കിട്ടിയ ആദ്യകല്പനയെത്തന്നെ ലംഘിച്ചു.

### ദൈവപുത്രൻ പിതാവിനെ മഹത്വപ്പെടുത്തി.

ആ പാപത്തിന്റെ നിയമത്തെ മറിച്ചെഴുതുന്നതിനാണു് വചനം മാംസമായതു്. ദിവ്യജീവൻ നഷ്ടപ്പെട്ട മനുഷ്യകുലത്തിനു് ജീവനുണ്ടാകുന്നതിനു് മനുഷ്യൻ വീണുകിടന്ന അഗാധത്തിൽനിന്നു് അവനെ ഉയർത്തി, വീണ്ടും അതിസ്വാഭാവികതലത്തിലേയ്ക്കുവരോധിക്കുന്നതിനാണു് അവിടുന്നു വന്നതു്. അവിടെ അവൻ തന്നോടൊത്തു് തന്റെ പിതാവിനെ പൂർണ്ണമനുഷ്യനായി മഹത്വപ്പെടുത്തണം. അങ്ങനെ നാശത്തിലേയ്ക്കു് അനുസ്യൂതം കുതികൊള്ളുന്ന മനുഷ്യസമൂഹത്തിനു സ്വർഗ്ഗവാതിൽക്കലേക്കു് വഴിതെളിക്കുക. അവിടുന്നു് ആ ജോലി നിറവേററുകതന്നെ ചെയ്തു. "ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി; ഞാൻ ചെയ്യുവാനായി നീ എനിക്കു തന്ന വേല ഞാൻ പൂർത്തിയാക്കി" എന്നു് അഭിമാനപൂർവ്വം അവകാശപ്പെടുന്നതിനവിടുത്തേയ്ക്കു് കഴിഞ്ഞു.

### തിരുസ്സഭ മിശിഹായുടെ ജോലി തുടരുന്നു

മിശിഹായുടെ ജോലി വെറും മുപ്പത്തിമൂന്നു വർഷമേ നീണ്ടുള്ളു. പിതാവിന്റെ ഇഷ്ടം അതായിരുന്നു. അതിന്റെ

അന്ത്യത്തിൽ അവിടുന്നു സ്വർഗ്ഗത്തിലേയ്ക്കു വിളിക്കപ്പെട്ടു. എന്നാൽ തൻെറ ദൗത്യം തുടർന്നു നടത്തുന്നതിനു് ഒരു സഭയെ അവിടുന്നു സ്ഥാപിച്ചു. മിശിഹായുടെ ദിവ്യദൌത്യവും പേറി ആ സഭ യുഗായുഗങ്ങളായി മനുഷ്യവർഗ്ഗത്തിൻെറ നടുവിൽ പരിവർത്തനങ്ങൾ സൃഷ്ടിച്ചുകൊണ്ടു് പ്രവർത്തിക്കുകയാണു്. സഭ വെറുമൊരു സംഘടനയല്ല. അതു് സജീവമായ ഒരു ശരീരമാണു്. മിശിഹായുടെ മൌതികശരീരം. മിശിഹായാണതിൻെറ ശിരസ്സു്. നാമെല്ലാം അതിൻെറ അവയവങ്ങളും. അവയവങ്ങളുടെ ജോലികൾ വിഭിന്നങ്ങളാണല്ലോ. കണ്ണു കാണുന്നു. ചെവി കേൾക്കുന്നു. എങ്കിലും എല്ലാററിനേയും നയിക്കുന്നതും നിയന്ത്രിക്കുന്നതും ശിരസ്സാണു്. എല്ലാററിൻെറയും ലക്ഷ്യം ശരീരത്തിൻെറ പൊതുനന്മയും. മൌതികശരീരവും ഇതിൽനിന്നു് വിഭിന്നമല്ല. അതിലുമുണ്ടു് വ്യത്യസ്ഥജോലികൾ ചെയ്യുന്ന വിവിധാംഗങ്ങൾ. ശിരസ്സായ മിശിഹായുടെ ജീവൻ ഉൾക്കൊണ്ടിട്ടു് അവിടുത്തെ നിയന്ത്രണവലയത്തിൽ അവയും ദൈവമഹത്വത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുകയാണു്. ഒരു ശരീരത്തിനു് അതിനാവശ്യമായ കണ്ണും ചെവിയും മൂക്കും നാക്കുമെല്ലാം ദൈവം നല്കുന്നതുപോലെ. ഭരിക്കുന്നതിനും പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും അനാഗതരെ ആനയിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന വൈദികർ അതിലെ ഉന്നതാംഗങ്ങളാണു്. പൌരോഹിത്യ വൃത്തിയ്ക്കു യുവാക്കന്മാർ ലോകത്തിൽ ധാരാളമുണ്ടു് കറകളറ്റ സാഹോദര്യവും അതിസ്വാഭാവികമായ ത്യാഗചൈതന്യവും നിറഞ്ഞ ചോരത്തിളപ്പുള്ള യുവാക്കന്മാർ! ആ യുവത്വത്തിൻെറ ആവേശത്തെ ശരിയായ ചാലിലൂടെ നയിക്കുന്നതിനുതകുന്ന സന്യാസസഭകളുമുണ്ടു്.

## മൌതികശരീരത്തിൻെറ പ്രത്യേകത

സാധാരണശരീരവും മൌതികശരീരവും വളരെ വിഭിന്നങ്ങളാണു്. സാധാരണശരീരത്തിലെ അംഗങ്ങൾക്കു് സ്വാ

തന്ത്ര്യമില്ല. അതിലെ കണ്ണിന്നു് കാണാതിരിക്കുന്നതിനോ ചെവിക്കു കേൾക്കാതിരിക്കുന്നതിനോ സ്വാതന്ത്ര്യമില്ല. കാരണം അവയ്ക്കു സ്വതന്ത്രമായ വ്യക്തിത്വമില്ല. എന്നാൽ മൌതികശരീരത്തിലെ അംഗങ്ങൾ സ്വതന്ത്രരായ മനുഷ്യവ്യക്തികളാണു്. സഭയുടെ അപ്പോഴപ്പോഴുള്ള ആവശ്യങ്ങൾ കണക്കിലെടുത്തു് അവയ്ക്കനുസരണമായി പ്രവർത്തിക്കുന്നതിനോ പ്രവർത്തിക്കാതിരിക്കുന്നതിനോ അവർക്കു കഴിയും. യഥാർത്ഥത്തിൽ ഇന്നു് മൌതികശരീരത്തിലെ ഭൂരിപക്ഷം അംഗങ്ങളും പ്രവൃത്തിരഹിതരായി കഴിയുകയാണു്. അതിൻെറ ഫലമോ?

## തിരുസഭയുടെ ഇന്നത്തെ ആവശ്യം

തിരുസ്സഭയുടെ സ്ഥാപനശേഷം നൂററാണ്ടുകൾ ഇരുപതോളം കഴിഞ്ഞിട്ടും മനുഷ്യരിൽ അഞ്ചിൽ നാലുഭാഗത്തിലധികവും സത്യദൈവത്തെ അറിഞ്ഞിട്ടില്ല. അറിയാവുന്നവരിൽ പലരും അറിയാത്തവരെപ്പോലെയോ അതിലും കഷ്ടതരമായ രീതിയിലോ ജീവിക്കുന്നു. ഒരിക്കൽ ക്രൈസ്തവമായിരുന്ന പല രാജ്യങ്ങളും വൈദികരുടെ വിരളതയാൽ നാശഗർത്തത്തിലേക്കു് വീഴുകയാണു്. ഭാരതത്തിൽതന്നെ തൊണ്ണൂററെട്ടു ശതമാനം ജനങ്ങളും ക്രിസ്തുവിനെക്കുറിച്ചു കേട്ടിട്ടില്ല. ഇതിനൊരു പരിഹാരം കാണേണ്ട കടമ നമുക്കില്ലയോ? താൻ നമ്മെസ്നേഹിച്ചതുപോലെ നാം പരസ്പരം സ്നേഹിക്കണമെന്നു് നമ്മുടെ ദിവ്യഗുരു ഒരു ചാവരുളെന്നോണം നമ്മോടു് കല്പിച്ചിട്ടില്ലേ? നമ്മുടെ രക്ഷയ്ക്കുവേണ്ടി അവിടുന്നു കുരിശിൽ തൂങ്ങിമരിച്ചെങ്കിൽ നമ്മുടെ സഹോദരന്മാർക്കുവേണ്ടി മരിക്കുന്നതിനുപോലും നാം തയ്യാറാകേണ്ടതല്ലേ? ഓരോ മനുഷ്യനും ദൈവം കഴിവുകൾ നൽകിയിട്ടുണ്ടു്. അവയ്ക്കു് ആനുപാതികമായി അവിടുത്തെ മഹത്വത്തിനുവേണ്ടി പ്രയത്നിക്കുക. അതാണു് ഈശോ ആവശ്യപ്പെടുന്നതു്. അതിനുതന്നെയാണു് അവിടുന്നു് നിന്നെയുംആഹ്വാനംചെയ്യുന്നതു്.

## അദ്ധ്യായം രണ്ടു്

# ഏതു ജീവിതസ്ഥിതി തിരഞ്ഞെടുക്കണം

"തിരുസഭയിൽ വിവിധ ജോലികളുണ്ടു്. അതിൽ ഏതിനാണു് ഈശോ എന്നെ വിളിക്കുന്നതു്?" എന്നു നീ ചോദിച്ചേക്കാം. അതിനു പെട്ടെന്നൊരുത്തരം പറയുക സാധ്യമല്ല. ഈശോയുടെ മൗതികശരീരമായ തിരുസ്സഭയ്ക്കു ചെയ്യേണ്ടതു് ഈശോ പിതാവിന്റെ മഹത്വത്തിനായി ചെയ്ത ജോലികളെല്ലാമാണു്. അവയെന്തെല്ലാമെന്നും അവ ഓരോന്നിന്റെയും വൈശിഷ്ട്യമെന്തെന്നും ഓരോന്നിനും വേണ്ട കഴിവുകളെന്തെന്നും ചുരുക്കമായി പറയാം. അവ ഗ്രഹിച്ചശേഷം ഏതാണു തിരഞ്ഞെടുക്കേണ്ടതെന്നു് നീതന്നെയാണു തീരുമാനിക്കേണ്ടതു്. എന്തെങ്കിലും ഒരു ജോലിക്കുവേണ്ടി പഠിക്കാനുദ്ദേശിക്കുന്നവർ പ്രധാനമായി മൂന്നു സംഗതികൾ പരിഗണിക്കാറുണ്ടു്. 1) ലഭിക്കാവുന്ന ആദായം. 2) മററുള്ളവർക്കു ലഭിക്കുന്ന നന്മ. 3) വേണ്ടതായ പരീക്ഷ പാസ്സാകുന്നതിനു തങ്ങൾക്കുള്ള കഴിവു്. ഒരു ഡോക്ടരായാൽ ധാരാളം പണം സമ്പാദിക്കാം. സാധുക്കളെ സൗജന്യമായി ചികിത്സിച്ചു സഹായിക്കാം. അതിനാൽ സയൻസിനു വാസനയുള്ള ഒരു യുവാവു് എം. ബി. ബി. എസ്സിനു് പഠിക്കാൻ നിശ്ചയിക്കുന്നതു ശ്ലാഘനീയമാണു്. എന്നാൽ സയൻസിനു തീരെ വാസനയില്ലാത്ത ഒരാളാണു് അതിനൊരുമ്പെടുന്നതെങ്കിൽ പരീക്ഷയിൽ ജയിക്കുക അയാൾക്കു് അസാദ്ധ്യമാകയാൽ അതു ബുദ്ധിപൂർവകമാവില്ല. തിരുസഭയിലും ഉണ്ടല്ലോ പല ജീവിതസ്ഥിതികൾ.

അവയിൽ ചിലതു് അതിൽതന്നെ മററുള്ളവയെക്കാൾ ശ്രേഷ്ഠമായിരിക്കാം. അതുകൊണ്ടു അതൊരു നിർദ്ദിഷ്ടവ്യക്തിക്കു യോജ്യമായിക്കൊള്ളണമെന്നില്ല. അതു് അയാളുടെ കഴിവിനതീതമായിരിക്കാം. കഴിവുണ്ടെങ്കിൽ, അതാണു് ദൈവമഹത്വത്തിനു് ഏററം പററിയ ജീവിതസ്ഥിതി. അതു തിരഞ്ഞെടുക്കുകയാണു കരണീയം. അതിനാണു് ഹൃദയാന്തർഭാഗത്തുനിന്നു് ഈശോ അവനെ അല്ലെങ്കിൽ അവളെ വിളിക്കുന്നതു് എന്നു നമുക്കു ന്യായമായി കരുതാം.

## ഈശോ പിതാവിന്റെ ഇഷ്ടം നിറവേററി

ഈശോ പിതാവിന്റെ മഹത്വത്തിനായി ഇഹത്തിൽ ചെയ്തതെല്ലാം തുടർന്നുകൊണ്ടു പോകുന്നതിനാണു് തന്റെ മൗതികശരീരമായ സഭയെ സ്ഥാപിച്ചതെന്നു പറഞ്ഞല്ലോ. ഇനി ഈശോ എന്തെല്ലാമാണു് ചെയ്തതെന്നു നോക്കാം. ആദം തന്റെ അനുസരണക്കേടാൽ പിതാവിനു നഷ്ടപ്പെടുത്തിയ മഹത്വം പുത്രൻ തന്റെ അനുസരണത്താൽ വീണ്ടെടുത്തു. "ഞാൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവന്നിരിക്കുന്നതു് എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കാനല്ലാതെ എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല." (യോ. VI 38) വീണ്ടും, "എന്റെ പിതാവു് എന്നോടു കല്പിച്ചിട്ടുള്ളതുപോലെ ഞാൻ ചെയ്യുന്നു." (യോഹ. XIV 31) എന്നു ഈശോ തന്നെ അരുളിച്ചെയ്യുന്നു.

അവിടുന്നു തന്റെ പിതാവിന്റെ ഹിതാനുസരണം മുപ്പതുകൊല്ലം വി: യൌസേപ്പിനും മറിയത്തിനും കീഴ്‌വഴങ്ങിക്കൊണ്ടു ജീവിച്ചു. അക്കാലമത്രയും തന്റെ പ്രായത്തിനും പ്രാപ്തിക്കും അനുസരണമായി ഒരു പാവപ്പെട്ട തച്ചന്റെ അദ്ധ്വാനമുള്ള ജോലിചെയ്താണു ജീവിച്ചതു്. പിന്നീടു മൂന്നു കൊല്ലം പലസ്തീനായിൽ ചുററിനടന്നു. രോഗികളെ സുഖപ്പെടുത്തിയും ദൈവരാജ്യം പ്രസംഗിച്ചും, അനുതാപികൾക്കു പാപമോചനം നൽകിയും, അവസാനം പീഡാനുഭവത്തിന്റെ

തലേരാത്രി വി: കുർബാന സ്ഥാപിച്ച്, അതു ലോകാവസാനം വരെ തന്റെ ഓർമ്മക്കായി ആവർത്തിക്കണമെന്നു കല്പിക്കുകയും ചെയ്തു. പിറ്റേദിവസം കാൽവരിമലയിൽ മരക്കുരിശിന്മേൽ, എല്ലാം നിറവേററിയെന്നരുളി ചെയ്തുകൊണ്ടു മരിച്ചു. മൂന്നാം നാൾ ഉയിർത്തെഴുന്നേററു. ഉയർപ്പിന്റെ നാല്പതാം നാൾ സ്വർഗ്ഗത്തിലേയ്ക്കു കരേറി പോവുകയും ചെയ്തു. അങ്ങനെ അവിടുന്ന് പിതാവിന്റെ ഇഷ്ടം നിറവേററി.

## അദ്ധ്യായം മൂന്ന്

# കുടുംബജീവിതം

ഈശോ പിതാവിന്റെ മഹത്വത്തിനായി ചെയ്തതെല്ലാം ഒരു വ്യക്തിക്കുതന്നെ ചെയ്യുവാൻ സാദ്ധ്യമല്ല. അതിനാൽ മൗതികശരീരത്തിന്റെ വിവിധാംഗങ്ങൾക്കായിട്ട് അതു ഭാഗിച്ചുകൊടുത്തിരിക്കുകയാണ്. ബാഹ്യലോകത്തിനറിയപ്പെടാതെ നസ്രസിൽ ഈശോ നയിച്ച രഹസ്യജീവിതത്തിന്റെ ഒരു ഏകദേശ അനുകരണമാണ് ഓരോ ക്രൈസ്തവകുടുംബവും. മഹാഭൂരിപക്ഷം ആളുകളും നയിക്കാൻ ഉദ്ദേശിക്കുന്ന കുടുംബജീവിതം ദൈവത്താൽ അനുഗൃഹീതമാണ്. കുടുംബമാണ് മിശിഹായുടെ മൗതികശരീരത്തിന്റെപ്രാഥമികഘടകം. അത് അവിഭാജ്യവുമാണ്. കുടുംബജീവിതക്കാർ നസ്രസിലെ ആ തിരുക്കുടുംബത്തെ അനുകരിക്കുകയാണ്. അദ്ധ്വാനത്തിലും, അനുദിനജീവിതത്തിന്റെ ക്ലേശങ്ങളിലും ദൈവത്തിന്റെ തിരുവിഷ്ടം കണ്ടുകൊണ്ടുള്ള ആ ജീവിതം ദൈവമഹത്വത്തിന്റെ കാഹളനാദമാണ്. നിത്യപുരോഹിതനായ മിശിഹായെ-ബലിവസ്തുവായ മിശിഹായെ ആ കുടുംബത്തി

ൻെറ വിഹായസ്സിൽ യൗസേപ്പും മറിയവും വളർത്തിയെടുത്തു നിത്യപിതാവിനർപ്പിച്ചു. ഒരു ഉത്തമ ക്രൈസ്തവകുടുംബവും ഭാവിയിലെ പുരോഹിതന്മാർക്കും സന്യാസിനീസന്യാസികാംക്കും രൂപംനൽകുകയാണ്. ഈ സേവനം അഭികാമ്യവും അതുല്യവുമാണ്. അതിൻെറ പ്രതിസമ്മാനവും ഊഹാതീതമായിരിക്കും. അതിനാൽ കുടുംബജീവിതം അവശ്യാവശ്യവും പരിപാവനവും അതിൽതന്നെ ബഹുമാനവുമാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. അനാരോഗ്യമോ, വൈവാഹികജീവിതത്തിനു അപ്രാപ്തമായ ശാരീരികവൈകല്യമോ, കുടുംബംപുലർത്തിക്കൊണ്ടുപോകുവാൻ നിവൃത്തിയില്ലാത്ത മററു വല്ല സാഹചര്യങ്ങളോ ഇല്ലാത്ത പക്ഷം എല്ലാവർക്കും കുടുംബജീവിതം സ്വീകരിക്കത്തക്ക രീതിയിലാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നതു്. തൻമൂലം കുടുംബജീവിതം കഴിക്കാനുദ്ദേശിക്കുന്നവരുടെ ഗുണഗണങ്ങളെ ഇവിടെ പ്രതിപാദിക്കണമെന്നു കരുതുന്നില്ല.

എങ്കിലും ഒരു വസ്തുത ഓർമ്മിപ്പിക്കുന്നു. ആ ജീവിതം വളരെ ഉത്തരവാദിത്വമുള്ളതാണ്. അതിൽ പ്രവേശിക്കുന്നവരിൽനിന്നു ദൈവം വലിയ കാര്യങ്ങാം പ്രതീക്ഷിക്കുന്നുണ്ട്. അതു് ശരിക്കു മനസ്സിലാക്കി ശരിയായ ധാരണയോടും പതറാത്ത മനഃശുദ്ധിയോടുംകൂടി വേണം അതിലേയ്ക്കു കാലുകുത്തുവാൻ.

## മററുജീവിതരീതികളും ആവശ്യം

കുടുംബം മിശിഹായുടെ മൗതികശരീരത്തിൻെറ ഒരു അവശ്യഘടകമാണ്. ശരിതന്നെ. ഏറെക്കുറെ എല്ലാ മനുഷ്യർക്കും കുടുംബജീവിതത്തിനുള്ള പ്രവണത ഉണ്ടുതാനും. എങ്കിലും എല്ലാവരും ആ വഴിക്കു തിരിഞ്ഞാൽ അത്യാവശ്യമായ മററു പല സംഗതികളും നടക്കാതെ വരും. വി: പൌലോസ്ലീഹാ ചോദിക്കുന്നതുപോലെ, "ശരീരം മുഴുവനും കണ്ണുക

ളായിരുന്നെങ്കിൽ ശ്രവണം എവിടെ ആകുമായിരുന്നു? മുഴുവൻ ശ്രവണമായിരുന്നെങ്കിൽ എങ്ങനെ ഘ്രാണിക്കുമായിരുന്നു? (1 കൊറി. XII 17) അതുകൊണ്ടു് കുടുംബജീവിതം നല്ലതും ശ്ലാഘനീയവുമായിരുന്നാലും അതുപേക്ഷിച്ചുകൊണ്ടു് അതിനെക്കാറം നല്ല ചില ജീവിതരീതികറം കുറേപ്പേരെങ്കിലും സ്വീകരിച്ചേ മതിയാവൂ. ആരുടേയും നിർബന്ധംകൂടാതെ ഈശോയോടുള്ള സ്നേഹത്തെക്കുറിച്ചു സ്വമനസാ അവർ അതു സ്വീകരിക്കണമെന്നാണു് ദൈവനിശ്ചയം. ആ വിശിഷ്ട ജീവിതരീതികറം എന്തെല്ലാമാണെന്നു നോക്കാം.

അദ്ധ്യായം നാലു്

## സന്യാസജീവിതം

സാധാരണ കുടുംബജീവിതം തിരുക്കുടുംബത്തിൽ ഈശോ നയിച്ച ജീവിതത്തിന്റെ ഒരു ഏകദേശ മാതൃകയാണെന്നാണല്ലോ പറഞ്ഞതു്. അതിന്റെ പൂർണ്ണമായ മാതൃക സന്യാസജീവിതമാണു്.

മിശിഹാ സകലത്തിന്റെയും അധിനാഥനായ ദൈവമാണു്. അവിടുന്നു് ദരിദ്രരിൽ ദരിദ്രനായി ബ്രഹ്മചാരിയായിട്ടാണു് ജീവിച്ചതു്. തന്റെ സൃഷ്ടികളായ രണ്ടു മനുഷ്യരിൽ പിതാവിന്റെ തിരുവിഷ്ടം ദർശിച്ചു് അവർക്കു കീഴ്‌വഴങ്ങിയാണു് ജീവിച്ചതു്. ആ ജീവിതമാണു് ഒരു സന്യാസിയുടേതു്. സന്യാസി ദരിദ്രനാണു്, ബ്രഹ്മചാരിയാണു്, അനുസരണത്തിനു് ബാദ്ധ്യസ്ഥനമാണു്. ഈ ജീവിതരീതി മിശിഹാ ഉപദേശിച്ചിട്ടുള്ളതാണെന്നു് വേദപുസ്തകത്തിൽനിന്നു കാണാം. പ്രമാണങ്ങറം അനുസരിച്ചു ജീവിച്ചിരുന്ന ധനി

കനായ ഒരു യുവാവിനോട്ട് "നിനക്കു് പരിപൂർണ്ണനാകാൻ മനസ്സുണ്ടെങ്കിൽ പോയി നിൻെറ മുതൽ വിററു് ദരിദ്രർക്കു കൊടുക്കുക. നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. പിന്നെ എൻെറ പിന്നാലെ വരുക." എന്നു് അവിടുന്നു അരുളിച്ചെയ്തു. (മത്തായി XIX, 21) "എൻെറ പിന്നാലെ വരുവാൻ മനസ്സുള്ളവൻ തന്നെത്തന്നെ പരിത്യജിച്ചു് തൻെറ കുരിശെടുത്തുകൊണ്ടു് എൻെറ പിന്നാലെ വരട്ടെ" (മത്തായി XVI, 24) "സ്വർഗ്ഗരാജ്യത്തെക്കുറിച്ചു് തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുണ്ടു്. സ്വീകരിക്കുവാൻ കഴിയുന്നവൻ സ്വീകരിക്കട്ടെ." (മത്താ XIX, 12) കൂടുതൽ പരിപൂർണ്ണവും ഉത്തമവുമായ ജീവിതം നയിച്ചു് ദൈവത്തെ സേവിക്കുക. ശക്തിയും ശ്രദ്ധയും അവിഭക്തമായി ദൈവത്തിനർപ്പിക്കുക, ഇവയ്ക്കായി അവിവാഹിതനായി ജീവിച്ചുകൊള്ളാമെന്നു് സ്വയം ദൃഢവ്രതമെടുക്കുന്നവനാണു് തന്നെത്തന്നെ ഷണ്ഡനാക്കുന്നവൻ. അവൻ പ്രതിലോമശക്തികളെ അക്ഷോഭ്യനായി നേരിടും. പ്രലോഭനങ്ങളിലും അഭിനിവേശങ്ങളിലും ചിന്നിച്ചിതറിപ്പോകുന്ന വ്യക്തിത്വത്തിൻെറ ശക്തിമുഴുവൻ ആ ഏക ലക്ഷ്യത്തിലേക്കു തിരിച്ചുവിടും. ആത്മപരിശുദ്ധിയിൽനിന്നു് ഉടലെടുക്കുന്ന അടങ്ങാത്തസേവനമാണാ ജീവിതത്തിൻെറ ലക്ഷ്യം.

മേലുദ്ധരിച്ച വാക്യങ്ങളിൽനിന്നു് പരിപൂർണ്ണരാകാൻ ആഗ്രഹിക്കുന്നവർ തങ്ങൾക്കുള്ളതെല്ലാം പരിത്യജിച്ചു് ദരിദ്രരാകണമെന്നും, തന്നത്താൻ അതായതു സ്വന്തമനസ്സിനെ പരിത്യജിക്കണമെന്നും സ്വർഗ്ഗരാജ്യത്തെക്കുറിച്ചു ബ്രഹ്മചര്യജീവിതം നയിക്കണമെന്നും നമുക്കു ധരിക്കാം. അവിവാഹിതജീവിതം കർത്താവിനെ പ്രസാദിപ്പിക്കാൻ കൂടുതൽ പര്യാപ്തമാണെന്നു വി: പൌലോസു പറയുന്നതും ശ്രദ്ധേയമാണു്. "ഇതിനാൽ നിങ്ങൾ ചിന്താകുലതക്കൂടാതെയിരിക്കണമെന്നാകു്

എൻെറ ആഗ്രഹം. ഭാൎയ്യയില്ലാത്തവൻ തൻെറ കൎത്താവി നെ എങ്ങനെ പ്രസാദിപ്പിക്കാം എന്നു കരുതി അവിടുത്തെ സംബന്ധിക്കുന്നവ വിചാരിക്കുന്നു. ഭാൎയ്യയുള്ളവനാകട്ടെ ഭാൎയ്യയെ എങ്ങനെ പ്രസാദിപ്പിക്കാം എന്നു കരുതി ലോകസംബന്ധമായവയെപ്പററി വിചാരപ്പെടുന്നു. ഭാൎയ്യക്കും കന്യകക്കും തമ്മിലും വ്യത്യാസമുണ്ടു്. പുരുഷനു ഭാൎയ്യയായിത്തീൎന്നിട്ടില്ലാത്തവൾ തൻെറ ശരീരത്തിലും ആത്മാവിലും പരിശുദ്ധയായിരിക്കേണ്ടതിനു തൻെറ കൎത്താവിനെപ്പററി ചിന്തിക്കുന്നു. ഭൎത്താവുള്ളവൾക്കു്, ഭൎത്താവിനെ എങ്ങനെ പ്രസാദിപ്പിക്കാം എന്നുവച്ചു ലോകത്തെപ്പററിയാണു ചിന്ത" (1. കൊ VII 32- 34)

## സന്യാസവൃത്തി

മുൻപ്രസ്താവിച്ചവിധം മിശിഹായുടെ മാതൃകയും ഉപദേശവും അനുസരിച്ചു് ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം, എന്ന സുവിശേഷസൽബുദ്ധികൾ അനുവൎത്തിച്ചു പുണ്യപൂൎണ്ണതക്കായി ശ്രമിച്ചുകൊള്ളാമെന്ന വ്രതത്താൽ പാപത്തിൻകീഴു് സ്വയം കടപ്പെടുത്തികൊണ്ടു് ഒരു നിയമത്തിൻകീഴു് സംഘാതമായി ജീവിക്കുവാൻ ഉദ്ദേശിക്കുന്നവർ തിരുസ്സഭയുടെ അംഗീകാരത്തോടുകൂടെ സ്വീകരിക്കുന്ന സുസ്ഥിരമായ ഒരു ജീവിതരീതിയാകുന്നു സന്യാസവൃത്തി.

## സന്യാസവൃത്തിയുടെ മാഹാത്മ്യം

മനുഷ്യരെല്ലാവരും ദൈവത്തെ തങ്ങളുടെ പൂൎണ്ണഹൃദയത്തോടും, പൂൎണ്ണാത്മാവോടും, പൂൎണ്ണശക്തിയോടും, പൂൎണ്ണമനസ്സോടുംകൂടെ സ്നേഹിക്കണമെന്നാണല്ലോ ദൈവകല്പന. നമ്മുടെ ആത്മാവും ശരീരവും അവയുടെ സകല കഴിവുകളും, നാം അനുഭവിക്കുന്ന സകല ബാഹ്യവസ്തുക്കളും ദൈവത്തിൽനിന്നു ലഭിച്ചവയാണ്. അപ്പോൾ നമ്മുടെ സൎവ്വശക്തിയോ

ടുംകൂടി ദൈവത്തെ സ്നേഹിക്കയെന്നതു് വെറും നീതിമാത്രമല്ലേ? എങ്കിലും മനുഷ്യരിൽ മഹാഭൂരിപക്ഷവും അങ്ങനെ ചെയ്യുന്നില്ല. വി: യോഹന്നാൻ ശ്ലീഹായുടെ വാക്കുകളിൽ "ലോകത്തിലുള്ളതെല്ലാം ശരീരത്തിൻെറ ദുരാശയാകുന്നു; കണ്ണുകളുടെ ദുരാശയാകുന്നു; ലൌകികാഭിമാനവുമാകുന്നു." (1 യോഹ. 11, 16) മററുവാക്കുകളിൽ പറഞ്ഞാൽ ജഡമോഹവും ദ്രവ്യാഗ്രഹവും സ്വാതന്ത്ര്യപ്രിയവും ദൈവത്തെ സ്നേഹിക്കുന്നതിനു് വലിയ വിഘാതമായി നിൽക്കുന്നു. എത്ര നന്നായി ജീവിക്കണമെന്നു് ആഗ്രഹിക്കുന്നവനും ജീവസന്ധാരണത്തിനാവശ്യമായ വസ്തുക്കാം അന്വേഷിക്കണം. കുടുംബഭാരം പേറണം. അവയുടെ സമ്മർദ്ദത്തിൽ എങ്ങനെയാണു് ഓരോ അവസരത്തിലും ദൈവഹിതം എന്താണെന്നു് അറിയുക? വളരെ ദുഷ്കരമാണതു്. അങ്ങനെ, അനുദിനജീവിതം തന്നെ പൂർണ്ണഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിക്കുന്നതിനു് പലപ്പോഴും അവനു് തടസ്സമായിട്ടാണു് തീരുന്നതു്.

ഒരു സന്യാസിക്കു് ആവക പ്രശ്നങ്ങളെല്ലാം പ്രായോഗികതലത്തിൽനിന്നു നീക്കപ്പെട്ടിരിക്കുകയാണു്, അവൻെറ വ്രതങ്ങളിലൂടെ. അവൻെറ കഴിവിൻെറ ഓരോ ബിന്ദുവും ദൈവത്തിനു പ്രതിഷ്ഠിതമാണു്. അവിടുത്തെ സ്നേഹിക്കുന്നതിനും മഹത്വപ്പെടുത്തുന്നതിനും അവനു യാതൊരു പ്രതിബന്ധവുമില്ല. ഹാ, എത്ര സൌഭാഗ്യസംദായകമാണു് ഒരു സന്യാസിയുടെ ജീവിതം!

സന്യാസവ്രതങ്ങാം സ്വർഗ്ഗത്തിലേക്കു പറന്നെത്തുന്നതിനുള്ള ചിറകുകളാണെന്നു പറയാം. ലൌകികവസ്തുക്കാം ഉപേക്ഷിക്കുന്നതോടെ സ്വർഗ്ഗീയസമ്പത്തുകാംക്കു് അവനർഹനാകുന്നു. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടെതാകുന്നു." (മത്താ V. 3.) ബ്രഹ്മചര്യവ്രതത്താൽ സ്നേഹിക്കുവാനുള്ള കഴിവുമുഴുവനായും ദൈവത്തി

ന്നു കൊട്ടുക്കയാണവൻ. അതോടെ ദൈവികകാര്യങ്ങൾ ഗ്രഹിക്കുവാൻ അവനു ശക്തിലഭിക്കുന്നു "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ദൈവത്തെക്കാണും" (മത്താ V: 8) അനുസരണവ്രതം വഴി സ്വന്തമനസ്സിനെ സംത്യജിക്കുന്നവർ തൽസ്ഥാനത്തു ദൈവതിരുമനസ്സിനെത്തന്നെ പ്രതിഷ്ഠിക്കുകയാണു ചെയ്യുന്നതു്. നല്ല സന്യാസിചെയ്യുന്ന സകലപ്രവൃത്തികളും—കളിയും കുളിയും ഊണും ഉറക്കവുംമല്ലാം—അവ അനുസരണത്താൽ നിയന്ത്രിതമാകയാൽ, ദൈവഹിതാനുസാരമാണു് ചെയ്യുന്നതെന്നവനു ധൈര്യപ്പെടാം. അവയെല്ലാം നിമിഷംപ്രതി അവൻെറ പ്രസാദവരസമ്പത്തും സ്വർഗ്ഗീയസൗഭാഗ്യവും വർദ്ധിപ്പിക്കുന്നു.

തീവണ്ടിക്കു റെയിൽപ്പാളമെന്നപോലെയാണു്, സന്യാസിക്കു വ്രതങ്ങൾ. പാളത്തിൽ കിടക്കുന്ന തീവണ്ടിക്കു വലിയ ഭാരവും വഹിച്ചുകൊണ്ടു് അതിശീഘ്രം ഓടാൻ സാധിക്കുന്നതുപോലെ വ്രതങ്ങൾ അനുസരിച്ചു ജീവിക്കുന്ന സന്യാസിക്കു വലിയ പുണ്യഭാരവും പേറിക്കൊണ്ടു് അതിശീഘ്രം പരിപൂർണ്ണതയിലേക്കു പുരോഗമിക്കാം.

വിശുദ്ധി പ്രാപിക്കുന്നതിനു് സന്യാസജീവിതത്തെക്കാൾ വിശിഷ്ടമായി മറെറാരു ജീവിതസ്ഥിതിയുമില്ല. ആദ്യത്തെ മൂന്നു നൂററാണ്ടുകളിൽ തിരുസ്സഭയ്ക്കു് എല്ലാ ജീവിതാവസ്ഥയിൽ പെട്ടവരിൽനിന്നും അനേകം രക്തസാക്ഷികളെ ലഭിച്ചിട്ടുണ്ടു്. അതിനുശേഷം ഉണ്ടായിട്ടുള്ള വിശുദ്ധരിൽ തൊണ്ണൂറു ശതമാനവും സന്യാസികളായിരുന്നു എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണു്. രക്ഷപ്പെടുന്നതിനു്– പോരാ, സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിനു തന്നെ, സന്യാസത്തെക്കാൾ വൈശിഷ്ട്യമുള്ള ജീവിതരീതിയില്ലെന്നു നിസ്സംശയം പറയാം.

"ഇതരജീവിതാവസ്ഥകളെയപേക്ഷിച്ച് വളരെ കുറഞ്ഞ പരിചിന്തനം ആവശ്യപ്പെടുന്നതും, തിരഞ്ഞെടുക്കുന്നതിൽ മററുള്ളവയെക്കാൾ കുറച്ചുമാത്രം സംശയം ജനിപ്പിക്കുന്നതും, സന്യാസജീവിതമത്രേ. കാരണം, ആത്മാവിനെ രക്ഷിക്കുന്ന കാര്യത്തിൽ വിഷമതകൾ ഏററം കുറച്ചും സുരക്ഷിതമാർഗ്ഗങ്ങൾ ധാരാളവുമുള്ളതു് ഈ ജീവിതാവസ്ഥയിലാണു്." എന്നു് മോൺസിഞ്ഞോർ മാലോ പ്രസ്താവിക്കുന്നതു് തികച്ചും വാസ്തവമാണു്.

സന്യാസജീവിതത്തിൽനിന്നും ലഭിക്കുന്ന സഹായങ്ങളെക്കുറിച്ച് വിശുദ്ധ്ബർണാദു പറയുന്നതിപ്രകാരമാണു്.

"1. അവർ അധികം പരിശുദ്ധരായി ജീവിക്കുന്നു.
2. ദുർലഭമായിമാത്രം പാപത്തിൽ വീഴുന്നു.
3. വളരെവേഗത്തിൽ കുററങ്ങളിൽനിന്നു് എഴുന്നേല്ക്കുന്നു.
4. കൂടുതൽ സൂക്ഷ്മത്തോടുകൂടി മുൻപോട്ടുപോകുന്നു.
5. അധികദാനങ്ങൾ സ്വീകരിക്കുന്നു.
6. വളരെ സമാധാനത്തോടെ ജീവിക്കുന്നു.
7. വലിയ ശരണത്തോടെ മരിക്കുന്നു.
8. വേഗത്തിൽ ശുദ്ധീകരിക്കപ്പെടുന്നു.
9. വളരെ, ധാരാളമായി സമ്മാനിക്കപ്പെടുന്നു."

മേല്പറഞ്ഞ കാരണങ്ങളാൽ ഒരു ക്രിസ്ത്യാനിക്കു ലഭിക്കാവുന്നതിൽ ഏററവും വലിയ അനുഗ്രഹം സന്യാസത്തിലേക്കുള്ള ദൈവവിളിയാണു്.

## അദ്ധ്യായം അഞ്ച്

# സന്ന്യാസത്തിൻെറ വിവിധശാഖകൾ

സന്ന്യാസജീവിതം പ്രധാനമായി ധ്യാനോദ്യുക്തമെന്നും (contemplative) കർമ്മോദ്യുക്തമെന്നും (active) രണ്ടായി വിഭജിക്കപ്പെടുന്നു. ധ്യാനോദ്യുക്ത സഭകളിൽ ചിലതു് ആശ്രമത്തിനുപുറത്തു യാതൊരു ലൌകികപ്രവൃത്തികൾക്കും പോകാതെ മുഴുവൻ സമയവും പ്രാർത്ഥനയിലും തപസ്സിലും ചെലവഴിക്കുന്നു. തപസ്സിൻെറ ഒരു പ്രധാനഭാഗം കൃഷിപ്പണി, ആശാരിപ്പണി മുതലായ വേലകളായിരിക്കും. അവർ നിരന്തര ദൈവസ്മരണയ്ക്കു തടസ്സം വരാതിരിക്കാൻ എപ്പോഴും മൗനം ആചരിക്കുന്നു. പിതാവിൻെറ ഹിതാനുസരണം നമ്മുടെ കർത്താവു് നസ്രസിൽ ജീവിച്ച മുപ്പതുകൊല്ലവും യാതൊരു മതപ്രസംഗവുംചെയ്യാതെ പ്രാർത്ഥനയിലും കൈവേലയിലുമാണല്ലോ സമയം ചെലവഴിച്ചതു്. വെറും ലോകദൃഷ്ടിയിൽ, അക്കാലം മുഴുവൻ മനുഷ്യരക്ഷയ്ക്കു് ഉപകാരമൊന്നുമില്ലാതെ പാഴാക്കിക്കളയുകയായിരുന്നു. യഥാർത്ഥത്തിൽ, അതിൽ ഓരോ വിനാഴികയും ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വളരെ ഉപകരിക്കുന്നുണ്ടായിരുന്നു.

### ധ്യാനയോഗസന്ന്യാസത്തിൻെറ മാഹാത്മ്യം

മിശിഹായുടെ അജ്ഞാതജീവിതത്തെ അനുകരിച്ചു് ധ്യാനപ്രസംഗത്തിനോ കുമ്പസാരം കേൾക്കുന്നതിനോ ഒന്നും പുറത്തുപോകാതെ കേവലം ധ്യാനോദ്യുക്തരായിക്കഴിയുന്ന സന്ന്യാസികൾ സ്വാർത്ഥതല്പരരും ഉപയോഗശൂന്യരും ആണെന്നു ലോകം വിധിച്ചേക്കാം. എന്നാൽ സത്യമായ വിധി പറയാൻ പ്രാപ്തിയുള്ള തിരുസ്സഭാതലവൻ പതിനൊന്നാം പീയൂ

സ്സ് മാർപ്പാപ്പാ അസന്നിഗ്ദ്ധമായി പ്രസ്താവിയ്ക്കുകയാണ്: "ലോക മായങ്ങളിൽനിന്നും ആകുലചിന്തകളിൽനിന്നും അകന്നു്, ദൈവരഹസ്യങ്ങളെക്കുറിച്ചും നിത്യസത്യങ്ങളെക്കുറിച്ചും ധ്യാനിക്കുന്നതിനും, ദൈവരാജ്യപ്രചാരത്തിനുവേണ്ടി നിരന്തരം ദൈവത്തോടു പ്രാർത്ഥിക്കുന്നതിനും, നിയമാനുസരണമുള്ള മാനസികവും കായികവുമായ പ്രായശ്ചിത്തപ്രവൃത്തികളാൽ തങ്ങളുടെയും അതിലധികമായി തങ്ങളുടെ സഹോദരന്മാരുടെയും പാപപരിഹാരം ചെയ്യുന്നതിനുമായി ഏകാന്തജീവിതം ആശ്ലേഷിച്ചിരിക്കുന്ന ഇവർ ബഥനിയിലെ മറിയത്തെപ്പോലെ അസന്നിഗ്ദ്ധമായി ഏറ്റവും നല്ലഭാഗം തിരഞ്ഞെടുത്തിരിക്കുന്നു എന്നു പറയുന്നതിനു നമുക്കവകാശമുണ്ടു്. ദൈവം അതിനായി വിളിക്കുന്നപക്ഷം തിരഞ്ഞെടുക്കുവാനോ ആഗ്രഹിക്കുവാനോ മനുഷ്യർക്കു നിർദ്ദേശിച്ചുകൊടുക്കുവാൻ ഇതിനെക്കാരം മെച്ചമായ ഒരു ജീവിതരീതിയില്ലതന്നെ......ബാഹ്യമായ സകലവിധ ലൗകികജോലികളിൽനിന്നും പിന്മാറി, തങ്ങളുടെ ചെറുമുറികളുടെ ഏകാന്തതയിൽ ജീവിച്ചുകൊണ്ടു്, സ്വർഗ്ഗീയ യാഥാർത്ഥ്യങ്ങളെപ്പററി ധ്യാനിക്കുന്നതിനു തങ്ങളെത്തന്നെ മുഴുവനായി പ്രതിഷ്ഠിച്ചിരിക്കുന്ന ഈ ധ്യാനോദ്യുക്ത സന്യാസസഭകരം ക്രിസ്തീയസമുദായത്തിനു ചെയ്തിട്ടുള്ള മഹാസേവനങ്ങരം അത്ഭുതാവഹമാണ്." Apostolic constitution "Umbratilem" to the carthusian Order 8th July 1924.)

ഈ പരിശുദ്ധപിതാവുതന്നെ 1926 ഫെബ്രു: 28-ാം തീയതി "റേരും എക്ലേസിയെ" എന്ന ചാക്രിക ലേഖനത്തിൽ സന്യാസസഭാ ശ്രേഷ്ഠന്മാരോടും മെത്രാന്മാരോടും ഉപദേശിക്കുകയാണ്: "മിഷൻ പ്രദേശങ്ങളിൽ ധ്യാനോദ്യുക്തസന്യാസാശ്രമങ്ങരം ധാരാളമായി സ്ഥാപിച്ചു് അവരുടെ കർക്കശമായ താപസജീവിതം നടപ്പിലാക്കുവാൻ നിങ്ങരം ശ്രദ്ധിക്കണം. എന്തെന്നാൽ, ഏകാന്തതയിൽ വസിക്കുന്ന

ഈ സന്ന്യാസികൾ എത്ര സമൃദ്ധമായി സ്വർഗ്ഗീയാനുഗ്രഹങ്ങൾ നിങ്ങളുടെ മേലും നിങ്ങളുടെ അദ്ധ്വാനങ്ങളിന്മേലും പൊഴിക്കു മെന്നതു് അത്ഭുതകരമാണു്."

വലിയ പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വിളക്കു കത്തിക്കുന്നതിനും പങ്കാകറക്കുന്നതിനും ഫാക്ടറികളിലെ യന്ത്രങ്ങൾ തിരിക്കുന്നതിനും ഉപയോഗിക്കുന്ന വിദ്യുച്ഛക്തി, വിദൂരത്തിൽ ജനവാസമില്ലാത്ത വല്ല അരണ്യത്തിലുമുള്ള പൗവ്വർ ഹൗസിൽ നിന്നാണല്ലോ വരുന്നതു്. അതുപോലെ മററുള്ളവർ ഫലപ്രദമായ പ്രേഷിതജോലികൾ ചെയ്യുന്നതിനുവേണ്ട ശക്തി സംഭരിച്ചു വിതരണം ചെയ്യുന്ന ശക്തികേന്ദ്രങ്ങളാണു്— ആദ്ധ്യാത്മികപൗവ്വർഹൗസുകളാണു് ധ്യാനോദ്യുക്തസന്ന്യാസ സ്ഥാപനങ്ങൾ. അവ മിശിഹായുടെ മൗതികശരീരത്തിൻെറ ഹൃദയമാണെന്നു പറയാം. ഹൃദയം പുറമെ കാണപ്പെടാതെ ശരീരത്തിൻെറ ഉള്ളിൽ രഹസ്യമായിരുന്നുകൊണ്ടു അതിൻെറ നാനാഭാഗങ്ങളിലേക്കും രക്തം പമ്പുചെയ്തു കൊടുക്കുന്നതുകൊണ്ടാണല്ലോ അവയെല്ലാം സജീവമായി പ്രവൎത്തിക്കാൻ സാധിക്കുന്നതു്.

നിരന്തരധ്യാനത്താലും തപഃക്രിയകളാലും ദൈവവുമായി ഗാഢമായ ഐക്യത്തിൽ ജീവിക്കുന്നവർക്കു അവിടത്തെ പക്കലുള്ള സ്വാധീനശക്തി അസാധാരണമാണു്. ധ്യാനോദ്യുക്തജീവിതം നയിച്ചിരുന്ന വി: കൊച്ചുത്രേസ്യാ "എൻെറ നല്ല ദൈവം ഞാൻ ചോദിക്കുന്നതെല്ലാം എനിക്കു തരും." എന്നു സധൈര്യം പറഞ്ഞിരുന്നു. അവളുടെ പ്രതീക്ഷ അസ്ഥാനത്തായില്ലെന്നു മരണശേഷം അവൾ പ്രവർത്തിച്ച അനേകം അത്ഭുതങ്ങൾ തെളിയിക്കുകയും ചെയ്യുന്നു.

ധ്യാനോദ്യുക്തസഭയിൽ ചേരരുതോ?

പ്രിയ കുഞ്ഞനിയാ, അനിയത്തി, തമിഴർ പറയുന്നതു പോലെ 'ചോററുക്കു ചേതവും പൂമിക്കു പാരവും' ആയി ലോ

കത്തിനു യാതൊരുപകാരവും ചെയ്യാതെ ജീവിക്കണമെന്നാണോ, അതോ, പാട്ടുള്ളിടത്തോളം നന്മചെയ്യണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നതു്? നിശ്ചയമായും എന്തുത്യാഗവും സഹിച്ചു നിങ്ങൾക്കു പാട്ടുള്ള നന്മ (നൂറു ശതമാനവും ) ചെയ്യണമെന്നേ നിസ്വാർത്ഥവും വിശാലവുമായ നിങ്ങളുടെ മനസ്സു്, ആഗ്രഹിക്കൂ. അങ്ങനെയെങ്കിൽ, ഒരു ധ്യാനോദ്യുക്ത സഭയിൽ ചേർന്നുകൂടേ എന്നാലോചിച്ചുനോക്കുക; പ്രാർത്ഥനാനിരതയായി ആലോചിക്കുക.

അതിനുള്ള യോഗ്യത നിങ്ങൾക്കുണ്ടോ എന്നു നിങ്ങൾ സംശയിക്കുന്നുണ്ടാവും. സജീവമായ വിശ്വാസവും ആഴമായ എളിമയും സാമാന്യമായ ആരോഗ്യവും നിങ്ങൾക്കുണ്ടെങ്കിൽ ധാരാളം മതി. പഠിക്കാൻ നല്ല കഴിവുണ്ടെങ്കിൽ വൈദികരാകാം. കഴിവു കുറവാണെങ്കിൽ സഹോദരന്മാരാകാം. പുരുഷന്മാർക്കായി പൂഞ്ഞാററിൽ കുരിശുമലയുടെ സമീപം ഒരു സിസ്റ്റേഴ്സ്യൻ ആശ്രമമുണ്ടു്. Very Rev Fr. Prior, Kurisumala Asram, Fairfield P. O. എന്ന മേൽവിലാസത്തിൽ എഴുതിച്ചോദിച്ചാൽ കൂടുതൽ വിവരങ്ങളറിയാം. സ്ത്രീകൾക്കായി കോട്ടയത്തു കഞ്ഞിക്കുഴിയിലും തിരുവല്ലായിലും കർമ്മലീത്താ രണ്ടാംസഭയുടെ മഠങ്ങളുണ്ടു്. Rev. Mother Superior, Cloistered Carmelite Convent Kanjikuzhi, Kottayam എന്ന വിലാസത്തിൽ എഴുതണം.

"സന്യാസജീവിതത്തിനായി ദൈവത്താൽ വിളിക്കപ്പെട്ടന്നെങ്കിൽ മനുഷ്യർക്കു് ആഗ്രഹിക്കുവാനും തെരഞ്ഞെടുക്കുവാനും അതിൽപരം ഉൽകൃഷ്ടമായ മറെറാരു ജീവിതാന്തസ്സുമില്ല." (Pius XI "Umbratilem" 1923)

## കമ്മ്മാദ്യുക്ത (active) സഭകൾ

ഇനി കമ്മ്മാദ്യുക്തസഭകളെപ്പററി പറയാം. പ്രസ്തുത സഭകൾ നമ്മുടെ കത്താവു് പരസ്യജീവിതത്തിൽ ചെയ്ത പ്രവൃത്തികൾ തുടൎന്നുചെയ്യുവാൻ സ്ഥാപിതമായവയാണു്. മതപ്രസംഗം ചെയ്യുക, കുട്ടികളെയും യുവാക്കന്മാരെയും പഠിപ്പിക്കുക, ക്ലദാശകൾ പരികമ്മ്മം ചെയ്യുക, ആശുപത്രികൾ അനാഥശാലകൾ മുതലായവ നടത്തുക, ഇങ്ങനെ അനേകം ശ്ലൈഹികജോലികൾ പുരുഷന്മാരുടെയും സ്ത്രീകളുടെയും സന്യാസസഭകൾ നടത്തുന്നുണ്ടു്.

കമ്മ്മാദ്യുക്തസഭകൾ എന്നു പറഞ്ഞതുകൊണ്ടു അവക്കു ധ്യാനമില്ലെന്നു കരുതരുതു്. സഭാ നിയമമനുസരിച്ചു ധ്യാനത്തിനായി കുറെ സമയം നിർദ്ദേശിച്ചിട്ടുണ്ടു്. എന്നല്ലാ, അവരുടെ ബാഹ്യപ്രവത്തനങ്ങളുടെ ഫലം അവരുടെ ധ്യാനപരമായ ജീവിതത്തെ ആശ്രയിച്ചാണിരിക്കുന്നതു്. "എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല." (യോ XV. 5) എന്നു നമ്മുടെ ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ. തനി ധ്യാനോദ്യുക്തസന്യാസികൾ ബാഹ്യപ്രവർത്തനങ്ങൾ മുഴുവനായി ഉപേക്ഷിച്ചു പ്രാത്ഥിക്കുമ്പോൾ, കമ്മ്മാദ്യുക്ത പ്രാത്ഥനയോടുകൂടെ ബാഹ്യപ്രവത്തനങ്ങളും നടത്തുന്നു.

ധ്യാനത്തിൽനിന്നു ലഭിക്കുന്ന ദൈവസ്നേഹത്തിൻെറ ബാഹ്യ പ്രകടനം എന്നരീതിയിൽ ശ്ലൈഹികജോലികൾകൂടി ചെയ്യുന്ന സഭകൾ തനി ധ്യാനോദ്യുക്തസഭകളെക്കാറം നല്ലതാണെന്നു വി. തോമ്മാ മല്പാൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. തദനുസരണം മറിയത്തിൻെറ പ്രാത്ഥനാചൈതന്യവും മത്തായുടെ പ്രവത്തനാചൈതന്യവുംകൂടി സംയോജിച്ചിട്ടുള്ള സഭകളാണു് സന്യാസസഭകളിൽ മഹാഭൂരിപക്ഷവും. പ്രാത്ഥന, പ്രവർത്തനം ഇവയുടെ അനുപാതത്തിൻെറ വിഷയത്തിൽ, സഭകൾ

തമ്മിൽ വ്യത്യാസമുണ്ട്. എങ്കിലും പ്രാർത്ഥന അഥവാ ധ്യാനംകൂടാതെ വെറും പ്രവർത്തനം മാത്രമുള്ള സഭകൾ ഒന്നുംതന്നെയില്ല.

ധ്യാനോദ്യുക്തമെന്ന് അറിയപ്പെടുന്ന ചില സഭകൾ അവരുടെ ധ്യാനജീവിതത്തിന്ന വിഘാതമാകാത്തവിധം ധ്യാനം പ്രസംഗിക്കുകയും പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിക്കയും ചില സാമൂഹ്യസേവനങ്ങൾ അനുഷ്ഠിക്കയും ചെയ്യാറുണ്ട്. കർമ്മലീത്താ സഭയും ബനഡിക്റ്റൈറൻ സഭയും ഈ കൂട്ടത്തിൽപെട്ടവയാണ്.

കർമ്മോദ്യുക്തസഭകളെയും ധ്യാനോദ്യുക്തസഭകളെയും പുരുഷന്മാരുടെതെന്നും സ്ത്രീകളുടെതെന്നും രണ്ടായി ഭാഗിക്കാം. പുരുഷന്മാരുടെ സഭകളെത്തന്നെ വൈദികരുടെതെന്നും സഹോദരന്മാരുടെതെന്നും വീണ്ടും രണ്ടായി ഭാഗിക്കാം.

ഏതുതരത്തിൽ പെട്ടതാണെങ്കിലും, എല്ലാ സഭകളുടെയും പ്രഥമലക്ഷ്യം അംഗങ്ങളുടെ വിശുദ്ധീകരണമാണ്. ധ്യാനം വഴിയും ഓരോ സഭയും നിർദ്ദേശിച്ചിരിക്കുന്ന പ്രത്യേകജോലികൾ നിർവഹിച്ചും വേണം അതു സാധിക്കുവാൻ. ഏതു ജോലി എന്നതിനേക്കാൾ എത്രനന്നായി അതു ചെയ്യുന്നു എന്നതാണ് ഒരാളുടെ വിശുദ്ധിക്കു നിദാനം. ദൈവത്തെപ്രതി നന്നായി ചെയ്യുന്ന ഏതു ജോലിയും, അതു അതിൽത്തന്നെ എത്ര ഹീനമായിരുന്നാലും, ദൈവതിരുമുമ്പിൽ വളരെ വിലയേറിയതാണെന്ന വസ്തുത നാം വിസ്മരിക്കരുത്. ഒരു നാടകത്തിൽ രാജാവിൻെറ ഭാഗം മോശമായി അഭിനയിക്കുന്നവനേക്കാൾ ഭിക്ഷുവിൻെറ ഭാഗമെടുത്തു നന്നായി അഭിനയിക്കുന്നവനെയല്ലേ കാണികൾ സ്തുതിക്കുക. അതിനാൽ ഓരോ സന്യാസിയും, അയാൾ ഏതു സഭയിലായിരുന്നാലും, അതിൽ തനിക്കു ലഭിക്കുന്ന ജോലിയെ കാര്യമായി മതിക്കയും തൻെറ കഴിവനുസരിച്ചു ഭംഗിയായി ചെയ്യുകയും വേണം.

## അദ്ധ്യായം ആറ്

# സന്യാസസഹോദരന്മാർ

വൈദികർക്കായുള്ള എല്ലാ സന്യാസസഭകളിലും അവൈദികരായ സഹായസഹോദരന്മാരെയും സ്വീകരിക്കുന്നുണ്ട്. അവരുടെ പേരു ദ്യോതിപ്പിക്കുന്നതുപോലെ, സന്യാസഭവനത്തിലെ വിവിധ ജോലികളിൽ അവൈദികർ ചെയ്യാവുന്നവ ഏറെറടുത്തു നടത്തി, വൈദികർ അവർമാത്രം ചെയ്യാവുന്നവ ചെയ്യുന്നതിനു സൗകര്യം കൊടുക്കുക എന്നതാണ് അവരുടെ ചുമതല. അങ്ങനെ സങ്കീർത്തി, പാചകമുറി, ഭക്ഷണശാല, തയ്യൽശാല, കൃഷിസ്ഥലങ്ങൾ, സന്ദർശനമുറി തുടങ്ങിയ വകുപ്പുകളുടെ ചാർജ്ജ് അവരാണു വഹിക്കുന്നതു്. തിരുസ്സഭയുടെ ആരംഭത്തിൽ ശ്ലീഹന്മാർ നിവ്വിഘ്നം പ്രാത്ഥനയിലും വചനത്തിൻെറ ശുശ്രൂഷയിലും ശ്രദ്ധിക്കുവാൻ സൗകര്യം ലഭിക്കുന്നതിനു്, ലൗകികകാര്യങ്ങൾ അന്വേഷിക്കുവാൻ ഏഴു ഡീക്കന്മാരെ തെരഞ്ഞെടുത്തതായി നാം വായിക്കുന്നുണ്ട്. (നടപടി VI 2, 3) ഏതാണ്ടു ആ ഡീക്കന്മാരുടെ സേവനമാണു സഹായ സഹോദരന്മാർ അനുഷ്ഠിക്കുന്നതു്.

സാധാരണ ആശ്രമങ്ങളിലെ മേല്പറഞ്ഞ സേവനങ്ങൾക്കു പുറമെ, പ്രസ്സുള്ള സ്ഥലങ്ങളിൽ അതിൻെറ സൂപ്രണ്ടന്മാരായോ, അച്ചടി, ബൈൻഡിങ്ങ്, ബ്ലോക്കുണ്ടാക്കൽ, പുസ്തകവില്പന മുതലായ വകുപ്പുകളുടെ ചാർജ്ജുവഹിക്കുന്നവരായോ, സ്കൂളുകളിൽ ക്ലാർക്കന്മാരായോ, അദ്ധ്യാപകന്മാരായോ, ബോർഡിങ്ങുകുട്ടികളുടെ മേൽനോട്ടം വഹിക്കുന്നവരായോ ഉത്തരവാദിത്വമുള്ള പല ജോലികളും സഹോദരന്മാർ വഹിക്കാറുണ്ട്. ഈ വിധത്തി

ലെല്ലാം അതുല്യമായ സഹായമാണ അവരിൽനിന്ന സഭയ്ക്കുല ഭിക്കുന്നതു്. അവരുടെ ഈദൃശസേവനമില്ലായിരുന്നുവെങ്കിൽ വൈദികക്ക ദൈവശുശ്രൂഷാപരമായി ഇപ്പോഠം ചെയ്യുന്നിട ത്തോളം ജോലികഠം ചെയ്യാൻ സാധിക്കയില്ലായിരുന്നു. അവ രുടെ സഹനത്തോടും സഹകരണത്തോടുംകൂടി വൈദികർ ചെയ്യുന്ന ജോലികഠംക്കു ദൈവംകൊടുക്കുന്ന സമ്മാനത്തി ൻെറ ഒരു നല്ല ഓഹരി സഹോദരന്മാക്കായി വിഭജിച്ചുകൊടു ക്കുമെന്നതു നിശ്ചയമാണു്.

## സന്യാസികളെന്ന നിലയിൽ വൈദികർക്കുതുല്യം

മാത്രമല്ല പട്ടമില്ലെങ്കിലും, സഹായസഹോദരന്മാരും വൈദികരെപ്പോലെ പരിപൂർണ്ണസന്യാസികളാണു്. രണ്ടുകൂ ട്ടരും ഒരേ വ്രതങ്ങഠം അനുഷ്ഠിക്കയും ഒരേരീതിയിലുള്ള വസ്ത്രം ധരിക്കയും ഒരേ മേശയിൽനിന്നുതന്നെ ഭക്ഷണം കഴിക്കയും ചെയ്യുന്നതുപോലെ, ഒരേ തരത്തിലുള്ള ആദ്ധ്യാത്മികാനുകൂല്യ ങ്ങഠംക്കും അവകാശികളാണു്. നമ്മുടെ കർത്താവിൻെറ അ ജ്ഞാതജീവിതം നയിക്കുന്ന അവർക്കു് എളിമയോടും നല്ല യോഗത്തോടുംകൂടി, തങ്ങളുടെ വിനീതമായ ജോലി ധ്യാനോ ദ്യുക്തസന്യാസികളെപ്പോലെ ചെയ്യുന്നതിനും തദ്വാരാ ധാരാ ളം ദൈവാനുഗ്രഹങ്ങഠം പ്രാപിക്കുന്നതിനും വൈദികരെ ക്കാഠം സൗകര്യമുണ്ടു്. പലപ്പോഴും വൈദികരുടെ ബാഹ്യ പ്രവർത്തനങ്ങഠം ഫലപ്രദമാവാൻ കാരണം അജ്ഞരായി ആ ശ്രമത്തിനുള്ളിൽ എളിയ ജോലികളിലേർപ്പെട്ടു കഴിയുന്ന സാ ധുസഹോദരന്മാരുടെ പ്രാർത്ഥനയാണു്. ആ വിധത്തിൽ അ വർ എന്തുമാത്രം നന്മ ലോകത്തിനു ചെയ്തിട്ടുണ്ടെന്ന സത്യം സ്വർഗ്ഗത്തിൽ ചെല്ലുമ്പോഴേ നമുക്കു ശരിയായി ഗ്രഹിക്കുവാ നാവൂ. അതിനാൽ ഒരു സഹായസഹോദരനായിട്ടെങ്കിലും സ ഭയിൽ ചേരാൻ സാധിക്കുന്നതു് ഒരു വലിയ അനുഗ്രഹമായി കരുതണം. സ്വർഗ്ഗത്തിൽ വൈദികസഹോദരന്മാരെക്കാഠം ഉ

യർന്ന സ്ഥാനങ്ങളിൽ സഹായസഹോദരന്മാരെ നമുക്കു കാണുവാൻ സാധിച്ചെന്നുവരാം.

## സഹായസഹോദരികൾ

സഹായസഹോദരന്മാരെക്കുറിച്ചു പറഞ്ഞതവ ഏറെക്കുറെ സഹായസഹോദരികളെക്കുറിച്ചും പറയാം. സന്യാസിനീസഭകൾ നിയമാനുസരണം ഏറെറടുത്തിരിക്കുന്ന വിദ്യാഭ്യാസനം, രോഗശുശ്രൂഷ മുതലായ ജോലികൾ നിർവിഘ്നം നടത്തിക്കൊണ്ടുപോകുന്നതിനു് അവർ കാര്യമായി സഹായിക്കുന്നുണ്ടു്. അവക്കും സ്വന്ത അദ്ധ്വാനത്തിൻേറതിനുപുറമെ മററുള്ളവരുടെ അദ്ധ്വാനത്തിൻെറ പ്രതിഫലത്തിൻെറയും ഒരു നല്ല ഓഹരി പ്രതീക്ഷിക്കാം.

## സഹോദരസന്യാസസഭകൾ

വൈദികസഭയിലെ സഹായസഹോദരന്മാർ സാധാരണമായി വിദ്യാഭ്യാസത്തിൻെറ കുറവുകൊണ്ടോ വിദ്യ അഭ്യസിക്കുന്നതിനുള്ള പ്രാപ്തിക്കുറവുകൊണ്ടോ മററോ വൈദികരാകാൻ സാധിക്കാത്തവരായിരിക്കും. ഇവർ വൈദികസന്യാസികൾക്കു ചെയ്യുന്ന സേവനം ഒരുവിധത്തിൽ മാതാവു് ഈശോയിക്കു ചെയ്ത ശുശ്രൂഷയോടുതാരതമ്യപ്പെടുത്താം.

കത്താവു പ്രത്യേകവിധത്തിൽ തിരഞ്ഞെടുക്കയും വൈദികപദത്തിലേക്കുയർത്തുകയും ചെയ്ത പന്ത്രണ്ടു ശ്ളീഹന്മാരെക്കൂടാതെ വേറെ ചില ശിഷ്യന്മാരും സ്ത്രീകളും സുവിശേഷ പ്രസംഗത്തിൽ അവിടുത്തെ സഹായിച്ചുവല്ലോ. അവരുടെ പിൻഗാമികളെന്നോണം ഇന്നും അവരുടെ ജോലിതുടന്നുകൊണ്ടു പോകുന്നവരാണു സഹോദരസന്യാസസഭാംഗങ്ങളും സന്യാസിനികളും.

## സഹോദരസന്യാസസഭകളുടെ മേന്മ

ആദ്യമേതന്നെ സഹോദരസന്യാസസഭകളെപ്പററി പറയാം. ആ സഭകളിൽ വൈദികരാരുമില്ല. മഠങ്ങളിലേതുപോലെ, പുറത്തുനിന്നു വല്ല വൈദികരും വന്നുവേണം അവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നടത്തിക്കൊടുക്കുവാൻ. നല്ലവണ്ണം പഠിച്ചു ബിരുദങ്ങൾ നേടി ഹൈസ്കൂളുകളും കോളേജുകളും നടത്തുന്ന ഇവർ വൈദികരാകാതെ അദ്ധ്യാപനവൃത്തിയിൽ ഏർപ്പെടുന്നു. ഒരു വൈദികനാകാൻ ദീർഘകാലത്തെ പഠനമാവശ്യമാണ്; അക്കാലംകൂടി പഠിപ്പിക്കുന്നതിനുപയോഗിക്കാം എന്നതാണ് കാരണം. അതിലും പ്രധാനമായ കാരണം അവരുടെ ശ്രദ്ധമുഴുവൻ വിദ്യാഭ്യാസകാര്യത്തിൽ പതിക്കാമെന്നതാണ്. ഒരാൾ ഒരു പല്ലു പറിപ്പിക്കാൻവേണ്ടി സകലരോഗങ്ങളുടേയും ചികിത്സപഠിച്ചിട്ടുള്ള ഒരു സാധാരണ ഡോക്ടറുടെ അടുക്കലാണോ അതോ പല്ലുചികിത്സയിൽമാത്രം വിദഗ്ദ്ധനായ ഒരു ദന്തവൈദ്യന്റെ അടുക്കലാണോ പോകുന്നതു്? നിവൃത്തിയുണ്ടെങ്കിൽ, നിശ്ചയമായും ദന്തവൈദ്യന്റെ അടുക്കലേ പോകൂ. കാരണം തന്റെ ശ്രദ്ധമുഴുവൻ ദന്തചികിത്സയിൽ ചെലുത്തിയതുകൊണ്ടു് അയാൾക്കു പല്ലിന്റെ കാര്യത്തിൽ എല്ലാംകൂടി പഠിക്കുന്ന സാധാരണ ഡോക്ടറെക്കാൾ കൂടുതൽ അറിവുണ്ടായിരിക്കും. അതുപോലുള്ള ഒരു വൈശിഷ്ട്യം വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്ന സഹോദരസഭാംഗങ്ങൾക്കും ഉണ്ടു്.

## കത്തോലിക്കാസ്കൂളുകളുടെ ആവശ്യം

ഈശോമിശിഹാ സുവിശേഷം പ്രസംഗിക്കാനല്ലേ പറഞ്ഞിട്ടുള്ളു. പിന്നെ എന്തിനാണ് സന്യാസികൾ സ്കൂളും കോളേജും നടത്തി അവരുടെ സമയം നഷ്ടപ്പെടുത്തുന്നതെന്നു് ഒരു പ്രശ്നം ഉദിക്കാം. ഒന്നാമതു് വേദപാഠത്തിനുവേണ്ടി

മാത്രം കുട്ടികളെ അയയ്ക്കാൻ പറഞ്ഞാൽ മാതാപിതാക്കന്മാർ അയയ്ക്കാൻ മടിക്കും. മററവിഷയങ്ങൾകൂടി പാഠിപ്പിച്ചുകൊള്ളാമെന്നു ഏല്ക്കുമ്പോഴാകട്ടെ, കുട്ടികളെ കിട്ടാൻ എളുപ്പമുണ്ടു്. അങ്ങനെ വരുന്ന കുട്ടികളെ വേദപാഠംകൂടി പഠിപ്പിക്കാം; മാത്രമല്ല, മററ വിഷയങ്ങളിലൂടെ നിരീശ്വരവും കമ്മ്യൂണിസവും നുഴഞ്ഞുകയറാതിരിക്കാൻ ശ്രദ്ധിക്കയും ചെയ്യാം. പലപ്പോഴും ഗവണ്മെൻറു സ്കൂളുകളും കോളേജുകളും മതനിഷേധത്തിൻെറയും നിരീശ്വരത്വത്തിൻെറയും കേന്ദ്രങ്ങളായിത്തീരാറുണ്ടു്. സമത്ഥന്മാരായ അദ്ധ്യാപകന്മാരിൽനിന്നു ലഭിക്കുന്ന പ്രസ്തുതാശയങ്ങൾ വിദ്യാത്ഥികളുടെ പിഞ്ചുഹൃദയങ്ങളിൽ പതിഞ്ഞുകഴിഞ്ഞാൽ, അവർ മതപരമായ സംഗതികളെല്ലാം അവജ്ഞയോടെയായിരിക്കും വീക്ഷിക്കുക. പള്ളിയിൽ പോകുതന്നെ അവർ ഉപേക്ഷിക്കും. പോയാലും പ്രസംഗംകേൾക്കാൻക്ഷമയുണ്ടാവില്ല. കേട്ടാൽതന്നെയും അതിൽനിന്നു ഫലമെടുക്കുന്നതിനുപകരം അതിനെ വിമശിക്കാനായിരിക്കും അവർ ശ്രമിക്കുക. ഇക്കാരണത്താലാണു് തിരുസ്സഭ എക്കാലത്തും കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മുൻകൈയ്യെടുത്തു പ്രവർത്തിച്ചിട്ടുള്ളതു്. പള്ളിക്കൂടത്തിൽനിന്നു ജനങ്ങൾക്കു മതവിശ്വാസം ലഭിച്ചുകഴിഞ്ഞാൽ പള്ളിതാനേ ഉണ്ടായിക്കൊള്ളും. നേരെമറിച്ചു്, പള്ളിക്കൂടത്തിൽവച്ചു മതവിശ്വാസം നശിച്ചു പോയാൽ പള്ളിയിൽ കയറാൻ ആളുകളുണ്ടാവില്ല.

ഇതിൽനിന്നു് കത്താലിക്കാ വിദ്യാഭ്യാസം മിശിഹായുടെ മൗതികശരീരമായ തിരുസ്സഭയുടെ നിലനിൽപിനും അഭിവൃദ്ധിക്കും എത്രകണ്ടു അത്യാവശ്യമാണെന്നു ഗ്രഹിക്കാമല്ലൊ. അതിനാൽ കുറെ ആളുകളെങ്കിലും മറെറല്ലാകാര്യങ്ങളിലും നിന്നു ശ്രദ്ധമാററി കഴിവുകളെല്ലാം ഉത്തമ കത്തോലിക്കാ വിദ്യാഭ്യാസം നൽകുവാൻ വിനിയോഗിക്കുന്നതു ഏററവും ശ്ലാഘനീയമാണു്.

## വളരെപ്പേർ സഹോദരന്മാരാകണം

ഇക്കാര്യത്തെക്കുറിച്ചു വേണ്ടവണ്ണം ചിന്തിക്കാത്തതുകൊണ്ടാണു് ഇപ്രകാരമുള്ള സഭകളിൽ ചേർന്നു സന്യാസസഹോദരന്മാരാകുവാൻ കേരളീയർ മടിക്കുന്നതു്. ശരീരത്തിലുള്ള അവയവങ്ങളെല്ലാം കണ്ണാണെങ്കിൽ കാഴ്ചയൊഴികെയുള്ള മററാവശ്യങ്ങളെല്ലാം എങ്ങനെ നടക്കുമെന്നു വി: പൗലോസു ചോദിക്കുന്നതു നാം ചിന്താവിഷയമാക്കേണ്ടതാണു്. ഈശോ ദൈവരാജ്യം പ്രസംഗിക്കുവാൻ ഓരോ ഗ്രാമത്തിൽ ചെല്ലുന്നതിനു മുമ്പു് അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുന്നതിനു ജനങ്ങളെ ഒരുക്കുവാൻ ശ്ലീഹന്മാരല്ലാത്ത എഴുപത്തിരണ്ടു പേരെ ഈരണ്ടു പേരായി അയച്ചു എന്നു വി: ലൂക്കായുടെ സുവിശേഷം പത്താമദ്ധ്യായത്തിൽ പറയുന്നുണ്ടല്ലോ. ശ്ലീഹന്മാർ പന്ത്രണ്ടു പേരാണെങ്കിൽ ഈ ശിഷ്യന്മാർ അവരുടെ ആറിരട്ടിയാണെന്നു നാം ഓർക്കണം. അതിനാൽ ഒരു വൈദികനു ആറു സഹോദരന്മാർ എന്ന അനുപാതത്തിൽ സന്യാസസഹോദരന്മാരുണ്ടായാലേ വൈദികർക്കു് ദൈവശുശ്രൂഷ ഫലപ്രദമായി നിർവഹിക്കുന്നതിനും ഈശോയുടെ ആഗ്രഹാനുസരണം ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും വർദ്ധിപ്പിക്കുന്നതിനും സാധിക്കു.

താൻ പറഞ്ഞയച്ച എഴുപത്തിരണ്ടു ശിഷ്യന്മാർ ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നു പറയുന്നതുകൂടാതെ രോഗികളെ സുഖപ്പെടുത്തണമെന്നുകൂടി നമ്മുടെ കർത്താവു് കല്പിച്ചിരുന്നു. അന്നു് അത്ഭുതത്താൽ അവർ നടത്തിയ ആ സേവനം ഇന്നു സാധാരണ രോഗശുശ്രൂഷകളാൽ ചില സന്യാസസഹോദരസഭകൾ ചെയ്യുന്നുണ്ടു്. ആ വഴിക്കു് ആളുകൾ ഈശോയെ അറിയുന്നതിനും സത്യമതം സ്വീകരിക്കുന്നതിനും അവർ കളമൊരുക്കുന്നു.

സ്കൂളുകളും കോളേജുകളും നടത്തുന്ന ക്രിസ്ത്യൻ ബ്രദേഴ്സ്, ബ്രദേഴ്സ് ഓഫ് സെൻറ് പാട്രിക്ക്, ബ്രദേഴ്സ് ഓഫ് സെൻറ് ഗാബ്രിയേൽ മുതലായ സഭകൾക്കു പുറമെ, ഗ്രാമങ്ങളിൽ സഞ്ചരിച്ചു സാധുക്കളെ വേദപാഠം പഠിപ്പിക്കുന്നതിൽമാത്രം വ്യാപൃതരായ സഹോദരന്മാരുടെ സന്യാസസഭകളുമുണ്ട്. അക്കൂട്ടത്തിൽപ്പെട്ടതാണ് മിഷനറിബ്രദേഴ്സ് ഓഫ് സെൻറ് ഫ്രാൻസീസ്.

ഇവരെല്ലാം എത്രമഹത്തായ സേവനമാണു ചെയ്യുന്നതെന്നും, ഇവരെ കൂടാതെ വൈദികർക്കു ഗണ്യമായി ഒന്നും ചെയ്യാനാവില്ലെന്നും, തൻമൂലം ഇവർ മിശിഹായുടെ മൗതികശരീരത്തിൻെറ അവശ്യാവയവങ്ങളിൽ ഒന്നാണെന്നും ഉള്ള വസ്തുത ധരിച്ചുകൊണ്ടു എല്ലാ മുൻവിധികളേയും അവഗണിച്ച് നമ്മുടെ യുവാക്കന്മാർ ധാരാളമായി ഈ സഭകളിൽ ചേരണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

## അദ്ധ്യായം ഏഴ്

# സന്യാസിനികൾ

സന്യാസസഹോദരന്മാരുടെ സഭകൾ പുരുഷന്മാരുടെ ഇടയിൽ ചെയ്യുന്ന സേവനങ്ങളെല്ലാം സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ഇടയിൽ ചെയ്യുന്നതിനു സ്ഥാപിതമായിട്ടുള്ളവയാണ് സന്യാസിനീസഭകൾ. നേഴ്സറി സ്കൂളുകൾ മുതൽ കോളേജുകൾവരെയുള്ള സ്ഥാപനങ്ങളിൽ കുഞ്ഞുങ്ങളെയും യുവതികളേയും പഠിപ്പിച്ചുകൊണ്ടു അവർ തിരുസഭയ്ക്കു ചെയ്യുന്ന സേവനത്തെ എത്ര പ്രശംസിച്ചാലും അധികമാകയില്ല. അവരിൽ നിന്നു ബാല്യത്തിൽ പഠിക്കയും പരിശീലിക്കയും ചെയ്യു

ന്ന മതാനുഷ്ഠാനങ്ങളാണ്, പലരേയും സ്വർഗ്ഗകവാടംവരെ എത്തിക്കുന്നതു്. തിരുസ്സഭയ്ക്കു തീക്ഷ്ണമതികളായ കന്യകകളെ നൽകുന്നതോടൊപ്പം കുടുംബങ്ങൾക്കും ഭർത്താക്കന്മാർക്കും താങ്ങും തണലുമാകാനുള്ള ഉത്തമ ഭാര്യമാരേയും ദൈവഭയത്തിൽ കുഞ്ഞുങ്ങളെ വളർത്തുന്നതിനു പ്രാപ്തിയുള്ള ഭക്തകളായ മാതാക്കളെയും അവർ പ്രദാനം ചെയ്യുന്നു.

അനാഥശാലകളിലും ആസ്പത്രികളിലും അവരോടൊപ്പം സേവനം നടത്തുക മററാർക്കും സാദ്ധ്യമല്ല. രോഗികളേയും അവശരേയും മാതൃസഹജമായ വാത്സല്യത്തോടും അനുകമ്പയോടുംകൂടി പരിചരിക്കുന്ന സഹോദരിമാർ സകലരുടെയും കൃതജ്ഞതയെ അർഹിക്കുന്നുണ്ടു്.

പ്രേഷിതരംഗങ്ങളിൽ അവർ അനുഷ്ഠിക്കുന്ന സേവനവും എല്ലാവരുടേയും മുക്തകണ്ഠമായ പ്രശംസയെ അർഹിക്കുന്നു. ഗ്രാമങ്ങൾതോറും ചുററിനടന്നു സാധുഗൃഹങ്ങൾ ശുചിയാക്കുക, രോഗികളെ പരിചരിച്ചു മരുന്നുകൊടുക്കുക, അവരെ സ്നേഹിക്കുന്ന ദൈവപിതാവിനെക്കുറിച്ചും അവർക്കുവേണ്ടി മരിച്ചു് അവരെ സ്വർഗ്ഗത്തിലേയ്ക്കു ക്ഷണിയ്ക്കുന്ന ദൈവപുത്രനെക്കുറിച്ചും അവരോടു സംസാരിക്കുക, മതപരിവർത്തനത്തിനു ആഗ്രഹിക്കുന്ന സ്ത്രീകളേയും കുട്ടികളേയും ജ്ഞാനസ്നാനത്തിനൊരുക്കുക എന്നിങ്ങനെ ആ അബലകൾ ചെയ്യാത്ത ജോലികൾ ഇല്ല. സഹിക്കാത്ത പീഡകളില്ല; ദൈവസ്നേഹത്താൽ പ്രേരിതരായി ജാതിമതഭേദംകൂടാതെ സകലതിലും മിശിഹായെ ദർശിച്ചുകൊണ്ടു് അവർ നടത്തുന്ന നിസ്വാർത്ഥസേവനം ആയിരമായിരം പ്രസംഗങ്ങളെക്കാൾ ഫലപ്രദമാണ്. ഇരുളടഞ്ഞ അനേകം ഗ്രാമങ്ങളിൽ വിശ്വാസവെളിച്ചം പ്രകാശിപ്പിക്കുവാനും ശാരീരികമായും ആത്മീകമായും അധ:പതിച്ചവരെ ഉദ്ധരിക്കുന്നതിനും അവർചെയ്യുന്ന ശ്രമം നിസ്സീമമാണ്. അകാലമൃത്യുവിനിരയായ എത്ര കുഞ്ഞുങ്ങളെയാണ് അവർ സ്വർഗ്ഗത്തിലേക്കു കടത്തിവിട്ടിരിക്കുന്നതു്. അക്ഷരജ്ഞാനമോ—

ശിക്ഷണമോ—സംസ്കാരമോ ലഭിക്കാതെ അലഞ്ഞുനടന്നിരുന്ന കുട്ടികളെ വിളിച്ചുകൂട്ടി അവക്കു വിദ്യാഭ്യാസവും, സ്വഭാവസംസ്കാരവും സുകൃതസമ്പത്തും ഇവർ നൽകിയിട്ടുണ്ടു്. ഇങ്ങനെ മിശിഹായോടുള്ള വ്യക്തിപരമായ സ്നേഹത്താൽ പ്രേരിതരായി ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും സ്വന്തം വിശുദ്ധീകരണത്തിനുമായി സന്യാസസഭകളിൽ ചേർന്നു് കേരളത്തിനകത്തും പുറത്തും ജോലിചെയ്യുന്നതിനു നിങ്ങൾക്കാഗ്രഹമില്ലയോ?

## എന്തിനു സന്യാസിനിയാകുന്നു?

ആനന്ദപ്രദമായ കുടുംബജീവിതം കഴിക്കുന്നതിനു സകലസൗകര്യങ്ങളും, അതിനു് ആഗ്രഹവും നിങ്ങൾക്കുണ്ടായിരിക്കാം. മനസ്സിനിണങ്ങിയ ഒരു യുവാവിനെ സ്നേഹിക്കുന്നു എന്നും വരാം. എങ്കിലും, ഈശോ ക്ഷണിക്കുന്നു എന്നു ബോധ്യം വന്നാൽ അവയെല്ലാം ഉപേക്ഷിക്കേണ്ടതല്ലേ? ഈശോയേക്കാൾ സ്നേഹയോഗ്യനായ ഒരു വരനെ എവിടെയെങ്കിലും ലഭിക്കുമോ? വി: കൊച്ചുത്രേസ്യാ പറയുന്നതുപോലെ, "ഈശോയുമായുള്ള ബന്ധത്താൽ അനേകം ആത്മാക്കളുടെ മാതാവാകാൻ സാധിക്കുന്നതിനേക്കാൾ വലിയ ഭാഗ്യം എന്താണുള്ളതു്? ഈശോ ആരേയും നിർബന്ധിക്കുകയില്ല. ആ ധനികനായ യുവാവിനോടു പറഞ്ഞതുപോലെ, "നിനക്കു പരിപൂർണ്ണനാകാൻ മനസ്സുണ്ടെങ്കിൽ നിനക്കു ന്യായമായി അനുഭവിക്കാവുന്ന സന്തോഷങ്ങൾ ത്യജിച്ചതിനുശേഷം എന്റെ പിന്നാലെ വരുക" എന്നു ക്ഷണിക്കുകയേയുള്ളു. ആ ക്ഷണം തിരസ്ക്കരിക്കാൻ നമുക്കു സ്വാതന്ത്ര്യമുണ്ടു്. ക്ഷണം ത്യജിക്കുന്നതുകൊണ്ടു നാം നശിച്ചുപോകുമെന്നും പറഞ്ഞുകൂടാ. എങ്കിലും ഈശോയ്ക്കു് ആ തിരസ്ക്കാരം സങ്കടകരമായിരിക്കും. സ്വർഗ്ഗത്തിൽ നമുക്കു ലഭിക്കുമായിരുന്ന ഭാഗ്യത്തിന്റെ അളവു വളരെ കുറഞ്ഞുപോകും. നമ്മുടെ സന്യാസജീവിതം വഴി

രക്ഷപ്പെടണമെന്നു ഈശോ കരുതിയിരുന്ന അനേകം ആത്മാക്കാം നശിച്ചുപോകും. അതു് എത്ര സങ്കടകരമാണു്.

എന്നാൽ ഈശോയുടെ ഹിതാനുസരണം, പെട്ടെന്നു കഴിഞ്ഞുപോകുന്ന ലൗകികസുഖങ്ങളെ പരിത്യജിച്ച സന്യാസജീവിതത്തിനായി നമ്മെത്തന്നെ പ്രതിഷ്ഠിച്ചാലോ? നിത്യം അനുഭവിക്കാവുന്ന സ്വർഗ്ഗഭാഗ്യം അനേകമടങ്ങു വർദ്ധിക്കും; മാത്രമല്ല ആയിരക്കണക്കിനാളുകളെ സ്വർഗ്ഗത്തിലേക്കു കയററിവിടാനും സാധിക്കും. നമ്മുടെ ശ്രമഫലമായി രക്ഷപ്പെട്ടുന്ന ആ ആത്മാക്കാം നമ്മോടെന്നും നന്ദിയുള്ളവരായിരിക്കും; അവരെ കാണുന്നതുതന്നെ നമുക്കാനന്ദമായിരിക്കും.

## വിവാഹനിശ്ചയത്തിനുശേഷവും

ഒരമേരിക്കൻ കന്യാസ്ത്രീയുടെ ദൈവാഹ്വാനചരിത്രം വായിച്ചതു് ഓർമ്മയിൽ വരുന്നു. സ്കൂളിലും കോളേജിലും പഠിച്ചകാലത്തെങ്ങും അവാംക്കു സന്യാസസഭയിൽ ചേരുവാൻ ആഗ്രഹമുണ്ടായിരുന്നില്ല. എന്നല്ല, സൽസ്വഭാവിയും ഭക്തനമായ ഒരു യുവാവിനെ മനസാവരിച്ചു് സ്നേഹംമുഴുവൻ അവനിലേക്കു തിരിക്കയും, അവർ പരസ്പരം വിവാഹവാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. അങ്ങനെയിരിക്കുമ്പോഴാണു്, ഈശോയ്ക്കും മനുഷ്യകുലത്തിനുംവേണ്ടി ഒരു സന്യാസിനിക്കു ചെയ്യാവുന്ന മഹാസേവനങ്ങളെക്കുറിച്ചുള്ള ഒരു ചെറുഗ്രന്ഥം വായിക്കുവാനിടയായതു്. അതു് അവളെ ഇരുത്തി ചിന്തിപ്പിച്ചു. ചിന്തിക്കുന്തോറും അവാംക്കു് ആ ജീവിതത്തെക്കുറിച്ചു കൂടുതൽകൂടുതൽ മതിപ്പുതോന്നി. "മകളെ നിൻെറ ഹൃദയം എനിക്കു തരിക. ആത്മാക്കളെ രക്ഷിക്കുന്നതിനു് എന്നോടു സഹകരിക്കുക" എന്നരുളിച്ചെയ്തു് ഈശോ അവളെ വിളിക്കുന്നപോലെയും അവാംക്കനുഭവപ്പെട്ടു.

അവാം വലിയ ധർമ്മസങ്കടത്തിലായി. അവാം വിവാ

സ്വപ്നംകണ്ട ജീവിതാനന്ദങ്ങൾ ഒരുവശത്തു്; മറുവശത്തു്, ഈശോയുടെ ആഹ്വാനം. എങ്ങോട്ടാണ് തിരിയേണ്ടതു് എന്നറിയാതെ, അവൾ ദിവ്യകാരുണ്യസന്നിധിയിൽ മുട്ടുകുത്തി. "എന്റെ ഈശോയേ, എന്നെ ഇങ്ങനെ നിർബന്ധിക്കരുതേ" എന്നു കണ്ണുനീരോടുകൂടി അപേക്ഷിച്ചു. ഒരു ഫലവുമുണ്ടായില്ല. ഈശോ കൂടുതലായി നിർബന്ധിക്കുന്നതായിട്ടാണ് അവൾക്കു തോന്നിയതു്. പിന്നീടു മാതാവിന്റെ മുൻപിൽ ചെന്നു് തന്നെ ഒഴിച്ചുവിടുന്നതിനു ഈശോയോടൊന്നു പറയണമെന്നു പ്രാൎത്ഥിച്ചുനോക്കി. അതുകൊണ്ടും പ്രയോജനമുണ്ടായില്ല. "ഈശോയോടുള്ള സ്നേഹത്തെക്കുറിച്ചു മറ്റെ സ്നേഹം നീ ബലികഴിക്കണം. നിന്റെ വാക്കു പാലിക്കാൻ സാധിക്കാത്തതുകൊണ്ടു ഖേദിക്കേണ്ടാ. അവൻ നല്ലവനാണ്. ഈശോയിക്കു നിന്നെ ആവശ്യമുണ്ടെന്നു മനസ്സിലായാൽ യാതൊരു തടസ്സവും പറയുകയില്ല." എന്നു പരിശുദ്ധകന്യക ഉപദേശിക്കുന്നതായി തോന്നി. പിന്നീടു അവൾ ശങ്കിച്ചില്ല. വീണ്ടും അവൾ വി: കുർബാനയുടെ പക്കൽ ചെന്നു് "ഈശോ അങ്ങു് എന്നെ ജയിച്ചിരിക്കുന്നു. എന്നെ മുഴുവൻ ഇതാ ഞാൻ അങ്ങേയ്ക്കു സമർപ്പിക്കുന്നു. അങ്ങേ ഇഷ്ടംപോലെ എന്തെങ്കിലും എന്നോടു ചെയ്തുകൊള്ളുക." എന്നപേക്ഷിച്ചു. അവളുടെ മനസ്സിനു സമാധാനമായി.

അധികം താമസിയാതെ വിവരം അവൾ സ്നേഹിച്ചിരുന്ന യുവാവിനെ അറിയിച്ചു. "ഈശോ നിന്നെവിളിക്കുന്നു എന്നു ബോദ്ധ്യമുണ്ടെങ്കിൽ സന്തോഷത്തോടുകൂടി പൊയ്ക്കൊള്ളുക. ഞാൻ യാതൊരു തടസ്സവും പറയുന്നില്ല. നിന്റെ സ്നേഹത്തിനു് ഈശോയ്ക്കു എന്നെക്കാൾ കൂടുതൽ അവകാശമുണ്ടല്ലോ. പുതിയ ജീവിതത്തിനു സർവമംഗളങ്ങളും ആശംസിക്കുന്നു. ഒരു വിശുദ്ധയാകാൻ നോക്കണം. ഞാനും സ്വൎഗ്ഗത്തിൽ ഒരു നല്ലസ്ഥാനത്തു എത്തിച്ചേരുന്നതിനു പ്രാൎത്ഥിക്കുക. നിനക്കുവേണ്ടി ഞാനും പ്രാൎത്ഥിക്കാം." എന്നായിരുന്നു ആ നല്ല യുവാവിന്റെ മറുപടി.

മേല്പറഞ്ഞതുപോലെ വിവാഹനിശ്ചയം ചെയ്തതിനു ശേഷം ഈശോയുടെ ക്ഷണം സ്വീകരിച്ച വൈദികരും സന്യാസികളും ആയിട്ടുള്ള യുവാക്കന്മാരും ധാരാളമുണ്ട്.

അദ്ധ്യായം എട്ട്

## ദൈവവിളി ഉണ്ടെന്ന് എങ്ങനെ അറിയാം.

ഈശോ എന്നെയും വിളിക്കുന്നുണ്ടെന്നു എങ്ങനെയാണറിയുക? 'വിളിക്കുന്നില്ലെന്നു ഖണ്ഡിതമായി പറയാൻ നിവൃത്തിയില്ലാത്തപ്പോൾ വിളിക്കുന്നുണ്ടെന്നു കരുതുന്നതിൽ അബദ്ധമില്ല' എന്നതാണ് അതിനുത്തരം. അതുകൊണ്ട്, സന്യാസജീവിതത്തിനു വിളിക്കുന്നില്ലെന്നു എപ്പോൾ പറയാമെന്നു നോക്കാം.

1. സന്യാസസഭാനിയമങ്ങൾ അനുസരിച്ചു പോകുന്നതിനുവേണ്ട ശരീരാരോഗ്യം ഇല്ലാത്തപ്പോൾ.

2. വൃദ്ധരായ മാതാപിതാക്കന്മാരുടെ സംരക്ഷണത്തിനു വേറെ ആരും ഇല്ലാത്തപ്പോൾ.

3. പ്രവേശിക്കാനുദ്ദേശിക്കുന്ന ജീവിതസ്ഥിതിക്കാവശ്യമായ അറിവ് ആർജ്ജിക്കുവാൻവേണ്ട ബുദ്ധിപരമായ കഴിവില്ലാത്തപ്പോൾ.

4. സാരമായ ശാരീരികവൈരൂപ്യമോ കുടുംബത്തിൽ അപസ്മാരം, ഭ്രാന്ത്, കുഷ്ഠം, ക്ഷയം മുതലായ ഗുരുതരമായ രോഗങ്ങളോ ഉള്ളപ്പോൾ.

5. വകതിരിവില്ലാത്തപ്പോൾ.

6. വിരക്തി അഥവാ ശുദ്ധത കാക്കുക അസാദ്ധ്യമാണെങ്കിൽ

7. അന്യരുടെ, പ്രത്യേകിച്ച് അധികാരികളുടെ, ആ ജ്ഞകൾക്ക വിധേയരാകാതെ സ്വന്തം അഭിപ്രായംതന്നെ നട ത്തണമെന്ന ശാഠ്യമുള്ളവരാണെങ്കിൽ.

8. സമാധാനപരമായ സാമൂഹ്യജീവിതത്തിന്ന അവ ശ്യാവശ്യമായ സൌമ്യസ്വഭാവമില്ലാത്തവരാണെങ്കിൽ.

9. എന്തുബുദ്ധിമുട്ടും സഹിക്കുന്നതിന്ന സന്നദ്ധതയില്ലാ ത്ത അലസരും സുഖപ്രിയരുമാണെങ്കിൽ.

10. വിനീതബുദ്ധിയോടെ സേവനം അനുഷ്ഠിക്കുന്നതി ന്ന നന്മനസ്സില്ലാത്തവരാണെങ്കിൽ.

11. സ്വഭാവാതീതമായ ശുദ്ധനിയോഗമില്ലെങ്കിൽ

ചുരുക്കിപ്പറഞ്ഞാൽ, സാമാന്യം നല്ല ആരോഗ്യവും, വി വേകവും പഠനത്തിന്നവേണ്ട ബുദ്ധിശക്തിയും ശുദ്ധതസംര ക്ഷിക്കുവാൻ കഴിവും വിനയവും സേവനസന്നദ്ധതയും ശുദ്ധ നിയോഗവും ഉള്ള ആൾക്കു, മററു വിഘ്നങ്ങൾ ഒന്നും ഇല്ലാത്ത പക്ഷം, സന്യാസികളോ സന്യാസിനികളോ ആകുന്നതിന്ന് സഭാശ്രേഷ്ഠന്മാരുടെ പക്കലോ ശ്രേഷ്ഠകളുടെ പക്കലോ അപേ ക്ഷിക്കാം. അവർ അപേക്ഷ സ്വീകരിച്ചു സഭയിൽ ചേർക്കു ന്നെങ്കിൽ, നമുക്കു ദൈവവിളിയുണ്ടെന്നു നിശ്ചയിക്കാം. അ ല്ലാഞ്ഞാൽ കുറഞ്ഞപക്ഷം ആ സഭയിലേയ്ക്കെങ്കിലും വിളിയി ല്ലെന്നു കരുതണം.

## ആകർഷണം വേണമെന്നില്ല

ഇത്തരുണത്തിൽ ഏതാനും സംഗതികൾ അനുസ്മരി പ്പിക്കുന്നതു യുക്തമെന്നുതോന്നുന്നു. പലർക്കും സന്യാസജീവി തത്തിന്ന് അഥവാ വൈദികജീവിതത്തിന്ന ചെറുപ്പം മുതലോ കുറെക്കഴിഞ്ഞോ ആന്തരികമായ ഒരാകർഷണം തോന്നിയെ ന്നു വരാം. പക്ഷേ, ദൈവാഹ്വാനത്തിന്ന് അതു് അത്യന്താ പേക്ഷിതമല്ല. ആകർഷണം തോന്നിയില്ലെങ്കിലും, അല്ല,

വെറുപ്പുതന്നെ തോന്നിയാലും, വിശ്വാസവെളിച്ചത്തിൽ ആ ജീവിതം ഉത്തമമാണെന്നു ബോധ്യപ്പെടുകയും അതിനുവേണ്ട യോഗ്യതകളുണ്ടായിരിക്കയും ചെയ്താൽ ദൈവാഹ്വാനം ഉണ്ടെന്നുതന്നെ വിശ്വസിക്കാം. മറിച്ച്, വലിയ ആകർഷണം തോന്നിയാലും മററു പ്രധാനപ്പെട്ട ലക്ഷണങ്ങളോ അഥവാ പര്യാപ്തത ഇല്ലെങ്കിൽ ദൈവവിളി ഇല്ലെന്നു വേണം കരുതുവാൻ.

എല്ലാലക്ഷണങ്ങളും പൂർണ്ണമായി ആരിലും കണ്ടെന്നു വരില്ല. അതിനാൽ ദൈവവിളി ഉണ്ടോ ഇല്ലയോ എന്നു സ്വയം വിധിക്കാതെ പരിചയസമ്പത്തുള്ള വല്ല വൈദികരോടും അഭിപ്രായം ചോദിക്കേണ്ടതാണ്.

യാതൊരു മുൻവിധിയും കൂടാതെ ദൈവതിരുമനസ്സറിയുന്നതിനു നിരന്തരം പ്രാർത്ഥിക്കുന്നതും ഒരു വൈദികനെ സ്ഥിരം കുമ്പസാരക്കാരനായി സ്വീകരിച്ച് അദ്ദേഹത്തിൻെറ ഉപദേശം സ്വീകരിക്കുന്നതും തെററുപറ്റാതിരിക്കാൻ വളരെ ഉപകരിക്കും.

## അദ്ധ്യായം ഒൻപത്

# വൈദികർ

മിശിഹാ ലോകത്തിൽ ചെയ്ത ജോലികൾ തുടർന്നുകൊണ്ടു പോകുന്നതിനു നിയുക്തമാണു മൗതികശരീരമായ തിരുസഭയെന്നും കുടുംബജീവിതക്കാരും ധ്യാനയോഗസന്യാസസഭാംഗങ്ങളും നസ്രസിലെ അവിടത്തെ അജ്ഞാതജീവിതം തുടരുകയാണെന്നും കർമ്മോദ്യുക്തസന്യാസികളുടെ സേവനങ്ങൾ അവിടുന്നു പരസ്യജീവിതത്തിൽ ചെയ്തപ്രവൃത്തികളുടെ തുടർച്ചയാണെന്നും നാം കണ്ടുകഴിഞ്ഞു. മിശിഹായുടെ രക്ഷണീയ

വേലയ്ക്കു മകുടംചാർത്തിയതു ഗാഗുൽത്തായിൽ അവിടുന്നു സ്വയം അർപ്പിച്ച ബലിയാണല്ലോ. രക്തം ചിന്തി വെള്ളിയാഴ്ച അർപ്പിക്കാനിരുന്ന ബലിതന്നെ അവിടുന്നു രക്തംചിന്താതെ തലേരാത്രിയിൽ പെസഹാഭക്ഷണാനന്തരം അപ്പവും വീഞ്ഞും കൂദാശ ചെയ്തുകൊണ്ടു അർപ്പിക്കയും തൻെറ ഓർമ്മക്കായി ലോകാവസാനംവരെ അതു് ആവർത്തിക്കുന്നതിനു സ്വശിഷ്യന്മാരെ ഭരമേല്പിക്കുകയും ചെയ്തു. പ്രസ്തുതകൃത്യം നിർവഹിക്കുന്നതിനു നിയുക്തരായവരാണു് പുരോഹിതന്മാർ. വൈദികഗണത്തിൽ ഇടവകവൈദികരും സന്യാസവൈദികരും ഉൾപ്പെടുന്നു.

ബലിയർപ്പിക്കുന്നതിനു മാത്രമല്ല, പാപംപോക്കുന്നതിനും മിശിഹാ അവർക്കു അധികാരം കൊടുത്തിട്ടുണ്ടു്. "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ; നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും. എന്നാൽ നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും." (വി: യോ: XX: 22, 23) എന്നരുളിച്ചെയ്തു കൊണ്ടാണു് ദൈവത്തിനു മാത്രമുള്ള ഈ അധികാരം ദിവ്യരക്ഷകൻ തൻെറ ശ്ലീഹന്മാർക്കും അവർ വഴി വൈദികർക്കും നൽകിയതു്.

## വൈദികസ്ഥാനമാഹാത്മ്യം

"അപ്പവും വീഞ്ഞും മിശിഹായുടെ ശരീരരക്തങ്ങളായി പകർത്തുകയും പാപം മോചിക്കയും ചെയ്യുകയാണു് വൈദികരുടെ പ്രധാന കർത്തവ്യം. ഇതുവഴി വൈദികർക്കു മിശിഹായുടെ യഥാർത്ഥ ശരീരത്തിന്മേലും മൗതികശരീരമാകുന്ന വിശ്വാസികളുടെ മേലും അധികാരം ലഭിച്ചിരിക്കുന്നു." എന്നത്രെ വി: ക്രിസോസ്തോം പറയുന്നതു്. "മിശിഹായുടെ ശരീരം കൂദാശ ചെയ്യുന്നതിനെക്കാൾ ഉൽകൃഷ്ടമായ പ്രവൃത്തിയില്ല. അതുപോലെ പൌരോഹിത്യത്തെക്കാൾ ഉന്നതമായ പി

ദേവിയുമില്ല." എന്നു മഹാനായ വി: അൽബർത്തൂസും "ഒരു പാപിയെ പവിത്രീകരിക്കുക ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതിൽ മഹത്തായ കൃത്യമാണെ"ന്നു വി: ആഗസ്തീനോസും സമർത്ഥിക്കുന്നു. അതിനാൽ ഒരു സാധുവൈദികൻെറ സ്ഥാനം ലോകത്തിലെ സകല രാജാക്കന്മാരുടെയും ചക്രവർത്തികളുടെയും സ്ഥാനത്തെക്കാളും സ്വർഗ്ഗത്തിലെ സകല മാലാഖാമാരുടെയും, അല്ല, പരിശുദ്ധദൈവജനനിയുടെപോലും സ്ഥാനത്തെക്കാളും ഉന്നതമാണെന്നു നിസ്സംശയം പറയാം. ലൗകികാധികാരികൾക്കു മനുഷ്യൻെറ ശരീരത്തിന്മേൽമാത്രം അധികാരമുള്ളപ്പോൾ, വൈദികനു് ശരീരത്തെക്കാൾ അനേകമടങ്ങുവിലയുള്ള ആത്മാവിന്മേലാണു് അധികാരം. യാതൊരു മാലാഖയ്ക്കും പരിശുദ്ധദൈവജനനിക്കുപോലും കുർബാനചൊല്ലുന്നതിനോ ഏററം നിസ്സാരമായ പാപമെങ്കിലും മോചിക്കുന്നതിനോ അധികാരമില്ല. മറിയം ഒരിക്കൽമാത്രമെ ദൈവപുത്രനെ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു ആനയിച്ചുള്ളു. വൈദികനാകട്ടെ എത്രപ്രാവശ്യം കുർബാന ചൊല്ലുന്നുവോ അപ്പോഴെല്ലാം ദൈവപുത്രനെ അൾത്താരയിലേക്കു് ആനയിക്കുന്നു. അക്കാരണത്താൽ വി: ബെർണ്ണർഡിൻ മാതാവിനോടു പറയുന്നു: "ദിവ്യജനനീ, എന്നോടു ക്ഷമിച്ചാലും. ഞാൻ നിനക്കെതിരായി പറയുകയല്ല, കർത്താവു് പൗരോഹിത്യത്തെ നിനക്കു മേലായി ഉയർത്തിയിരിക്കുന്നു."

## വൈദികൻെറ സേവനം

ഇപ്രകാരമുള്ള ഉന്നതാധികാരം ദൈവം വൈദികനു നല്കിയിരിക്കുന്നതു് അവൻ സ്വയം അഭിമാനിക്കുന്നതിനല്ല. പിന്നെയോ വേറൊരു മിശിഹാ എന്നവണ്ണം മനുഷ്യർക്കു നന്മചെയ്യുന്നതിനാണു്. "എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു." എന്നാണല്ലോ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്. അപ്പവും വീഞ്ഞും കൂദാശ

ചെയ്യുമ്പോഴം "ഇതെൻെറ ശരീരമാകുന്നു എൻെറ രക്തമാകുന്നു." എന്നും, പാപം മോചിക്കുമ്പോഴം "ഞാൻ നിന്നെ നിൻെറ പാപങ്ങളിൽനിന്നു മോചിക്കുന്നു'' എന്നും പറയുന്നതിൽനിന്നു് വൈദികൻ മിശിഹായുടെ വെറും പ്രതിനിധി എന്ന രീതിയിലല്ല, പ്രത്യുത യഥാർത്ഥത്തിൽ മിശിഹായായിതന്നെയാണു വർത്തിക്കുന്നതെന്നു നമുക്കു നിഷ്പ്രയാസം മനസ്സിലാക്കാം. മിശിഹാ എങ്ങനെ നിരന്താം തൻെറ പിതാവിൻെറ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി പരിശ്രമിച്ചുവോ അതുപോലെ പരിശ്രമിക്കുവാൻ കടപ്പെട്ടവരാണു വൈദികർ, പ്രത്യേകിച്ചു് ഇടവകഭരണം കയ്യേററിരിക്കുന്ന വൈദികർ.

ഒരു ക്രിസ്ത്യാനിക്കു് ജനനം മുതൽ മരണംവരെയും തുടർന്നും, ഒരു വൈദികൻെറ സേവനം അത്യന്താപേക്ഷിതമാണു്. മാമ്മോദീസാ അവനെ തിരുസ്സഭയുടെ അംഗമാക്കുന്നതും മാമ്മോദീസായിൽലഭിച്ച ദൈവികജീവൻ നഷ്ടപ്പെട്ടുപോയാൽ പാപമോചനം നല്കി വീണ്ടെടുക്കാൻ സഹായിക്കുന്നതും, മിശിഹായുടെ തിരുശ്ശരീരരക്തങ്ങളാൽ ആത്മാവിനെ തീററിപ്പോററുന്നതും ഭാവിതലമുറയ്ക്കുവേണ്ടി വിവാഹത്തെ ആശീർവദിക്കുന്നതും മരണാസന്നനാകുമ്പോഴം അന്ത്യലേപനം നല്കി അന്ത്യയാത്രയ്ക്കു അവനെ ഒരുക്കുന്നതും മരണശേഷം നിത്യസൗഭാഗ്യത്തിൽ എത്തിച്ചേരുന്നതുവരെ ദിവ്യബലികളാലും പ്രാർത്ഥനയാലും അവൻെറ ആത്മാവിനെ സഹായിക്കുന്നതും വൈദികനാണു്.

## ലാമാർട്ടിൻെറ തൂലികാചിത്രം

ഇടവകജോലിനോക്കുന്ന ഉത്തമവൈദികൻെറ സേവനത്തെപ്പററി ലാമാർട്ടിൻ എന്ന ഗ്രന്ഥകാരൻ പറയുന്നതു ശ്രദ്ധേയമാണു്. "ഓരോ ഇടവകയിലും ഓരോ മനുഷ്യനുണ്ടു്. അദ്ദേഹത്തിനു സ്വന്തമായി കുടുംബമില്ല; എന്നുകൊണ്ടെ

ന്നാൽ, എല്ലാ കുടുംബങ്ങളും അദ്ദേഹത്തിന്റെ സ്വന്തമാകുന്നു. സാമൂഹികജീവിതത്തിലെ എല്ലാ പ്രധാനകാര്യങ്ങളിലും അദ്ദേഹം ഒരു സാക്ഷിയും ഉപദേഷ്ടാവും പ്രവർത്തകനുമായിട്ടാണു ഗണിക്കപ്പെട്ടുപോരുക. അദ്ദേഹത്തിന്റെ ശുശ്രൂഷ കൂടാതെ ആരും ഇഹത്തിലേക്കു വരുകയോ ഇവിടെനിന്നു പോകുകയോ ചെയ്യുന്നില്ല. തള്ളയുടെ കരങ്ങളിൽനിന്നു സ്വീകരിക്കുന്ന ശിശുവിനെ ശവക്കല്ലറയിൽ വച്ചേ പിരിയുന്നുള്ളൂ. പിള്ളത്തൊട്ടിയും മണവറയും മരണക്കിടക്കയും പ്രേതമഞ്ചവും അദ്ദേഹം ആശീർവദിക്കുന്നു. കുററമില്ലാത്ത പിഞ്ചുപൈതങ്ങൾ അദ്ദേഹത്തെ സ്നേഹിക്കയും ആദരിക്കയും ബഹുമാനിക്കയും ചെയ്യുന്നു.

"അറിയാത്തവർപോലും അദ്ദേഹത്തെ 'പിതാവെ' എന്നു് അഭിവാദ്യം ചെയ്യുന്നു. അദ്ദേഹത്തിന്റെ പാദത്തുങ്കൽ ക്രിസ്ത്യാനികൾ സാഷ്ടാംഗപ്രണാമം ചെയ്തു് അവരുടെ ഹൃദയങ്ങളിലെ നിഗൂഢവിചാരങ്ങളെപ്പോലും വെളിപ്പെടുത്തുകയും പരിശുദ്ധമായ കണ്ണുനീർ പൊഴിക്കയും ചെയ്യുന്നു. ദുഃഖിതരെ ആശ്വസിപ്പിക്കയും കായികമാനസികപീഡകളെ ശമിപ്പിക്കയും ചെയ്യുന്ന ഒരുദ്യോഗമാണു് അദ്ദേഹത്തിനുള്ളതു്. ധനവാനേയും ദരിദ്രനേയും തമ്മിൽ സന്ധിപ്പിക്കുന്ന ഒരു മദ്ധ്യസ്ഥനാകുന്നു അദ്ദേഹം. സമ്പന്നരും ദരിദ്രരും അദ്ദേഹത്തിന്റെ പടിവാതുക്കലേക്കു വരുന്നു. സമ്പന്നന്മാർ രഹസ്യത്തിൽ ധർമ്മം കൊടുക്കുന്നതിനും, പാവപ്പെട്ടവർ ലജ്ജകൂടാതെ അതു വാങ്ങുന്നതിനും.

അദ്ദേഹം ഒരു പ്രത്യേകസമുദായത്തിലും ഉൾപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ, എല്ലാ സമുദായത്തോടും അദ്ദേഹത്തിനു ചാർച്ചയുണ്ടു്. അധഃസ്ഥിതരോടു തന്റെ നിർദ്ധനാവസ്ഥയും, വിനീതമായ (മിക്കപ്പോഴും) കുടുംബപാരമ്പര്യവും വഴിയും ഉയർന്നനിലയിലുള്ളവരോടു തന്റെ വിദ്യാഭ്യാസവും, വിജ്ഞാനവും, ഉൽകൃഷ്ടാശയങ്ങളും പരസ്നേഹവും വഴിയും അ

ദ്ദേഹം സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു. എല്ലാം അറിയാവുന്നവനും നിർബാധം സംസാരിപ്പാൻ അർഹതയുള്ളവനുമാണ് അദ്ദേഹം. അദ്ദേഹത്തിൻെറ ദൈവപ്രേരിതങ്ങളായ വാക്കുകൾ ദൈവത്താൽ അയയ്ക്കപ്പെട്ട ഒരുവൻെറ അധികാരത്തോടും നിർമ്മലവിശ്വാസമുള്ള ഒരുവൻെറ നിർബന്ധപൂർവമായ ശാസനയോടുംകൂടെ ശ്രോതാക്കളുടെ ഹൃത്തടങ്ങളിൽ പതിക്കുന്നു. തൻെറ ദിവ്യമായ ഉദ്യോഗത്തിൻെറ ചുമതലകൾ യഥോചിതം നിർവഹിച്ചു നന്മചെയ്യുന്നതിനോ അവയ്ക്കു വീഴ്ച വരുത്തി തിന്മചെയ്യുന്നതിനോ അദ്ദേഹത്തെപ്പോലെ മററാർക്കും അവസരമില്ല."

## വൈദികസേവനത്തിൻെറ പ്രാധാന്യം

വിവിധരാഷ്ട്രങ്ങളും ഐക്യരാഷ്ട്രസമിതിയും മനുഷ്യൻെറ ക്ഷണഭംഗുരമായ ഐഹികജീവിതം സുഖപ്രദമാക്കുവാൻ എന്തു പരിശ്രമമാണു ചെയ്യുന്നതു്! ലോകസമാധാനം കൈവരുത്തുന്നതിനോ, ജീവിതസുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ ഗണ്യമായി എന്തെങ്കിലും ചെയ്തിട്ടുള്ള വ്യക്തികളെ എല്ലാവരും മഹാന്മാരായി പൂജിക്കുന്നു. അവരുടെ സേവനം എത്ര വിശിഷ്ടമായിരുന്നാലും അതുകൊണ്ടുള്ള ഗുണം താല്ക്കാലികം മാത്രമാണ്. എന്നാൽ മനുഷ്യർക്കു നിത്യസൗഭാഗ്യം കൈവരുത്തുവാൻ ഒരു വൈദികൻ അനുഷ്ഠിക്കുന്ന സേവനം, ലോകദൃഷ്ടിയിൽ എത്ര നിസ്സാരമായിതോന്നിയാലും, യഥാൎത്ഥത്തിൽ വിലയേറിയതാണ്. കാരണം അതിൻെറ ഫലം അനന്തമാണെന്നതുതന്നെ. "ലോകം മുഴുവൻ നേടിയാലും തൻെറ ആത്മാവിനെ നശിപ്പിച്ചാൽ ഒരുവനു് എന്തു ഫലം?" എന്നും "ഒരാത്മാവിൻെറ വിലയായി എന്തുകൊടുക്കാൻ സാധിക്കും." എന്നുമുള്ള ദിവ്യഗുരുവിൻെറ ചോദ്യങ്ങൾ പ്രസ്തുത വസ്തുത തെളിയിക്കുന്നു.

അതിനാൽ പ്രിയകുഞ്ഞനിയാ, ഗാഢമായി ചിന്തിച്ചു

നോക്കൂ. നിൻെറ ബുദ്ധിശക്തിയും പഠനസാമർത്ഥ്യവും മററുംവഴി നിനക്കു വളരെ ഉയർന്ന ഒരുദ്യോഗം ലഭിക്കാമെന്നിരിക്കട്ടെ. അല്ലെങ്കിൽ നീ ആസൂത്രണം ചെയ്യാൻ പോകുന്ന ഒരു പദ്ധതി അനുസരിച്ച് കേരളത്തിലെ, എന്നല്ല ഭാരതത്തിലെ മുഴുവൻ ദരിദ്രർക്കും സകലവിധ ജീവിതസൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കാൻ കഴിയുമെന്നു സങ്കല്പിക്കുക. അങ്ങനെ നിൻെറ പേരു ഭാരതചരിത്രത്തിൽ ഗാന്ധിജിയുടെയോ നെഹ്റുവിൻെറയോ പേരുപോലെ സ്ഥിരപ്രതിഷ്ഠിതമാകാൻ പാടുണ്ടെന്നുതന്നെ വിചാരിക്കുക. എന്നാലും ഒരു വൈദികനു വേണ്ട ലക്ഷണങ്ങളെല്ലാം ദൈവം നിനക്കു നല്കിയിട്ടുണ്ടെങ്കിൽ, മറെറാരുവിധത്തിൽ പറഞ്ഞാൽ പൗരോഹിത്യത്തിലേക്കു നിനക്കു ദൈവവിളിയുണ്ടെങ്കിൽ നിശ്ചയമായും ആ വിളി അനുസരിച്ചുപ്രവർത്തിക്കുകയാണ് നിൻെറ മററു സകലസേവനങ്ങളെയുംകാൾ കൂടുതൽ ഉപകാരപ്രദം. ഒന്നു വെറും ലൗകികവും താല്ക്കാലികവുമായിരിക്കെ, മററതു പാരത്രികവുംശാശ്വതവുമത്രേ.

## ദൈവവിളി നഷ്ടപ്പെടുത്തരുത്, പുഷ്ടിപ്പെടുത്തണം

മേല്പറഞ്ഞവയിൽനിന്ന് പൌരോഹിത്യത്തിലേക്കുള്ള ദൈവവിളി ഒരു മഹാദാനമാണെന്നു മനസ്സിലാക്കാമല്ലോ. എങ്കിലും വേണ്ടതു ചിന്തിക്കായ്കകൊണ്ടും ശ്രദ്ധിക്കായ്കകൊണ്ടും അനേകം ദൈവവിളികൾ നഷ്ടപ്പെട്ടു പോകുന്നുണ്ട്. ആ അത്യാഹിതം ഒഴിവാക്കുവാൻ ഒന്നാമതായി ചെയ്യേണ്ടതു് ഹൃദയനൈർമ്മല്യം സംരക്ഷിക്കയാണ്. ചീത്തക്കൂട്ടുകാർ, വിശ്വാസത്തെയും സന്മാർഗ്ഗത്തെയും നശിപ്പിക്കുന്ന ചീത്തപ്രസിദ്ധീകരണങ്ങൾ, അശ്ലീലമായ സിനിമാ മുതലായവ എപ്പോഴും അധമമായ ചിന്തകളിലേക്കു മനസ്സിനെ വലിച്ചിഴച്ചുകൊണ്ടുപോകും. അവയെ നിരന്തരം പരിത്യജിക്കാഞ്ഞാൽ എത്രനല്ല ദൈവവിളിയും നഷ്ടപ്പെട്ടുപോകുമെന്നതു നിശ്ചയമാണ്.

അവയിൽനിന്നെല്ലാം മാറിനടന്നു് ദൈവാഹ്വാനത്തെ നഷ്ടപ്പെടുത്താതിരുന്നാൽ മാത്രംപോരാ, അതിനെ പുഷ്ടിപ്പെടുത്തുകയും വേണം. അതിനായി യോഗ്യതയോടുകൂടി ദിവ്യകൂദാശകൾ അടുക്കലടുക്കൽ സ്വീകരിക്കുകയും ആദ്ധ്യാത്മികോപദേഷ്ടാവായി ഒരു വൈദികനെ തിരഞ്ഞെടുക്കുകയും അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണംജീവിക്കയും ബൈബിൾ, ക്രിസ്താനുകരണം, വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ, ദൈവവിളിയെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ മുതലായവ വായിക്കുന്നതും, വായിച്ചവയെക്കുറിച്ചു് ഗാഢമായി ചിന്തിക്കുന്നതും ഉപകാരപ്രദമായിരിക്കും. ഇവയെല്ലാം ഉപരിയായി നമ്മെ സംബന്ധിച്ചുള്ള ദൈവഹിതം അറിയുവാൻ ബുദ്ധിക്കുപ്രകാശവും ആ അറിവിന്നനുസരിച്ചു പ്രവർത്തിക്കുവാൻ മനസ്സിനു ശക്തിയും നൽകണമെന്നു തീവ്രമായും വിനീതമായും പ്രാർത്ഥിക്കുക.

# രണ്ടാംഭാഗം

# ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടവർ

ഒന്നാം ഭാഗത്തിൽ സന്യാസത്തിനും പൗരോഹിത്യത്തിനുമുള്ള ദൈവവിളിയുടെ മാഹാത്മ്യത്തെപ്പററി പ്രസ്താവിച്ചു വല്ലോ. ഇനി ദൈവവിളിയെ പോഷിപ്പിക്കുന്നതിനു കുടുംബവും വിദ്യാലയവും ഇടവകയും എന്തെല്ലാമാണു ചെയ്യേണ്ടതെന്നു ചുരുക്കിപ്പറയാം.

## അദ്ധ്യായം പത്ത്

## കുടുംബവും ദൈവവിളിയും

ഉത്തമരായ വൈദികരേയും സന്യാസികളേയും സന്യാസിനികളേയും തിരുസ്സഭയ്ക്കു സംഭാവന ചെയ്തിട്ടുള്ളതു് ഉത്തമകത്തോലിക്കാ കുടുംബങ്ങളാണു്. "പരിശുദ്ധ മദ്ബഹായിലേയ്ക്കു വേണ്ട പുഷ്പങ്ങൾ ശേഖരിക്കുന്നതിനുള്ള തോട്ടങ്ങൾ യഥാർത്ഥ കത്തോലിക്കാ കുടുംബങ്ങളാണു്. ഉറച്ച വിശ്വാസവും ധീരസുകൃതങ്ങളും ആർജ്ജിച്ചിട്ടുള്ള പിതാവും, പരിശുദ്ധിയും സ്നേഹവും ഒത്തിണങ്ങിയ മാതാവും, ദൈവസ്നേഹവും പരസ്നേഹവും നിറഞ്ഞുതുളുമ്പുന്ന അംഗങ്ങളുമുള്ള ലളിതമായ കുടുംബരംഗത്തെയാണു് തിരുസ്സഭ പ്രശസ്തരായി ബ

ഹ്മാനിക്കുന്ന അനേകം മെത്രാന്മാരും വൈദികരും തങ്ങളുടെ ദൈവവിളിക്കും ആത്മവിശുദ്ധിക്കും നിദാനമായി ചൂണ്ടിക്കാണിക്കുന്നതു്. പരിപാവനമായ ഇത്തരം കുടുംബങ്ങളിൽ നിന്നത്രെ സഭയ്ക്കു് ഇനിയും അനേകം ദൈവശുശ്രൂഷകർ ഉണ്ടാകേണ്ടതു്." എന്നാണു ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പാ ഉദ്ബോധിപ്പിക്കുന്നതു്.

## ഉത്തമമാതാവ്

മോൺസിഞ്ഞോർ ഹറംസിൻെറ വാക്കുകളിൽ "ഒരു നല്ല വൈദികനെ വാർത്തെടുക്കുവാൻ ഒരു യഥാർത്ഥ ക്രൈസ്തവമാതാവുതന്നെ വേണം. സെമിനാരിയിലെ പരിശീലനം വൈദികചൈതന്യത്തിൻെറ മിനുക്കുപണിമാത്രമെ ആകുന്നുള്ളു. അതിൻെറ കാമ്പും കാതലും കരുപ്പിടിപ്പിക്കേണ്ടതു് ഉത്തമമാതാവാണു്."

"ദൈവവും കന്യകാമറിയവും കഴിഞ്ഞാൽ പൗരോഹിത്യത്തിലേക്കും സന്യാസജീവിതത്തിലേക്കുമുള്ള എൻെറ ദൈവവിളിക്കു ഞാൻ കടപ്പെട്ടിരിക്കുന്നതു് എൻെറ അമ്മയോടാണു്" എന്നു ഡോക്ടർ മോറോ S. D. B. പറയുന്നു. "ഒരു വൈദികൻ ആദ്യംഅഭിഷിക്തനാകുന്നതു് കത്തീഡ്രലിൽ വച്ചല്ല, മെത്രാനാലുമല്ല, പ്രത്യുത അമ്മയുടെ ഹൃദയത്തിൽവച്ചു്, അവളുടെ പരിശുദ്ധമായ ആഗ്രഹങ്ങളാലും, അഭിനിവേശങ്ങളാലും, ദിവ്യോദ്ദേശ്യങ്ങളാലുമാണു്" എന്നത്രെ മറെറാരു മഹാൻെറ അഭിപ്രായം.

## കുടുംബം എന്തുചെയ്യണം?

തങ്ങളുടെ കുട്ടികളെ ദൈവം തൻെറ പ്രത്യേകശുശ്രൂഷയ്ക്കായി സന്യാസത്തിലേയ്ക്കോ പൗരോഹിത്യത്തിലേയ്ക്കോ തിരഞ്ഞെടുക്കുന്നതു ഒരു മഹാഭാഗ്യമായി മാതാപിതാക്കന്മാർ കരുതണം. തദർത്ഥംനിരന്തരം ദൈവത്തോടു പ്രാർത്ഥിക്കണം. സന്യാ

സിനീസന്യാസികളേയും വൈദികരേയും ബഹുമാനിക്കയും, അവരുടെ ജീവിതാവസ്ഥയുടെ മാഹാത്മ്യത്തെക്കുറിച്ച് അവസരോചിതം കുട്ടികളോടു സംസാരിക്കുകയും, ദൈവവിളിയുടെ വിത്തുകൾ അവരുടെ ഹൃദയങ്ങളിൽ പാകുന്നതിനു ശ്രമിക്കയും വേണം. എന്നാൽ ഉപദേശത്തെക്കാൾ കൂടുതൽ ആവശ്യവും ഉപകാരപ്രദവും സന്മാതൃകയാണ്. മാതാപിതാക്കന്മാർ പരസ്പരം സ്നേഹിക്കയും ദൈവപ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും കൃത്യമായി ആചരിക്കയും, ഭക്തിപൂർവ്വം കുടുംബപ്രാർത്ഥനകൾ ചൊല്ലുകയും അടുക്കലടുക്കൽ ദിവ്യകൂദാശകൾ സ്വീകരിക്കയും ഇവയെല്ലാം മക്കളെ പ്രേരിപ്പിക്കയും ചെയ്യേണ്ടതാണ്. കൂടാതെ, മക്കൾ അലസരും, സുഖലോലുപരും, സ്വാർത്ഥമതികളും ആകാതിരിപ്പാൻ അദ്ധ്വാനത്തിന്റെയും ത്യാഗത്തിന്റെയും ഔദാര്യത്തിന്റെയും അനുസരണയുടെയും ബീജങ്ങൾ അവരിൽ മുളപ്പിക്കുന്നതിനു ശ്രമിക്കണം.

തന്റെ മക്കളുടെ ദൈവവിളിക്കുവേണ്ടി കർദ്ദിനാൾ വോണിന്റെ മാതാവ് 25 കൊല്ലം അനുദിനം ഒരു മണിക്കൂർ വി: കുർബാനയുടെ മുൻപിൽ പ്രാർത്ഥിച്ചു. അതിന്റെ ഫലമായി അവരിൽ ഒരു കർദ്ദിനാളും ഒരു മെത്രാപ്പോലീത്തായും ഒരു മെത്രാനും മൂന്നു സാധാരണ വൈദികരും ഉണ്ടായികാണുന്നതിനു് അവൾക്കു ഭാഗ്യം സിദ്ധിച്ചു. കർദ്ദിനാൾ സ്റ്റെപ്പിനാക്കു് ഒരു വൈദികനായതു് അദ്ദേഹത്തിന്റെ മാതാവ് മുപ്പതു കൊല്ലത്തോളം ആഴ്ചയിൽ മൂന്നുദിവസം വീതം ഉപവസിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായിട്ടാണ്. സ്വന്തം മക്കളുടെ മാത്രമല്ല, എല്ലാവരുടെയും ദൈവവിളിക്കുവേണ്ടി ഒരു ചെറിയ ജപമെങ്കിലും ഇതരപ്രാർത്ഥനകളോടുകൂടി അനുദിനം കൂട്ടമായി ചൊല്ലുന്നതു് ഒരു നല്ല പതിവായിരിക്കും.

### ദൈവവിളിയെ ഒരിക്കലും എതിർക്കരുത്.

ഒരു വൈദികനൊ, കന്യാസ്ത്രീയോ സ്വകുടുംബത്തിൽ

നിന്നുണ്ടാകുന്നതു് കുടുംബത്തിനു വലിയ ബഹുമതിയും അനുഗ്രഹവുമാണെന്നു കരുതി ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം, അതിനു വിലങ്ങുതടിയായി നിന്നാൽ മാതാപിതാക്കന്മാർ ഗൗരവമുള്ള തെററുചെയ്യുന്നു. ഇതു സംബന്ധിച്ചു് 11-ാം പീയൂസ് മാർപ്പാപ്പാ പറയുന്നതു ശ്രദ്ധേയമാണു്. "മക്കൾക്കു പൗരോഹിത്യത്തിലേക്കോ സന്യാസത്തിലേക്കോ ലഭിക്കുന്ന ദൈവവിളികൾക്കു വഴങ്ങികൊടുക്കുവാൻ മാതാപിതാക്കന്മാർ പലപ്പോഴും വിമുഖരായി കാണപ്പെടുന്നുവെന്നു വ്യസനപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. കൂടുതൽ പുണ്യപൂർണ്ണതയിലേക്കുള്ള ദൈവവിളിയെത്തന്നെയല്ല, മന:സാക്ഷിയേയും, തങ്ങൾ ഏററം കാര്യമായി കരുതേണ്ട മക്കളുടെ നിത്യരക്ഷയെപ്പോലും, ഏതുമാർഗ്ഗവുമുപയോഗിച്ചും അപകടത്തിലാക്കുവാൻ അവർക്കു യാതൊരു ക്ലേശവുമില്ല. സമുദായത്തിലെ ഉന്നതനിലകളിൽ വ്യാപരിച്ചു ഉത്തമകത്തോലിക്കരെന്നു സ്വയം കരുതുന്ന മാതാപിതാക്കന്മാരിലാണു് ഈ നിലപാടു അധികം കണ്ടുവരുന്നതു്. ദൈവവിളിയില്ലാത്ത കുട്ടികളെ പൗരോഹിത്യത്തിലേക്കു തള്ളിക്കയററിവന്ന, ചില കഴിഞ്ഞ നൂററാണ്ടുകളിലെ നിർഭാഗ്യകരമായ സമ്പ്രദായംപോലെ ഇതും അപലപനീയമാണു്.......വിശ്വാസത്തിൻെറ വെളിച്ചത്തിലൂടെ നോക്കിയാൽ ക്രിസ്തീയ മാതാപിതാക്കന്മാർക്കു സ്വപുത്രന്മാർക്കുവേണ്ടിഅഭിലഷിക്കാവുന്ന ഏതു പദവിയുണ്ടു് പൗരോഹിത്യത്തിനുമേൽ? ഏതു മഹനീയ പ്രവർത്തനമണ്ഡലമുണ്ടു് മാലാഖാമാരാലും മനുഷ്യരാലും അഭിനന്ദനീയമെന്നു നാം സമർത്ഥിച്ചിട്ടുള്ള വൈദികവൃത്തിക്കുമേൽ?......തകർക്കപ്പെട്ട ദൈവവിളികൾ വഞ്ചിതരായ മക്കൾക്കുമാത്രമല്ല ദുരുപദേശം നല്കിയ മാതാപിതാക്കന്മാർക്കും തോരാത്ത കണ്ണുനീരിനു കാരണമായതിനു വേദനാജനകമായ അനുഭവം നമുക്കുണ്ടു്. ആ കണ്ണുനീർ നിത്യകാലത്തെയ്ക്കുമാകാതിരിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ."

## അനുവാദം ആവശ്യമോ?

നല്ല മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾക്ക് ദൈവവിളി ലഭിക്കുന്നതിന് അഭിലഷിക്കുകയും പ്രാർത്ഥിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ദൈവവിളി തങ്ങൾക്കുണ്ടെന്ന് ബോധ്യമുള്ള മക്കൾ മാതാപിതാക്കന്മാരുടെ അനുവാദവും ആശീർവാദവും സ്വീകരിച്ച് ഇറങ്ങിപ്പുറപ്പെടുന്നതായിട്ടാണ് സാധാരണഗതിയിൽ നാം കണ്ടുവരാറുള്ളത്. അതാണഭിലഷണീയം. ദൈവവിളിയുള്ള മക്കളോടെതിർക്കുന്ന മാതാപിതാക്കന്മാർ ഒരുവിധത്തിൽ ദൈവത്തോടുതന്നെയാണെതിർക്കുന്നത്. അനീതിയായ ഈ എതിർപ്പ് നീതീകരിക്കപ്പെടുന്നില്ല.

തങ്ങളുടെ മക്കളുടെമേൽ ദൈവത്തിനു പരമാധികാരമുള്ളവെന്നും ദൈവവിളിയുണ്ടെന്നു പൂർണ്ണബോദ്ധ്യമുള്ളപ്പോൾ, മാതാവിൻെറയും വി: യൗസേപ്പുപിതാവിൻെറയും അനുമതികൂടാതെ തൻെറ പിതാവിൻെറ കാര്യങ്ങളിൽ വ്യാപൃതനാകുന്നതിന് ഓർശ്ലം ദേവാലയത്തിൽ താമസിച്ച ദിവ്യബാലനെ അനുകരിച്ച് മാതാപിതാക്കന്മാരുടെ അനുമതികൂടാതെ വീടുവിട്ടിറങ്ങിപ്പോകുവാൻ മക്കൾക്കു പാടുണ്ടെന്നുമുള്ള വസ്തുത മാതാപിതാക്കന്മാർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നതിനുമുൻപു മക്കൾ തങ്ങളുടെ ദൈവവിളിയുടെ യാഥാർത്ഥ്യത്തെക്കുറിച്ചു തീരുമാനമെടുക്കാൻ ആദ്ധ്യാത്മികനിയന്താവിൻെറ അഭിപ്രായം ആരായേണ്ടതുണ്ട്. പലവിധത്തിൽ പരിശ്രമിച്ചു നോക്കിയിട്ടും ഫലമില്ലെന്നു കണ്ടെങ്കിലേ അനുവാദംകൂടാതെ ഇറങ്ങാവൂ.

## അദ്ധ്യായം പതിനൊന്നു്

# വിദ്യാലയവും ദൈവവിളിയും

വൈദികസന്യാസാന്തസ്സുകളിലേക്കുള്ള ദൈവവിളികൾക്കു പലർക്കും പ്രചോദനം ലഭിച്ചിട്ടുള്ളതു് വിദ്യാലയാന്തരീക്ഷത്തിൽ നിന്നാണു്. അമേരിക്കൻ മേരിനോൾ സെമ്മിനാരിയിൽ 1948-ൽ പഠിച്ചിരുന്ന 200 വിദ്യാർത്ഥികളിൽ 146 പേരും മിഷനു പോകാനുള്ള ആഹ്വാനം തങ്ങൾക്കു സ്കൂളിൽ നിന്നാണു ലഭിച്ചതെന്നു പറയുകയുണ്ടായി.

### അമേരിക്കർ എന്തു ചെയ്യുന്നു?

അവിടെ ഓരോ രൂപതയിലും ഓരോ വൊക്കേഷൻ ഡിറക്ടർ ഉണ്ടായിരിക്കും. അദ്ദേഹത്തിനാണു് ദൈവവിളി സംബന്ധിച്ചുള്ള സകല നിയന്ത്രണവും മേൽനോട്ടവും. ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും അദ്ദേഹം എല്ലാസ്കൂളുകളും സന്ദർശിച്ചു പ്രസംഗിക്കും. ഈ പ്രസംഗങ്ങളിൽനിന്നാണു് വൈദികസന്യാസാന്തസ്സുകളുടെ മാഹാത്മ്യത്തെയും, വിദേശങ്ങളിൽ മിഷനറിമാർ ചെയ്യുന്ന സേവനങ്ങളേയും, കൂടുതൽ മിഷനറി വൈദികരും സന്യാസിനീസന്യാസികളും ഉണ്ടാകേണ്ട ആവശ്യത്തേയും പററി വിദ്യാർത്ഥികളിൽ ഏറിയപങ്കും ഗ്രഹിക്കുന്നതു്. ഈ വിഷയങ്ങൾ സംബന്ധിച്ചു് ധാരാളം ലഘുലേഖകളും അദ്ദേഹം വിതരണംചെയ്യുന്നു.

വൊക്കേഷൻ ഡിറക്ടരുടെ സന്ദർശനത്തിനു പുറമെ വിവിധ സഭകളിൽപെട്ട സന്യാസിനീസന്യാസികളും സ്കൂളുകളിൽവന്നു തങ്ങളുടെ സഭകളെപ്പററി കുട്ടികളോടു പൊതുവായും ആഗ്രഹമുള്ളവരോടു തനിച്ചും സംസാരിച്ചു് ദൈവവിളി

പ്രോത്സാഹിപ്പിക്കാറുണ്ട്. പല സ്ഥലങ്ങളിലും ദൈവവിളിയെക്കുറിച്ചു ചർച്ചചെയ്തു് കൂലങ്കഷമായി പഠിക്കുവാൻ വൊക്കേഷൻ ക്ലബ്ബുകളും യോഗ്യരെങ്കിലും നിർദ്ധനരായ വിദ്യാർത്ഥികളെ സാമ്പത്തികമായി സഹായിക്കുവാൻ ക്ലേരിക്കൽ ക്ലബ്ബുകളും നടത്തുന്നുണ്ട്. അതുപോലെ ദൈവവിളിയുടെ വദ്ധനവിനുവേണ്ടി കുട്ടികളെക്കൊണ്ടു പ്രാർത്ഥിപ്പിക്കുകയും ആണ്ടുതോറും അവധിക്കാലങ്ങളിൽ പബ്ലിക്കു സ്കൂളുകളിൽ പഠിക്കുന്ന വിദ്യാത്ഥികളെ പ്രധാനമായി ഉദ്ദേശിച്ചു പാനക്കളരികളും ധ്യാനപ്രസംഗങ്ങളും നടത്തുകയും ചെയ്യുന്നുണ്ട്. ഇവയെല്ലാം നമുക്കും അനുകരിക്കാവുന്നവയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

## അദ്ധ്യാപകന്മാരുടെ കടമ

ശിഷ്യന്മാർ ഉന്നതബിരുദങ്ങൾനേടി ഉയർന്ന ഉദ്യോഗങ്ങളിൽ പ്രവേശിച്ചു കാണുന്നതു് അദ്ധ്യാപകന്മാക്കു അത്യന്തം ചാരിതാത്ഥ്യജനകമാണു്. എന്നാൽ രാഷ്ട്രീയമണ്ഡലത്തിലുള്ള ഏതുദ്യോഗത്തെക്കാളുംമാഹാത്മ്യമേറിയ സന്യാസജീവിതത്തിലേക്കു സ്വശിഷ്യരെ ആനയിക്കുന്ന അദ്ധ്യാപകനു എത്രകൂടുതലായി ആനന്ദത്തിനും അഭിമാനത്തിനും അവകാശമുണ്ടു്. "ഒരു വൈദികനെ രൂപവല്ക്കരിക്കുന്നതിനേക്കാൾ ഉൽകൃഷ്ടമായ കൃത്യമില്ല." എന്നു സെൻറ് വിൻസെൻറ് ഡി പോൾ പറയുന്നതു ചിന്താർഹമാണു്. ഉത്തമകത്തോലിക്കരായ ധാരാളം അദ്ധ്യാപകന്മാർ വേദപാഠക്ലാസ്സിലും ചിലപ്പോൾ ക്ലാസ്സിനു വെളിക്കുംഅവരോചിതമായ തമാശകൾ, ചില്ലറ സൂചനകൾ, അനുസ്മരണകൾ എന്നിവയിലൂടെ പൗരോഹിത്യത്തിൻെറയും സന്യാസത്തിൻെറയും മാഹാത്മ്യത്തെപ്പററി സംസാരിച്ചതിൻെറ ഫലമായി എത്രയെത്ര യുവതീയുവാക്കന്മാരിൽ ദൈവവിളി ബീജാവാപം ചെയ്തിട്ടുണ്ടെന്നു അനുഭവസ്ഥന്മാക്കറിയാം. തങ്ങളുടെ ഭക്തിതീക്ഷ്ണതയാൽ ഈ ഉൽകൃഷ്ടജീവിതം

കൈവരിച്ചവരും അവരുടെ ശ്രമത്താൽ നിത്യരക്ഷപ്രാപിച്ചവരും ഈ അദ്ധ്യാപകന്മാരുടെ സ്വർഗ്ഗഭാഗ്യത്തെ വളരെമടങ്ങു് വർദ്ധിപ്പിക്കുമെന്നു നിസ്സംശയം പറയാം.

## നാമ്പു നുള്ളരുതു്

ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം വൈദികരേയും സന്യാസികളേയും പററി അവജ്ഞജനിപ്പിക്കത്തക്കവിധം കുട്ടികളോടു സംസാരിക്കയും ദൈവവിളിയുടെ നാമ്പു നുള്ളിക്കളയുകയും ചെയ്യുന്ന അദ്ധ്യാപകന്മാർ ചുരുക്കമായിട്ടെങ്കിലും ഉണ്ടെന്നതു് ഖേദകരമാണു്. ചിലപ്പോഴ് മാതൃകാപരമായി ജീവിക്കാത്ത വല്ല വൈദികൻെറയോ സന്യാസിയുടെയോ നടപടിയായിരിക്കാം ആ അദ്ധ്യാപകരെ വൈദികവിദ്വേഷികളാക്കിത്തീർക്കുന്നതു്. പന്ത്രണ്ടു ശ്ലീഹന്മാരുടെ കൂട്ടത്തിൽ ഒരു യൂദാസുണ്ടായിരുന്നില്ലേ? അതുപോലെ അനേകം വൈദികരുടെ കൂട്ടത്തിൽ ചുരുക്കം ചില തെററുകാരും ഉണ്ടായിരിക്കും. പക്ഷേ, അക്കാരണത്താൽ വൈദികാന്തസ്സിനെ ആകമാനം കരിതേച്ചു പ്രദർശിപ്പിക്കുന്നതു് ഹീനവും അക്ഷന്തവ്യവുമാണെന്നു് അവർ ധരിക്കട്ടെ.

## ഭാവിയിൽ ഫലപ്പെട്ടും

വിദ്യാർത്ഥികൾക്കു ദൈവവിളി ലഭിക്കുന്നതിനു് അദ്ധ്യാപകന്മാർ ചെലുത്തുന്ന പ്രേരണകൾ, അവരിൽ ഉദ്ദേശിച്ച ഫലം ഉളവാക്കിയില്ലെങ്കിൽത്തന്നെയും അവരെ തീക്ഷ്ണതയുള്ള കത്തോലിക്കാ പ്രവർത്തകരും അൽമായ പ്രേഷിതരും ആയി രൂപാന്തരപ്പെടുത്തുന്നതിനെങ്കിലും സഹായിക്കാതിരിക്കയില്ല. കുടുംബജീവിതത്തിലാണു് അവർ പ്രവേശിക്കാൻ ഇടയാകുന്നതെങ്കിൽ, ദൈവം പ്രദാനംചെയ്യുന്ന സന്താനങ്ങളെ ദൈവവിളി ലഭിക്കത്തക്കവണ്ണം വളർത്തിയെടുക്കുന്നതിനു് ഇതു പ്രയോജനപ്പെട്ടും സന്യാസജീവിതത്തെ വളരെ കാര്യമാ

യി മരിച്ച വി: കൊച്ചുത്രേസ്യായുടെ മാതാപിതാക്കൾക്കു് ആ ജീവിതത്തിൽ പ്രവേശിക്കുവാൻ ഭാഗ്യം സിദ്ധിച്ചില്ലെങ്കിലും മക്കളെയെല്ലാം ആ വഴിക്കു തിരിച്ചുവിടാൻ കഴിഞ്ഞുവെന്നതു പ്രത്യേകം പ്രസ്താവ്യമത്രെ.

## മിഷൻശാസ്ത്രം

വിദ്യാലയങ്ങളിലെ മതപാഠക്ലാസ്സുകളിൽ മിഷൻശാസ്ത്രംകൂടി പഠിപ്പിക്കേണ്ടതാണു്. ലോകത്തിലേയും ഓരോ ഭൂഖണ്ഡത്തിലെയും ആകെ ജനസംഖ്യയും കത്തോലിക്കരുടെ എണ്ണവും ധരിപ്പിച്ചു കുട്ടികൾക്കു് മിഷൻ പ്രവൎത്തനത്തിന്റെ ആവശ്യം എത്രയധികമാണെന്നു മനസ്സിലാക്കിക്കൊടുക്കണം. അതോടുകൂടെ ഓരോ കത്തോലിക്കനും ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ ഒരു മിഷനറിയാകാമെന്നും ആകേണ്ടതാണെന്നുമുള്ള ധാരണ കുട്ടികളിൽ ഉളവാക്കുക. പാടുള്ളിടത്തോളം മിഷൻ—മാസികകൾ വരുത്തി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന മിഷൻപ്രവൎത്തനങ്ങളെപ്പററി ഏകദേശജ്ഞാനമെങ്കിലും കുട്ടികൾക്കു നൽകിയാൽ, അവരിൽ പലരും മിഷനറികളാവാൻ ആഗ്രഹിക്കാതിരിക്കയില്ല. സ്കൂൾ സന്ദൎശിക്കുന്ന മിഷനറിമാർക്കു് തങ്ങളുടെ പ്രവൎത്തനങ്ങളെപ്പററി കുട്ടികളോടു പ്രസംഗിക്കുവാൻ അവസരം കൊടുക്കുന്നതും വളരെ ഉപകാരപ്രദമായിരിക്കും.

## അദ്ധ്യായം പന്ത്രണ്ട്

# ഇടവകയും ദൈവവിളിയും

ഇടവകയിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ ഇടവകവൈദികനു കടമയുണ്ട്. അതു സംബന്ധിച്ച കാനൻ നിയമം ഇപ്രകാരം നിർദ്ദേശിക്കുന്നു. "ദൈവവിളിയുടെ ലക്ഷണമുള്ള ബാലന്മാരെ വൈദികൻ–പ്രത്യേകിച്ച ഇടവക വൈദികൻ–ലോകത്തിൻെറ പ്രചോദനങ്ങളിൽനിന്നും വശീകരണങ്ങളിൽനിന്നും അകററി മതപരമായ അന്തരീക്ഷത്തിൽ വളർത്തുകയും, ക്രൈസ്തവതത്വസംഹിതയുടെ ആദ്യപാഠങ്ങൾ പഠിപ്പിക്കുകയും അവരിൽ മുളയെടുത്തിരിക്കുന്ന ദൈവവിളിയെ പരിപുഷ്ടമാക്കുകയും ചെയ്യണം."

ഇടവകവൈദികനു തൻെറ ഇടവകയിലുള്ള എല്ലാ കുടുംബങ്ങളേയും സംബന്ധിച്ച് ഏറെക്കുറെ നല്ല അറിവുണ്ടായിരിക്കുമല്ലൊ. ദൈവഭക്തരായ മാതാപിതാക്കന്മാരുടെ സംരക്ഷണയിൽ നന്നായി വളരുന്ന സൽസ്വഭാവികളായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന പക്ഷം ഉത്തമ ദൈവവിളികൾ സുലഭമായി കിട്ടും. അവരെ കുമ്പസാരിപ്പിക്കുന്ന അവസരത്തിൽ ചുരുക്കമായിട്ടെങ്കിലും നൽകുന്ന ഉപദേശത്തിനു വലിയ ശക്തിയുണ്ട്. സ്കൂൾഫൈനൽ പാസ്സാകുന്നതുവരെ കാത്തിരിക്കാതെ പത്തുപന്ത്രണ്ടു വയസ്സാകുമ്പോൾതന്നെ ദൈവവിളിയെപ്പററി സംസാരിച്ച് അവരെ ആ വഴിക്കു തിരിച്ചുവിട്ടാൽ ചീത്തക്കൂട്ടുകെട്ടുകളിലൊന്നും ഏർപ്പെടാതെ പരിശുദ്ധമായ ഒരു ജീവിതം നയിച്ച് അവർ ഉള്ള ദൈവവിളി നഷ്ടപ്പെടുത്താതെ സൂക്ഷിക്കും.

ഭക്തസംഘടനകൾ

അൾത്താരശുശ്രൂഷാസംഘം, മിഷൻലീഗ് മുതലായ ഭക്തസംഘടനകൾക്കു ദൈവവിളിയുടെ കാര്യത്തിൽ വളരെ സ്വാധീനം ചെലുത്താൻ സാധിക്കുമെന്നു അവയുടെ ചരിത്രം തെളിയിക്കുന്നുണ്ട്. അതിനാൽ പ്രസ്തുതസംഘടനകൾക്ക് ഇടവകയിൽ നല്ല പ്രോത്സാഹനം നൽകേണ്ടതാണ്. "മിഷൻലീഗിൻെറ ഒരു പ്രഖ്യാപിതലക്ഷ്യവും അഭിമാനകരവുമായ നേട്ടവുമാണ് ദൈവവിളികളുടെ വർദ്ധനവ്. അനേകം കൊല്ലങ്ങളായി ഒററ ദൈവവിളിപോലും ഇല്ലാതിരുന്ന ഇടവകകളിൽ, മിഷൻലീഗിൻെറ ആവിർഭാവത്തിനുശേഷം ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതും ആയ ഡസ്സൻ കണക്കിനു ദൈവവിളികൾ ഈ ലക്ഷ്യത്തെ ന്യായീകരിക്കുന്നു"

"ചെറുപുഷ്പമിഷൻ ലീഗ് നമ്മുടെ കുട്ടികളിൽ വളന്നുകൊണ്ടിരിക്കുന്ന മിഷൻചൈതന്യത്തെ നിയന്ത്രിച്ചുവളത്തുവാൻ ദൈവപരിപാലനയിൽ ഉടലെടുത്തിരിക്കുന്ന ഒരു സംഘടനയാണ്."

(റൈററ്. റവ: ഡോക്ടർ സെബാസ്ത്യൻ വള്ളോപ്പള്ളി.)

അൾത്താര ശുശ്രൂഷവഴി ദൈവവിളി പോഷിപ്പിക്കുന്നതിനെ സംബന്ധിച്ച പ. പിതാവ് 12-ാം പീയൂസ് പറയുന്നു: "ശരിയായ മതബോധനം ലഭിച്ച സൽസ്വഭാവികളായ ബാലന്മാരെ സമുദായത്തിൻെറ എല്ലാത്തട്ടുകളിൽനിന്നും തിരഞ്ഞെടുക്കുക. അവർ ഉത്സാഹത്തോടും തീക്ഷ്ണതയോ

---

കഴിഞ്ഞ 17 വർഷങ്ങളിലായി 24 ലക്ഷത്തിലധികം രൂപാ ചെറുപുഷ്പമിഷൻ ലീഗ് വിവിധശാഖകളിൽനിന്നു് സംഭരിച്ച് മിഷൻ പ്രവത്തനങ്ങൾക്കായി സംഭാവന ചെയ്തിട്ടുണ്ട്.

ട്ടംകൂടി അറംത്താരയിൽ ശുശ്രൂഷിക്കട്ടെ. വൈദികരുടെ മേൽനോട്ടത്തിലും പ്രോത്സാഹനത്തിലും അറംത്താര ശുശ്രൂഷ യ്ക്കായി അഭ്യസിപ്പിക്കപ്പെടുന്ന ഈ കുട്ടികളിൽനിന്നു ധാരാളം ദൈവവിളികൾ ലഭിക്കും."

## പ്രാത്ഥന

ദൈവവിളി ദൈവത്തിന്റെ ദാനമാകയാൽ പ്രാർത്ഥനാ ഫലമായിട്ടുവേണം അതു ലഭിക്കുവാൻ. അതിനാൽ ഇട വകദേവാലയത്തിലും കുടുംബങ്ങളിലും ഇക്കാര്യസാധ്യത്തിനായി പ്രാത്ഥിക്കേണ്ടതാണു്. "നല്ല വൈദികരെ നൽകണമെ എന്ന അപേക്ഷയേക്കാൾ ഈശോയുടെ തിരുഹൃദയത്തിനു പ്രീതികരമായ പ്രാർത്ഥനയേതു്? ആ തിരുഹൃദയത്തിന്റെ തുടിപ്പുകളോടു് ഇത്രമാത്രം പൊരുത്തമുള്ള ഈ പ്രാത്ഥനപോലെ ഫലസിദ്ധിയുള്ള പ്രാത്ഥനയേതു്? ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും. നല്ലവരും പുണ്യചരിതരുമായ വൈദികരെ നൽകണമെയെന്നു് അപേക്ഷിക്കുവിൻ. അപ്രകാരമുള്ളവരെ കർത്താവു സഭയ്ക്കു നൽകാതെയിരിക്കയില്ല." എന്നത്രെ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ഉദ്ബോധിപ്പിക്കുന്നതു്. ദൈവവിളിക്കായി പരസ്യമായും രഹസ്യമായും പ്രാർത്ഥിക്കണമെന്നു ബാങ്ഗ്ളൂരിൽവച്ചു കൂടിയ ഇൻഡ്യൻ മെത്രാന്മാരുടെ പ്ലെനറികൗൺസിലും നിശ്ചയം പാസ്സാക്കിയിട്ടുണ്ടു്.

## പ്രസംഗം

മേല്പറഞ്ഞ കൗൺസിൽ, ആണ്ടുതോറും എല്ലാ രൂപതകളിലും ഒരു ദൈവവിളിദിനം ആചരിക്കണമെന്നും അന്നു് പ്രത്യേകപ്രാർത്ഥനകൾക്കു പുറമെ ദൈവവിളിയെക്കുറിച്ചു പ്രസംഗിക്കണമെന്നും ആജ്ഞാപിക്കുന്നു. ആണ്ടിൽ ഒരിക്കൽ മാത്രമല്ല പലപ്രാവശ്യവും വികാരിമാർ ദൈവവിളിയെക്കുറിച്ചു പള്ളിയിൽ പ്രസംഗിക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും. അറിയാത്തതിനെ ആരും ആഗ്രഹിക്കയില്ലല്ലൊ. വൈദിക

വൃത്തിയും സന്യാസവൃത്തിയും എത്ര പ്രശംസനീയങ്ങളാണെന്നും അവ വഴി വ്യക്തികൾക്കും കുടുംബത്തിനും ലോകത്തിനു പൊതുവേയും ഉണ്ടാകാവുന്ന നന്മ എന്തുമാത്രമെന്നും വിശദീകരിച്ചു കേൾക്കുമ്പോൾ മാതാപിതാക്കന്മാരും കുട്ടികളും അതേക്കുറിച്ചു ചിന്തിക്കാതിരിക്കയില്ല. അങ്ങനെ ബാലികാബാലന്മാരുടെ ദൈവവിളി വർദ്ധിക്കുവാൻ എളുപ്പമുണ്ട്.

ദൈവവിളിദിനം മാത്രമല്ല ദൈവവിളിവാരംതന്നെ ഓരോ ഇടവകയിലും ഉണ്ടായിരിക്കുന്നതു നല്ലതാണ്. ആ ദിവസങ്ങളിൽ ഒരു ദൈവവിളി ധ്യാനം നടത്തുന്നതു നന്നായിരിക്കും. കൂടാതെ മിഷൻ പ്രദർശനവും മിഷനറിമാരുടെ പ്രസംഗങ്ങളും സെമ്മിനാരികളിലേയ്ക്കോ സന്യാസമന്ദിരങ്ങളിലേയ്ക്കോ ഉള്ള വിനോദയാത്രകളും ദൈവവിളി പ്രോത്സാഹിപ്പിക്കത്തക്ക പ്രഹസനങ്ങളും മററു കലാപരിപാടികളും അവസരോചിതമാണ്. ദൈവവിളിയുടെയും മിഷൻപ്രവത്തനത്തിൻെറയും വിവിധവശങ്ങളെ ആസ്പദമാക്കിയുള്ള പ്രസംഗമത്സരവും ഉപന്യാസമത്സരവും ഉപകാരപ്രദമായിരിക്കും.

## വായനശാല

മിക്ക ഇടവകകളിലും വായനശാലകൾ ഉണ്ടല്ലോ. അവിടെ ദൈവവിളിയെ പ്രോത്സാഹിപ്പിക്കത്തക്ക ധാരാളം പുസ്തകങ്ങളും മാസികകളും സംഭരിക്കയും അവ നിരന്തരം വായിക്കുന്നതിനു കുട്ടികൾക്കു പ്രചോദനവും സൗകര്യവും നൽകുകയും വേണം. പല നല്ല ദൈവവിളികൾക്കും അതു വഴിതെളിക്കും.

# മൂന്നാംഭാഗം

## സന്യാസസഭകൾ

### അദ്ധ്യായം പതിമ്മൂന്ന്

## വൈദികസന്യാസസഭകൾ

### 1. ഈശോസഭ (S J)

വി: ഇഗ്നേഷ്യസ് ലയോള ആണ് ഈ സഭയുടെ സ്ഥാപകൻ. 1534 ആഗസ്റ്റ് 15-ാം തീയതി പാരീസിൽ മോൺമാർട്ട് ദേവാലയത്തിൽവച്ച് ഉൽഘാടനം ചെയ്യപ്പെട്ടു. 1540 സെപ്റ്റംബർ 27-ാം തീയതി ഔദ്യോഗികമായി ഈ സഭ സ്ഥാപിതമായി. സഭാംഗങ്ങളിൽ 30 പേർ വിശുദ്ധരായും 150 പേർ വാഴ്ത്തപ്പെട്ടവരായും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. "ദൈവമഹത്വം വർദ്ധിപ്പിക്കുക" എന്നതാണ് മുദ്രാവാക്യം.

അംഗസംഖ്യയിൽ തിരുസ്സഭയിലെ സന്യാസസഭകളിൽ ഒന്നാം സ്ഥാനം ഈ സഭയ്ക്കാണ്. ഭാരതത്തിൽ 12 കോളേജുകളും, 50 ഹൈസ്കൂളുകളും, 430 പ്രൈമറിസ്കൂളുകളും, 5 സെമ്മിനാരികളും, അനേകം കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും പ്രശസ്തമായി ഇവർ നടത്തിവരുന്നുണ്ട്. ബോംബേ, റാഞ്ചി തുടങ്ങിയ പല പ്രോവിൻസുകളും, കൽക്കട്ടാ, പാററ്നാ, മംഗ

ലാപുരം തുടങ്ങിയ അനേകം വൈസ് പ്രോവിൻസുകളുമുണ്ട്. സുറിയാനിക്കാർക്കായി മലബാർ പ്രോവിൻസ് രൂപീകൃതമായിട്ടുണ്ട്. ഇൻഡ്യയിൽ 115 ഭവനങ്ങളും 2500 അംഗങ്ങളുമുണ്ട്. മൊത്തം അംഗസംഖ്യ 36000 ആകുന്നു. വൈദികപഠനം 14വർഷത്തോളം ദീർഘിക്കുന്നതാണ്.

Rev. Fr. Rector–Leo XIII High School–
Alleppy.

## 2 അമലോത്ഭവമാതാവിൻെറ കർമ്മലീത്തർ (C. M. I)

പാലയ്ക്കൽ തോമ്മാ മല്പാൻ, പോരൂക്കര തോമ്മാ മല്പാൻ, അവരുടെ ശിഷ്യനായ ചാവറ കുര്യാക്കോസച്ചൻ എന്നിവരുടെ പരിശ്രമഫലമായി പ്രഥമ ഏതദ്ദേശീയ സുറിയാനികർമ്മലീത്താസഭ 1831–ൽ മാന്നാനത്തു സ്ഥാപിതമായി. ആദ്യത്തെ രണ്ടുപേരും 1840 ലും, 1846 ലും യഥാക്രമം ചരമഗതിയടഞ്ഞു. 1855 ഡിസംബർ 8–ാം തീയതി ചാവറയച്ചൻെറ നേതൃത്വത്തിൽ ആദ്യ സംഘം വ്രതവാഗ്ദാനം ചെയ്തു. പ: സിംഹാസനത്തിൻെറ നേരിട്ടുകീഴിലുള്ള ഒരു സന്യാസസഭയായി അംഗീകരിക്കപ്പെട്ടു. അമലോത്ഭവകന്യകയുടെ ദാസന്മാർ എന്നാണ് ആദ്യം സ്വീകരിക്കപ്പെട്ട പേർ. വി: പത്താം പീയൂസ് തിരുമേനി 1906 ൽ സഭാനിയമങ്ങൾ ശാശ്വതമായി അംഗീകരിച്ചുറപ്പിച്ചു. ഭരണസൗകര്യാർത്ഥം

---

**N. B.** ഏതെങ്കിലും സഭയിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർ ആ സഭാംഗങ്ങളോടോ, ഓരോന്നിൻെറയും താഴെക്കൊടുത്തിരിക്കുന്ന മേൽവിലാസക്കാരനോടോ, ഭരണങ്ങാനത്തുള്ള വൊക്കേഷൻ ബ്യൂറോ ഡയറക്ടറോടോ കൂടുതൽ വിവരങ്ങൾക്കായി കത്തിടപാടുകൾ നടത്തി ആലോചിക്കുന്നതു നന്നായിരിക്കും.

1953 ൽ സഭ മൂന്നു പ്രോവിൻസുകളായി വിഭജിക്കപ്പെട്ടു. തെക്കു് വി: ഔസേപ്പിന്റെ പ്രവിശ്യ; വടക്കു് ദേവമാതാ പ്രവിശ്യ, നടുവിൽ തിരുഹൃദയ പ്രവിശ്യ. എറണാകുളത്താണു് സഭയുടെ കേന്ദ്രഭവനം. ഇപ്പോൾ 56 ഭവനങ്ങളും 1000 ൽ പരം അംഗങ്ങളുമുണ്ടു്. സഭവക മേജർ സെമ്മിനാരി ബാങ്ക്ളൂരിലെ ധർമ്മാരാം കോളജാണു്. വൈദികവിദ്യാർത്ഥികൾ 500 ൽ പരമുണ്ടു്.

സഭയുടെ പ്രഥമ ലക്ഷ്യം സഭാംഗങ്ങളുടെ സ്വയവിശുദ്ധീകരണവും, രണ്ടാമത്തേതു് ആത്മരക്ഷയ്ക്കായുള്ള പരസ്നേഹ പ്രവർത്തനങ്ങളുമാണു്. പ: സിംഹാസനം ആവശ്യപ്പെടുന്ന ഏതു പ്രവർത്തനവും അതിൽപ്പെടുന്നതാണു്. സ്വന്തമായ മിഷൻ പ്രവർത്തനങ്ങൾകൂടാതെ മിഷൻ രൂപതകളിലും മററു രൂപതകളിലും മിഷൻപ്രവർത്തനത്തിൽ സഹായിച്ചു വരുന്നു. വിദ്യാഭ്യാസപ്രവർത്തനം ഒരു പ്രധാന വിഭാഗമാണു്. കോളേജുകൾ, ഹൈസ്കൂളുകൾ, സോഷ്യൽ സെൻററുകൾ, അനാഥബാലസംരക്ഷണം, ആതുരസംരക്ഷണം, എൻജിനീയറിംഗ് സ്കൂളുകൾ, പോളി ടെക്നിക്കു് കോളേജ്, അച്ചടിശാലകൾ മുതലായവനടത്തിവരുന്നു. ദിനപത്രം, ഇതരപ്രസിദ്ധീകരണങ്ങൾ മുതലായവയും പ്രവർത്തനരംഗങ്ങളാണു്. അവശ ക്രൈസ്തവരുടെ ഉന്നമനാർത്ഥം പ്രശസ്തസേവനങ്ങൾ സംവത്സരങ്ങളായിതന്നെ നടത്തിവരുന്നു.

---

"കത്തോലിക്കാപ്രവർത്തനത്തിന്റെ വിലയേറിയ പ്രതിഫലം യുവജനങ്ങളുടെ കത്തോലിക്കാ പ്രവർത്തന സംഘങ്ങളിൽനിന്നു പൗരോഹിത്യത്തിലേയ്ക്കും സന്യാസത്തിലേയ്ക്കും നിരവധി ദൈവിളികൾ ഉണ്ടാകുന്നു എന്നതാണു്."

11-ാം പീയൂസ്.

സഭയുടെ നിയമസംഹിത പുതുതായി പരിഷ്കരിക്കയും അമലോത്ഭവകർമ്മലീത്തർ (Carmalites of Mary Immaculate- C. M. I.) എന്ന പേർ സ്വീകരിക്കയും ചെയ്തിരിക്കുന്നു. സഭാസ്ഥാപകരിൽ പ്രാമാണികത്വം വഹിച്ചിരുന്ന പുണ്യശ്ലോകനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുള്ള രൂപതാ നടപടികൾ നടന്നുകൊണ്ടിരിക്കയാണ്.

## 3 സലേഷ്യൻ സഭ (S. D. B.)

വി: ജോൺ ബോസ്കോയാൽ സ്ഥാപിതമായ ഈ സഭയുടെ മാതൃഭവനം ഇററലിയിലാണ്. ഭാരതത്തിൽ മൂന്നുപ്രോവിൻസുകളുണ്ട്—കല്ക്കട്ടാ പ്രോവിൻസും, തിരുപ്പത്തൂർ (മദ്രാസ്) പ്രോവിൻസും, നോർത്ത് ഈസ്റ്റ് പ്രോവിൻസും, (വടക്കൻ പ്രോവിൻസ്) 1926 ൽ സ്ഥാപിതമായി. അവിടെ ഏകദേശം 300 നു മേൽ അംഗങ്ങളുണ്ട്. കല്ക്കട്ട, ലില്ലുവാ, ബാൻഡൽ, സൊനാഡാ, ഗൗഹാട്ടി, ഷില്ലോംഗ്, അപ്പർഷില്ലോംഗ്, മാവ്ലായി, കൃഷ്ണഗർ, മുതലായ സ്ഥലങ്ങളിൽ അവർക്ക് സ്ഥാപനങ്ങളുണ്ട്. ധാരാളം സ്കൂളുകളും, റെറക്നിക്കൽ സ്കൂളുകളും അവർ നടത്തിവരുന്നു. തിരുപ്പത്തൂർ പ്രോവിൻസ്, പ്രോവിൻസ് ഓഫ് സെൻറ് തോമസ് എന്ന പേരിൽ 19‹3 ൽ സ്ഥാപിതമായി ബോംബെ, കാ

---

**N. B.** കൂടുതൽ വിവരത്തിന് അടുത്തുള്ള ഏതെങ്കിലും കർമ്മലീത്താ ആശ്രമശ്രേഷ്ഠനെ സമീപിക്കുക.

Very Rev: Fr: Prior General (C. M. I.)
P. G. House, Monastery Road
Ernakulam 1.

ററ്പാടി, കോട്ടഗിരി, മദ്രാസ്, പാൻജീം, പുനാമല്ലി, സഗയത്തോട്ടം, തിരുപ്പത്തൂർ, വൽപ്പോയി, വെല്ലൂർ, ഏർക്കോട്ട് എന്നീ സ്ഥലങ്ങളിലെല്ലാം ഇവർക്ക് സ്ഥാപനങ്ങളുണ്ട്. വിവിധ സ്കൂളുകളും പ്രശസ്തമായ വിധത്തിൽ നടത്തിവരുന്നുണ്ട്.

സലേഷ്യൻ മിഷനറിമാർ ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും മിഷൻപ്രവർത്തനങ്ങൾ നടത്തിവരുന്നു. 1200 ൽ പരം ആശ്രമങ്ങളുള്ളതിൽ 610 യൂറോപ്പിലും, 400 അമേരിക്കയിലും, 30 ആഫ്രിക്കയിലും, 150 ഏഷ്യയിലും. 10 ആസ്ട്രേലിയായിലും ആണ്. 17000 ൽ പരം അംഗങ്ങളുണ്ട്. 1922 ൽ ആണ് ഇൻഡ്യയിൽ പ്രവത്തനമാരംഭിച്ചത്. 81 സ്ഥാപനങ്ങളും 671 അംഗങ്ങളും ഇൻഡ്യയിലുണ്ട്. അവരിൽ ഭൂരിഭാഗം ഏതദ്ദേശീയരാണ്. പല രൂപതകളുടേയും ഭരണം ഇവർ നടത്തുന്നു. വി: ഡോമിനിക് സാവിയോ ഈ സഭാംഗമാണ്. വർഷംതോറും കേരളത്തിൽനിന്നും 12 വയസ്സ് തികഞ്ഞവരും അപ്പർപ്രൈമറി കഴിഞ്ഞവരുമായവരെ വൈദികാത്ഥികളും സഹോദരാത്ഥികളുമായി സ്വീകരിച്ചുവരുന്നു. അവരവരുടെ കഴിവിൽപ്പെട്ട ധനസഹായം മാത്രമെ ആവശ്യപ്പെടുന്നുള്ളു.

വൈദികരെ കൂടാതെ സഹോദരന്മാരും ഈ സഭയിലുണ്ട്. സഹോദരന്മാരായി ചേരാനാഗ്രഹിക്കുന്നവർ പുണ്യപൂണ്ണതയ്ക്കുള്ള തീക്ഷ്ണമായ അഭിനിവേശത്തിനു പുറമെ ജോലി ചെയ്യാൻ സന്നദ്ധരും തല്പരരുമായിരിക്കണം. 14 മുതൽ 16 വരെ പ്രായമുള്ളവരും 7-ാംസ്റ്റാൻറാർഡുവരെയെങ്കിലും വിദ്യാഭ്യാസമുള്ളവരുമായിരിക്കണം.

പരിശീലനത്തിനുശേഷം സഹോദരന്മാർ വിവിധജോലികളിൽ ഏർപ്പെടുന്നു ചിലർ സാങ്കേതികസ്കൂളുകളിലും, ചിലർ സാധാരണസ്കൂളുകളിലും പഠിപ്പിക്കുന്നു. തയ്യൽ, അച്ചടി മെക്കാനിക്സ്, മിഷൻ പ്രവത്തനങ്ങൾ മുതലായ ജോലികളിലും അവർ ഏർപ്പെടുന്നു. എല്ലാവർക്കും തങ്ങളുടെ വാസ

നകളെ ദൈവമഹത്വത്തിനും സ്വയവിശുദ്ധീകരണത്തിനും ഉപകരിക്കത്തക്കവിധത്തിൽ വികസിപ്പിക്കുന്നതിനുള്ള അവസരങ്ങറം സുലഭമാണ്.

Rev. Fr. Rector—Salesian College-Sonada,
Darjeling.

## 4 കർമ്മലീത്താ ഒന്നാം സഭ (O. C. D.)

മാതൃഭവനം ഇററലിയിൽ, മോൺസിഞ്ഞോർ സലേസ്സിയുടെയും ബൻസിഗർ മെത്രാൻെറയും പരിശ്രമഫലമായി കർമ്മലീത്താ ഒന്നാം സഭയുടെ ഒരു ഭവനം തിരുവനന്തപുരത്തു സ്ഥാപിതമായി. കേരളാ പ്രോവിൻസിൽ 6 ആശ്രമങ്ങളുണ്ട്. ഇൻഡ്യയിൽ മൊത്തം 15 ഭവനങ്ങളും 120 അംഗങ്ങളുമുണ്ട്. പ്രാത്ഥനാപരവും ത്യാഗപൂണ്ണവുമായ ഒരു ആന്തരികജീവിതം കഴിച്ചു് രക്ഷണീയവേലയിൽ സഹകരിക്കുവാൻ ആഗ്രഹവും സ്കൂറംഫൈനൽ പരീക്ഷായോഗ്യതയുമുള്ള കുഞ്ഞനുജന്മാർക്കു സ്വാഗതം. കൂടുതൽ വിവരങ്ങറക്കു് ഭരണങ്ങാനം വൊക്കേഷൻ ബ്യൂറോയിലേയ്ക്കോ അല്ലെങ്കിൽ,

Very. Rev. Fr. Provincial Carmel Hill
Monastery, Trivandrum-10

എന്ന വിലാസത്തിലോ എഴുതുക.

## 5 ഒ. സി. ഡി. എം.

വരാപ്പുഴ അതിരൂപതയിലുള്ള കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ ലത്തീൻ റീത്തുകാർക്കായി 1874 ൽ സ്ഥാപിതമായി. മാതൃഭവനം മഞ്ഞുമ്മേൽ ആണ്. 1953 മെയ് 15-ാം തീയതി ഇവരെ ഒന്നാം സഭയിലേയ്ക്കു ലയിപ്പിച്ചു ധ്യാനപ്രസംഗങ്ങറം നടത്തുകയാണ് പ്രധാന പ്രവർത്തനം. കൂടാതെ പ്രസ്സുകറം, വിദ്യാലയങ്ങറം, ആതുരശാലകറം, ആശുപത്രികറം മുതലായവയും സഭവഴിയായി നടത്തുന്നുണ്ട്. സഭയുടെ അം

ഗങ്ങളായി 82 പേർ ഉണ്ട്. ആലുവാ, എറണാകുളം മുതലായി ആകെ 13 ആശ്രമങ്ങാം സഭയുടേതായിട്ടുണ്ട്.

## 6 റിഡംപ്റ്ററിസ്റ്റ് (C. S. S. R.)

ദിവ്യരക്ഷകന്റെ സഭ അഥവാ റിഡംപ്റ്ററിസ്റ്റ് സഭയുടെ സ്ഥാപകൻ വിശുദ്ധ്അൽഫോൻസ് ലിഗോരിയാണ്. മാതൃഭവനം ഇററലിയിലാണ്. പ്രധാന ജോലി ധ്യാനപ്രസംഗങ്ങാം നടത്തുകയാണ്. ഇൻഡ്യയിൽ ഒരു പ്രോവിൻസുമാത്രമെയുള്ളു. അതിന്റെ കേന്ദ്രം ബാംഗ്ലൂരാണ് ആകെ 118 അംഗങ്ങളും 5 ആശ്രമങ്ങളും ഇപ്പോാം ഭാരതത്തിലുണ്ട്.

The Very. Rev. Fr. Vice-Provincial
Redemptorist Fathers, P. B. No: 40 Bangalore 5.

## 7 തിരുഹൃദയസഭക്കാർ (O. S. H.)

സീറോ മലബാർ റീത്തിൽ കോട്ടയം രൂപതയിലുള്ള ഒരു സന്യാസസഭയാണിത്. ഇവരുടെ പ്രധാനജോലി ഇടവകഭരണവും മിഷൻ പ്രവർത്തനവുമാണ്. ഏകദേശം 33 സഭാംഗങ്ങളുണ്ട്.

The Very Rev. Fr. Superior, O. S. B.
Sacred Heart Monastery, Kottayam.

## 8 ബനഡിക്റ്റൈൻസ് (O. S. B)

ബാംഗ്ലൂർ ഡിസ്ട്രിക്ററിലുള്ള കെങ്കേരി എന്ന സ്ഥലത്ത് ഇവക്ക് ഒരാശ്രമമുണ്ട്. ആകെ 30 പേർ സഭാംഗങ്ങളായുണ്ട്. പ്രാത്ഥന, ധ്യാനപ്രസംഗങ്ങാം നടത്തുക, കൈവേലകാം ചെയ്യുക മുതലായവ ഇവരുടെ പ്രവത്തനങ്ങളിൽ ഉാംപ്പെടുന്നു.

Very. Rev. Fr. Prior
Asirvanam Kengeri, Bangalore. Dt.

## 9 ദിവ്യകാരുണ്യമിഷനറിസഭ (M. C. B. S.)

1937 ൽ ആരംഭിച്ച ഈ സഭയുടെ മാതൃഭവനം ലിസ്യൂ ആശ്രമമാണ്. (അതിരമ്പുഴ) സ്വയ വിശുദ്ധീകരണത്തിനു പുറമെ ധ്യാനം പ്രസംഗിക്കുക, സാധുജനങ്ങളെ ഉദ്ധരിക്കുക ഇവയാണു ഇവരുടെ പ്രധാനപ്രവർത്തനം. 7 ഭവനങ്ങളും സന്യാസാർത്ഥികൾ ഉൾപ്പടെ 66 ൽ പരം അംഗങ്ങളുമുണ്ട്.

Ve: Rev. Fr. Superior general, L. F. Monastery Kadanchira, Pallam P. O. Via Kottayam.

## 10 മിശിഹാനുകരണ സഭ (O. I. C.)

1919 ൽ "ഭാരതന്യൂമാൻ എന്നറിയപ്പെട്ടിരുന്ന ഭാഗ്യസ്മരണാർഹനായ ഇവാനിയോസ് മെത്രാപ്പോലീത്താ സ്ഥാപിച്ചതാണീ സഭ. യാക്കോബായ സഭയിലേക്ക് മാനസാന്തരം സാധിക്കുവാൻ സ്ഥാപിച്ച ഈ സഭ 1930 ലെ പുനരൈക്യപ്രസ്ഥാനത്തോടുകൂടി പുനരൈക്യത്തിനും അനാഗതരെ, മാനസാന്തരപ്പെടുത്തുന്നതിനുമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. സന്യാസാർത്ഥികൾ ഉൾപ്പടെ 62 പേർ അംഗങ്ങളായുണ്ട്. അവർ വളരെയധികം മിഷൻ സ്ഥലങ്ങളിൽ ജോലിചെയ്യുന്നു. 5 ആശ്രമങ്ങളുണ്ട്.

The Very. Rev. Fr. Superior
Generalate Home, Bethany Ashram
Trivandrum 4.

## 11 ദൈവവചന സഭ (S. V. D.)

ദൈവദാസൻ ഫാ: അർനോൾഡ് ജാൻസനാൽ 1875 ൽ ഹോളണ്ടിലാണ് ഈ സഭ സ്ഥാപിതമായതു്. ലോകത്തിൻെറ നാനാഭാഗങ്ങളിലുമായി 5000 സഭാംഗങ്ങൾ മിഷൻ പ്രവത്തനം, വിദ്യാഭ്യാസ പ്രവത്തനം, രൂപതാഭരണം മു

തലായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. ഇൻഡ്യയിൽ സാംബൽപ്പൂർ, ഇൻഡോർ എന്നീ രൂപതകളിലാണ് ഇവർ പ്രവർത്തിക്കുന്നതു്. 14 ഭവനങ്ങൾ ഭാരതത്തിലുണ്ടു്. ആകെ 204 പേർ ഇപ്പോൾ ഇൻഡ്യയിലുണ്ടു്. അർത്ഥികൾ ഉൾപ്പടെ 400-ൽ പരമുണ്ടു്. മൊത്തം അംഗസംഖ്യ 8000 ആണു്.

Very. Rev. Vocation Director, S. V. D.
St. Paul's Apostolic School, Kaduthuruthy P. O
Kottayam Dt.

## 12 കപ്പൂച്ചിൻ സഭ

വി: ഫ്രാൻസീസ് അസ്സീസിയാൽ സ്ഥാപിതമായ ഫ്രാൻസീസ്കൻ സഭയുടെ ഒരു വിഭാഗമാണിതു്. 16000 അംഗങ്ങളുള്ള ഈ സഭ മിഷൻ പ്രവർത്തനത്തിൽ 3-ാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. ഇൻഡ്യയിൽ പല രൂപതകളുടെയും ഭരണം ഇവർ നടത്തുന്നുണ്ടു്. 24 ൽ പരം ആശ്രമങ്ങളിലായി 512 ലധികം അംഗങ്ങൾ ജോലിചെയ്യുന്നുണ്ടു്. കേരളത്തിൽ ഇവർക്കു് പല ആശ്രമങ്ങളുണ്ടു്. ഇവരുടെ പാനഗൃഹം നീലഗിരിയിലുള്ള കോട്ടഗിരി എന്ന സ്ഥലത്താണു്.

The Very. Rev. Fr. Superior,
St. Thomas Friary, Kavalam P. O. Kerala

## 13 ഫ്രാൻസീസ്കൻസ് (O. F. M.)

മാതൃഭവനം റോമിലാണു്. പ്രധാനപ്രവർത്തനം മിഷൻ ജോലിയും ഇടവകകൾ നടത്തുകയുമാണു്. ബല്ലാറി രൂപത ഇവരാണു് നടത്തുന്നതു്. ആകെ 7 ആശ്രമങ്ങളേ ഇൻഡ്യയിൽ ഇവരുടേതായി ഉള്ളു. അതിൽ ഒന്നു് കൊച്ചിയിലാണു്. ആകെ 60 സഭാംഗങ്ങളെ ഇൻഡ്യയിലുള്ളു.

Fr. Superior, O. F. M.
St. Francis Friary, Palluruthy, Cochin-5

## 14 വിൻസെൻഷ്യൻ സഭ (C. M.)

സ്ഥാപകൻ വി: വിൻസെൻറ് ഡി പോൾ. മാതൃഭവനം ഫ്രാൻസിലാണ്. ലോകത്തിൽ പലയിടങ്ങളിലായി സെമ്മിനാരികളും, കലാലയങ്ങളും, ആതുരശാലകളും, അനാഥമന്ദിരങ്ങളും ഇവർ നടത്തിവരുന്നു. ഏതാണ്ട് 20 ൽ പരം രൂപതകളുടെ ഭരണം ഇവർ നടത്തുന്നുണ്ട്. ഏതാണ്ട് 4000 അംഗങ്ങൾ ഈ സഭയിലുണ്ട്. ഇൻഡ്യയിൽ കട്ടാക്ക രൂപതയുടെ ഭരണം ഇവർ നിർവഹിക്കുന്നതു കൂടാതെ പല ഇടവകകളും നടത്തുന്നുണ്ട്. ഇൻഡ്യയിൽ 11 ഭവനങ്ങളും സഭാംഗങ്ങളായി 41 പേരും ഉണ്ട്.

St. Vincent's Monastery Gopalpur,
Ganjam Dt. Orissa.

## 15 വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ (V. C.)

സീറോ മലബാർ റീത്തിൽ സ്ഥാപിതമായിരിക്കുന്ന ഒരു സന്യാസസഭയാണിതു്. മാതൃഭവനം അങ്കമാലിയിലാണ്. ധ്യാനപ്രസംഗങ്ങൾ നടത്തുക, വൈദികമേലദ്ധ്യക്ഷന്മാരെ രൂപതാ ഭരണത്തിൽ സഹായിക്കുക ഇവയാണ് ഇവരുടെ പ്രധാനപ്രവർത്തനങ്ങൾ. ഇപ്പോൾ 8 ആശ്രമങ്ങളും 117 സഭാംഗങ്ങളും ഉണ്ട്.

The V. Rev: Fr. Superior General V. C.
Vincentian Ashram, Thottakam, Vaikam P. O.

## 16 ഒറാസാരിയൻ കോൺഗ്രിഗേഷൻ (C. R.)

സിലോണിലുള്ള ജാഫ്നാരൂപതയിൽ 1928 ൽ ആണ് ഈ സന്യാസസഭ ആരംഭിച്ചതു്. പാപികളുടെയും മാതൃരാജ്യത്തിൻെറയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക, പരിത്യാഗം ശീലിക്കുക ഇവയാണ് ഈ സഭയുടെ ലക്ഷ്യം. വർ

ഷത്തിൽ ബഹുഭൂരിപക്ഷം ദിവസവും ഉപവാസം അനുഷ്ഠിക്കുന്നു. ഇവർ സസ്യഭുക്കുകളാണ്. ആശാരിപ്പണി മുതലായ ജോലികൾ അവർ ചെയ്യുന്നു. ധ്യാനയോഗസഭയാണ്. ഇൻഡ്യയിൽ പുരുഷന്മാർക്കായി മൂന്നും സ്ത്രീകൾക്കായി രണ്ടും ഭവനങ്ങളുണ്ട്. 6 വൈദികരും 90 സഹോദരന്മാരും ഈ സഭയിലുണ്ട്.

The Rev. Fr. Superior General O. M I.)
Rosary Ashram, Tholagatty Vasavilan Cylon

## 17 സെൻറ് പോൾസ് സൊസൈററി (S. S. P)

1935 ലാണ് ഈ സഭ ഇൻഡ്യയിൽ സ്ഥാപിതമായത്. സഭാസ്ഥാപകൻ ഫാ: ജെയിംസ് അൽബേറിയോൻ ആണ്. മാതൃഭവനം ഇററലിയിലാണ്. റേഡിയോ, ടെലിവിഷൻ, പ്രസ്സ്, സിനിമാ മുതലായ ആധുനിക മാർഗ്ഗങ്ങളുപയോഗിച്ച് വേദപ്രചാരം നടത്തുകയാണ് ഇവരുടെ പ്രധാന പ്രവൎത്തനം. ബോംബെയിലും അലഹബാദിലും ഇവർ പ്രവൎത്തിക്കുന്നുണ്ട്. ഇപ്പോൾ 3 ഭവനങ്ങളും 64 അംഗങ്ങളും ഇൻഡ്യയിലുണ്ട്.

The Rev. Fr. Superior Society of St. Paul
28 B. Chatham lines, Allahabad 2. U. P.

## 18 ഇൻഡ്യൻ മിഷനറി സൊസൈററി (I. M. S.)

ഭാരതീയരീതിയിലുള്ള ഒരു സഭയാണിത്. ആസ്ഥാനം ബനാറിസ്. 1953 ലാണ് ഇതിൻെറ ഭരണഘടന അംഗീകരിക്കപ്പെട്ടത്. മിഷൻ പ്രവൎത്തനമാണ് ഇവരുടെ പ്രധാന ജോലി. ആകെ സഭാംഗങ്ങളായി 60 പേർ ഉണ്ട്. ഈ സന്യാസസഭയിൽ ചേർന്നു ഭാരതത്തിലെ വിവിധ മിഷൻരംഗങ്ങളിൽ പ്രേഷിതവേല ചെയ്യുവാൻ ആഗ്രഹമില്ലേ? പത്താം ക്ലാസ്സ് (S. S. L. C.) എങ്കിലും പാസ്സായവരും പാസ്സാകുമെ

ന്നു പ്രതീക്ഷിക്കുന്നവരുമായ കുഞ്ഞനുജന്മാർക്കു് സ്വാഗതം. സാമ്പത്തികവൈഷമ്യങ്ങൾ നിങ്ങൾക്കു് പ്രതിബന്ധമായിരിക്കയില്ല. കൂടുതൽ വിവരങ്ങൾക്കെഴുതുക.

Rev. Fr. Vocation Director
The Indian Missionary Society
P O. Christnagar, Varanasi 2. (U. P)

## 19 എം. എസ്സ്. എഫ്. എസ്സ്.

ഈ സഭയുടെ മാതൃഭവനം ഫ്രാൻസിലാണു്. വിശാഖപട്ടണം, അമരാവതി, നാഗപ്പൂർ എന്നീ രൂപതകളിലായി ഭാരതത്തിലെ സഭാവിഭാഗം പ്രവർത്തിക്കുന്നു. വിദ്യാഭ്യാസം, ഇടവകഭരണം, പ്രസിദ്ധീകരണം എന്നീ തുറകളിലായി ഈ സഭാംഗങ്ങളായ വൈദികരും സഹോദരന്മാരും ജോലിചെയ്യുന്നു. ആകെ ഭാരതത്തിൽ 8 ഭവനങ്ങളും 177 ൽ പരം സഭാംഗങ്ങളുമുണ്ടു്.

Rev. Fr. Superior, St. Francis de Sales Juvenate
Mount Mary, Arumanoor P. O. Via Ettumanoor

## 20 ചെറുപുഷ്പ സന്യാസസഭ (C. S. T.)

എറണാകുളം അതിരൂപതയിൽ സ്ഥാപിതമായിരിക്കുന്ന ഒരു സന്യാസസഭയാണിതു്. ഇതിൻെറ മാതൃഭവനം മൂക്കന്നൂരാണു്. കുട്ടികളുടെ സാമുദായികവും ആദ്ധ്യാത്മികവുമായ ഉന്നമനമാണു് ഈസഭയുടെ പ്രത്യേകമായ ഉദ്ദേശം. ധ്യാനം, മഷൻവേല, ഇടവകഭരണം, ആശുപത്രികൾ, സ്കൂളുകൾ മുതലായവ ഇവർ നടത്തിവരുന്നു. ഇപ്പോൾ തലശ്ശേരി രൂപതയിലേയ്ക്കും ഇവരുടെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ടു്. 5 ഭവനങ്ങളും സഭാംഗങ്ങളായി 101 പരും ഉണ്ടു്.

The V. Rev. Fr. Superior General
The Little Flower Congregation
Mookannoor P. O. Via Angamaly

## 21 സിസ്റ്റർഷ്യൻ സഭ (O. C. S. O.)

ബനഡിക്ടൈറെൻ സഭയിൽനിന്നും രൂപമെടുത്തിട്ടുള്ളതാണ് ഈ സഭ. ധ്യാനപരമായ സഭകളിൽ ഏററം പ്രധാനപ്പെട്ട ഒന്നാണിത്. ഇവർ സാമാന്യം സംസാരിക്കാറില്ല. പ്രാർത്ഥനയും പഠനവും കൂടാതെ സഭാംഗങ്ങൾ സ്വയമായി അദ്ധ്വാനിച്ച് അതിൽനിന്നും ലഭിക്കുന്ന ആദായം കൊണ്ട് ഉപജീവിക്കുന്നു. ഭാരതത്തിൽ ഇവക്ക് ഒരാശ്രമമേയുള്ളു. അതു പൂഞ്ഞാററിലാണ്. ഇൻഡ്യൻ സന്യാസികളുടെ വേഷവിധാനമാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. വൈദികരും സഹോദരന്മാരുമായി സഭാംഗങ്ങളായി 16 പേരുണ്ട്. ഇവർ മലങ്കാറീത്ത് അനുസരിച്ചു വരുന്നു. ഇൻഡ്യയിലെ വിവിധ ക്രൈസ്തവസഭകൾ തമ്മിൽ സമഭാവനയോടെ വീക്ഷിക്കുന്നതിനും സാഹോദര്യത്തിൽ വർത്തിക്കുന്നതിനുമായി ആശ്രമാംഗങ്ങൾ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സൽസ്വഭാവവും നല്ല ആരോഗ്യവും സന്യാസജീവിതത്തിന് ആഗ്രഹവുമുള്ള യുവാക്കൾക്ക് സ്വാഗതം. കൂടുതൽ വിവരങ്ങൾക്ക്,

Rev. Fr. Prior Kurisumala Ashram,
Vagamon P. O. Kottayam Dt.

| | Initials | Houses in India | Members in India |
|---|---|---|---|
| 22. Canons Regular, Premonstratentians ... | O. Praem | | 11 |
| 23. ” ” of St. Maurice D'Agaune... | C. R | | 13 |
| 24. Congregation of the Holy Cross ... | C. S. C. | 6 | 33 |
| 25. ” ” ” Fathers of the Blessed Sacrament... | S. S. S. | 1 | 4 |
| 26. Foreign Missions Society of Paris ... | M. E. P. | 5 | 76 |
| 27. Missionary Society of St. Francis Xavier Pilar... | S. F. X. | 16 | 177 |
| 28. Oblates of St. Joseph ... | O. S. J. | | 3 |
| 29. Pontifical Institute of Foreign Missions of Milan (Milan fathers)... | P.I. M. E | | 74 |
| 30. Society of the Catholic Apostalate ... | S. A. C. | 8 | 29 |
| 31. Society of St. Joseph of Foreign missions (Mill Hill Fathers)... | M. H. M | | 28 |
| 32. Third order of St. Francis of Pename ... | T. O. R. | 4 | 54 |

## അദ്ധ്യായം പതിന്നാല്

# സന്ന്യാസിനീസഭകൾ

### 1 ദൈവപരിപാലനയുടെ സെൻറ് ആൻസ് സഹോദരികൾ

1834 ൽ ട്യൂറിനിൽ സ്ഥാപിതമായ ഈ സഭയ്ക്ക് അംഗീകാരം 1846 ൽ ലഭിച്ചു. ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും ഈ സഭാംഗങ്ങൾ വേലചെയ്യുന്നുണ്ട്. 1871 ലാണ് അവർ ഇൻഡ്യയിൽ വന്നത്. സ്കൂളുകൾ, കോളജുകൾ മുതലായ വിദ്യാഭ്യാസസ്ഥാപനങ്ങളിലും, അനാഥശാലകൾ, വൃദ്ധമന്ദിരങ്ങൾ, കുഷ്ഠരോഗാശുപത്രികൾ മുതലായ ജീവകാരുണ്യസ്ഥാപനങ്ങളിലും ഈ സഭാംഗങ്ങൾ നിസ്വാർത്ഥസേവനം അനുഷ്ഠിക്കുന്നു. 25 ഭവനങ്ങളിലായി 319 സഹോദരികൾ ഇൻഡ്യയിൽ ജോലി ചെയ്യുന്നുണ്ട്.

The Rev. Mother Provincial
St. Anne's Convent, Secunderabad.

### 2 സെൻറ് ജോസഫ്സ് മെഡിക്കൽ സിസ്റ്റേഴ്സ്

1944 ൽ ഫാ: പഞ്ഞിക്കാരൻ കോതമംഗലത്ത് ധർമ്മഗിരിയിൽ സ്ഥാപിച്ചതാണ് ഈ സന്ന്യാസസഭ. ആസ്പത്രികളിലാണ് ഇവരുടെ പ്രത്യേകസേവനം. സഭയ്ക്ക് 17 ഭവനങ്ങളുണ്ട്. അർത്ഥിനികൾ ഉൾപ്പെടെ 201 സഹോദരികൾ ഈ സഭാംഗങ്ങളായുണ്ട്. റോമിലും മററും ഈ സഹോദരികൾ വൈദ്യശാസ്ത്രം പഠിക്കുന്നു.

The Rev. Superior General, St. Joseph's
Convent, Dharmagiri, Kothamangalam, Kerala.

3 കാററക്കിസ്റ്റ് മിഷനറീസ് (C. M. M. I.)

(Catechist Sisters of Mary Immaculate)

മാതൃഭവനം കൃഷ്ണഗറിലാണ്. (ബംഗാളിൽ) 6 ഭവനങ്ങളിലായി 133 അംഗങ്ങൾ പ്രവർത്തിക്കുന്നു. അനാഥശാല, ഡിസ്പെൻസറി മുതലായവ വഴി മിഷൻപ്രവർത്തനം നടത്തുന്നു. ഉപരിവിദ്യാഭ്യാസത്തിനും അവസരമുണ്ട്.

To, Rev. Mother General, Sisters of Mary Immaculate, Krishnagar, Nadia Dt. W. Bengal.

4 മെഡിക്കൽ മിഷനറീസ് (S. C. M. M.)

ഇവരുടെ മാതൃഭവനം അമേരിക്കയിലാണ്. ഈ സഭക്കാർ നടത്തുന്ന 7 ആസ്പത്രികൾ ഇൻഡ്യയിലുണ്ട്. ഇവരുടെ ഇൻഡ്യൻ ശാഖയുടെ നവസന്യാസഭവനങ്ങൾ കോട്ടയവും പൂനായുമാണ്. ഇൻഡ്യയിൽ 94 സഹോദരികൾ ജോലിചെയ്യുന്നുണ്ട്. ഇവരിൽ 65 പേർ ഇൻഡ്യാക്കാരാണ്.

The Rev Mother Superior, St Thomas Hospital, Chethipuzha, Changanacherry.

5 ഉപവിയുടെ സഹോദരികൾ (S. M. B.)

(Sisters of Maria Bambina)

ഇവരുടെ മാതൃഭവനം ഇററലിയിലാണ്. ഇവർക്ക് കൃഷ്ണഗർ പ്രോവിൻസ്, സൌത്തു് ഇൻഡ്യൻ പ്രോവിൻസ് എന്ന രണ്ടു പ്രോവിൻസുകളുണ്ട്. ആകെ 58 മഠങ്ങളും 420 സഹോദരികളും ഇൻഡ്യയിലുണ്ട്. ഇവർ ആസ്പത്രികൾ, നേഴ്സിങ്ങ് മന്ദിരങ്ങൾ, അനാഥമന്ദിരങ്ങൾ, സ്കൂളുകൾ മുതലായവയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

The Rev. Mother, Home of Providence Chittur Road, Ernakulam

൬ കരിശിൻെറ പുത്രികൾ (F. C.)

മാതൃഭവനം ബൽജിയത്തിലാണ്. ബോംബെ, കൽക്കട്ടാ എന്ന പ്രോവിൻസുകളിലായി 10 ഭവനങ്ങളും 92 അംഗങ്ങളുമുണ്ട്. സ്കൂൾ, അനാഥശാല, ആസ്പത്രി, നേഴ്സിംഗ് ഹോം മുതലായവ അവർ നടത്തുന്നു.

The Rev. Mother Provincial, F. C.
St. Joseph's Convent, Bandra, Bambay-20.

7 അഗതികളുടെ സഹോദരികൾ (S. D.)

ആലുവായിലുള്ള ചുണങ്ങംവേലി എന്ന സ്ഥലത്താണ് ഇവരുടെ മാതൃഭവനം. 345 ൽ പരം അംഗങ്ങൾ ഈ സഭയിലുണ്ട്. ഇവരുടെ സേവനം അധികവും ആസ്പത്രികളിലാണ്. അഗതിമന്ദിരങ്ങളും ഇവർ നടത്തുന്നുണ്ട്. സഭവകയായി 27 ഭവനങ്ങളുണ്ട്.

The Rev. Superior, General St. Joseph's Mount
Chunangumvely, Erumathala P. O. Alwaye

8 ഫ്രൻസീസ്കൻ മിഷനറീസ് ഓഫ് മേരി
(F. M. M.)

ഇററലിയിൽ സ്ഥാപിതമായിരിക്കുന്ന ഈ സഭയ്ക്കു് ഇൻഡ്യയിൽ രണ്ടു പ്രോവിൻസുകളുണ്ട്. ആകെ 57 ഭവനങ്ങളും 933 അംഗങ്ങളുമുണ്ട്. ഹോസ്പിററലുകളിലും, സ്കൂളുകളിലും അഗതിമന്ദിരങ്ങളിലും ഇവർ സേവനം അനുഷ്ഠിക്കുന്നു.

The Rev. Mother Provancial, F. M. M.
St. Thomas Convent Mylapore, Madras-4

9 ഫ്രൻസീസ്കൻ സിസ്റ്റേഴ്സ് ഓഫ് നോട്ടർഡാം
(F. B. S.)

മാതൃഭവനം മൈലാപ്പൂരിലാണ്. 33 മഠങ്ങളിലായി

493 സഹോദരികൾ സേവനം അനുഷ്ഠിക്കുന്നു. ഇവരുടെ പ്രവർത്തനമണ്ഡലം സ്കൂളുകളും അനാഥമന്ദിരങ്ങളും മിഷൻസ്ഥലങ്ങളും മററുമാണ്.

The Very Rev. Mother, F. B. S.Bonsecours Convent, Mylapore, Madras-28

10 വി: ഫ്രാൻസീസ് അസ്സീസിയുടെ മൂന്നാംസഭക്കാരായ സഹോദരികൾ

മദ്രാസ് രൂപതയിലുള്ള ഒരു സന്യാസസഭയാണിത്. 12 ആശ്രമങ്ങളിലായി 201 സഹോദരികൾ സേവനമനുഷ്ഠിക്കുന്നു. സ്കൂൾ, അഗതിമന്ദിരം മുതലായവയാണ് ഇവരുടെ പ്രവത്തനരംഗങ്ങൾ.

The Rev: Mother Superior General,
St. Joseph's Convent Vepery, Madras.

11 വി. അലോഷ്യസ് ഗോൺസാഗായുടെ സഹോദരികൾ

17 ആശ്രമങ്ങളിലായി 190 സന്യാസിനികളുണ്ട്. പ്രവർത്തനരംഗങ്ങൾ അനാഥശാലകളും സ്കൂളുകളുമാണ്.

The Rev. Superior General S. A. G.
Rue. des. Saint Agnes, Pondicherry.

12 മാതാവിന്റെ വിമലഹൃദയത്തിന്റെ സഹോദരികൾ (I. H. M.)

ഈ സഭയുടെ മാതൃഭവനം പോണ്ടിച്ചേരിയിലാണ്. 52 ആശ്രമങ്ങളും 527 സഹോദരികളും ഉണ്ട്. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുകയാണ് ഇവരുടെ പ്രധാന പ്രവർത്തനം.

The Rev. Superior General I. H. M.
Immaculate Heart of Mary's Convent
St. Theresa's Street, Pondicherry.

## 13 ഹോളിക്രോസ്സ് സിസ്റ്റേഴ്സ്

1844-ൽ സ്വിറ്റ്സർലണ്ടിൽ സ്ഥാപിതമായ ഈ സഭയിൽ നാലായിരത്തോളം അംഗങ്ങളുണ്ട്. ഇൻഡ്യൻ പ്രോവിൻസിലെ മാതൃഭവനം കൊല്ലത്തുള്ള കൊട്ടിയം എന്ന സ്ഥലത്താണ്. ആതുരാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, കുഷ്ഠരോഗാശുപത്രികൾ, ക്ഷയരോഗചികിത്സാലയങ്ങൾ, മുതലായവ നടത്തുന്നു. ഭാരതത്തിൽ 17 ഭവനങ്ങളും 252 ൽ പരം സഭാംഗങ്ങളുമുണ്ട്.

ഇവർ പ്രധാനമായി ഹോസ്പിററലിൽ സേവനമനുഷ്ഠിക്കുന്നു. അർത്ഥിനികളായി ഒരു വർഷം ജോലികൾ പരിശീലിക്കുന്നു. ജ്ഞാനസ്നാനം സ്ഥൈര്യലേപനം ആരോഗ്യം സൽസ്വഭാവം എന്നീ സർട്ടിഫിക്കററുകൾ അർത്ഥിനികൾ ഹാജരാക്കണം. പത്രഃമനി താരതമ്യേന കുറവാണ്. കൊട്ടിയത്ത് ഗവർമ്മെൻറിൻെറ അംഗീകാരമുള്ള ഒരു നഴ്സിങ്ങ്സ്കൂളുണ്ട്.

The Rev. Mother Provincial, Holy Cross
Convent, Kottiyam P. O. Quilon.

## 14 അമലോത്ഭവമാതാവിൻെറ മിഷ്യൻ സഹോദരികൾ (S. M. M. I.)

ഫ്രാൻസിൽ സ്ഥാപിതമായ ഈ സഭയ്ക്ക് ഇൻഡ്യയിൽ 59 ആശ്രമങ്ങളും 556 അംഗങ്ങളുമുണ്ട്. മിഷൻ രംഗങ്ങളിൽ സഹോദരികൾ ചെയ്യുന്ന എല്ലാത്തരം ജോലികളും ഇവർ ചെയ്യുന്നുണ്ട്.

The V. Rev. Mother Provincial S. M. M. I.
Nirmala Convent, Kengeri P. O. Bangalore 2

15 അമലോത്ഭവമാതാവിന്റെ കാറ്റക്കിസ്റ്റ് സഹോദരികൾ

ഇത് രൂപതാടിസ്ഥാനത്തിലുള്ള ഒരു സന്യാസസഭയാണ്. 6 ആശ്രമങ്ങളും 120 അംഗങ്ങളുമുണ്ട്. അനാഥശാല, ഡിസ്പെൻസറി മുതലായവ വഴി മിഷൻപ്രവർത്തനങ്ങൾ നടത്തുന്നു

The Rev. Mother Superior General
Mary Immaculate Novitiate, Krishnagar
Nadia Dt. W. Bengal.

16 കർത്താവിന്റെ ദാസികൾ (പ്രഭുദാസികൾ)
Handmaids of the Lord.

രാജസ്ഥാനിൽ സ്ഥാപിതമായിരിക്കുന്ന ഈ സഭയ്ക്ക് 17 ഭവനങ്ങളും 212 അംഗങ്ങളുമുണ്ട്. വിദ്യാലയങ്ങൾ, അഗതിമന്ദിരങ്ങൾ, ഡിസ്പൻസറികൾ മുതലായവയാണ് ഇവരുടെ പ്രവർത്തനരംഗങ്ങൾ.

The Rev. Mother Superior General
Christ Raja Ashram, Madar P. O. Ajmer,
Rajasthan.

17 സെന്റ് ആൻസ് സിസ്റ്റേഴ്സ്

ഈ പേരിൽ 5 സഭകളും 75 ൽ പരം മഠങ്ങളുമുണ്ട്.
Shooly (Banglore) Royapuram (Madras) etc

ത്രിശിനാപ്പള്ളിൽ മാതൃഭവനമായുള്ളവരും സ്വിറ്റ്സർലണ്ടിൽ മാതൃഭവനമായുള്ളവരും എന്നു രണ്ടു വിഭാഗക്കാരുണ്ട്.

ഇതിൽ ആദ്യം പറഞ്ഞവർക്കാണ് ഇൻഡ്യയിൽ കൂടുതൽ ഭവനങ്ങൾ. ഇവർക്കു് 36 മഠങ്ങളുണ്ട്. രണ്ടാമത്തെ കൂട്ടർക്കു് ഇൻഡ്യയിൽ 4 ഭവനങ്ങൾ മാത്രമെയുള്ളു. ഇവരുടെ പ്രധാന ജോലി വിദ്യാലയങ്ങളിൽ പഠിപ്പിക്കുക എന്നതാണ്. ആതുരാലയങ്ങളും ഹോസ്പിററലുകളും ഇവർ നടത്തുന്നുണ്ട്.

1 The Rev. Superior General
St. Anne's Convent, Tiruchirapalli

2 Rev. Superior St. Anne's Hospital
Vijayavada.

18. വി: അഗസ്റ്റിൻെറ മിഷനറി സഹോദരികൾ (M. C. S. A.)

മാതൃഭവനം ലുവയിനിലാണ്. ഇൻഡ്യൻപ്രോവിൻസിൻെറ ആസ്ഥാനം പാളയംകോടാണ്. 15 ഭവനങ്ങളും 260 ൽ പരം സഭാംഗങ്ങളും ഇൻഡ്യയിലുണ്ട്. സ്കൂളുകളിലും ആതുരാലയങ്ങളിലും ഹോസ്പിററലുകളിലും മററുമായി ഇവർ ജോലി ചെയ്യുന്നു.

The Rev: Provincial M. C. Sa
St. Ignatius Convent, Palayamcottai,
Tirunelveli Dt.

19 അപ്പസ്തോലിക് കാർമ്മൽ (A. C.)

മംഗലാപുരം മാതൃഭവനമായുള്ള ഈ സഭയിൽ 960 സഹോദരികൾ ഇൻഡ്യയുടെ നാനാഭാഗങ്ങളിലായി കോളജുകളിലും സ്കൂളുകളിലും അനാഥശാലകളിലും സേവനമനുഷ്ഠിക്കുന്നു ഈ സഭയ്ക്കു് 50 ഭവനങ്ങളുണ്ട്.

The Rev. Mother Superior General A. C.
St. Anne's Convent, Mangalore 1 S. Kanara.

20 അപ്പസ്തോലിക കർമ്മലീത്താ മൂന്നാംസഭാസഹോദരികൾ

മാതൃഭവനം തിരുവനന്തപുരത്താണ്. 16 ഭവനങ്ങളും ആകെ 272 സഭാംഗങ്ങളുമുണ്ട്. പ്രധാനജോലി സ്കൂളുകൾ നടത്തുകയാണ്.

The Rev. Mother Superior, Holy Angel's
Convent, Trivandrum, Kerala

21 കർമ്മലീത്തർ (T. O. C. D.)

മാതൃഭവനം എറണാകുളത്താണ്. ഇവർക്ക് 123 ഭവനങ്ങളും 3872 അംഗങ്ങളുമുണ്ട്. കോളജുകളിലും സ്കൂളുകളിലും പഠിപ്പിക്കുന്നു.

The Rev. Superior General
St. Therasa's Convent, Ernakulam.

22 കർമ്മലീത്തർ (O. C. D.)

ഇവരുടെ ഓരോഭവനവും സ്വതന്ത്രമാണ്. ധ്യാനപരജീവിതമാണ് ഇവർ നയിക്കുക. മഠത്തിനു പുറത്ത് ഇവർ ഒരിക്കലും പോവുകയില്ല. 13 മഠങ്ങളും 830 അംഗങ്ങളുമുണ്ട്. ഒരു മേൽവിലാസം മാത്രം താഴെ നൽകുന്നു. ആ മഠത്തിൽനിന്നും മററു മഠങ്ങളെക്കുറിച്ച് അറിയാവുന്നതാണ്.

The Mother Superior
St. Joseph's Convent, Tiruvalla

23 തിരുക്കുടുംബസഹോദരികൾ

മാതൃഭവനം കുഴിക്കാട്ടുശേരിയാണ്. 24 ഭവനങ്ങളും 572 അംഗങ്ങളുമുണ്ട്. ഇവർ സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്നു.

The Superior General, Holy Family Convent
Vadakumbagam, Kuzhikattuseri P. O.

24 മിശിഹാനുകരണ സഹോദരികൾ (S. I. C.)

മാർ ഈവാനിയോസിനാൽ സ്ഥാപിതമായ ഈ സന്യാസിനീസമൂഹത്തിൽ 114 അംഗങ്ങൾ ഇപ്പോൾ ഉണ്ട്. തിരുവനന്തപുരം, തിരുവല്ല എന്നു രണ്ടു പ്രോവിൻസുകളിലായി 10 ഭവനങ്ങളുമുണ്ട്. വിദ്യാലയങ്ങളും അനാഥശാലകളും ഇവർ നടത്തുന്നു.

The Rev. Mother General, S. I. C.
Bethany madhom, Thiruvalla.

25 അമലോത്ഭവത്തിൻെറ സഹോദരികൾ

മാതൃഭവനം മധുരയിലാണ്. ഈ സഭയ്ക്കു 54 ഭവനങ്ങളും 528 അംഗങ്ങളുമുണ്ട്. ഇവർ സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്നു. മരിയഭക്തിയിലൂടെ ആത്മരക്ഷനേടുകയെന്നതാണ് ഇവരുടെ ആദർശം.

The Rev. Mother General, The Immaculate
Conception Convent, Oldkosava, Palayam
Madurai P. O.

26 സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ്
(S. S. J.)

ഫ്രാൻസിൽ സ്ഥാപിതമായിരിക്കുന്ന ഈ സഭയുടെ ഇൻഡ്യയിലെ മാതൃഭവനം മദ്ധ്യപ്രദേശത്തുള്ള കാംപ്റ്റി എന്ന സ്ഥലത്താണ്. 6 മഠങ്ങളിലായി 76 സഹോദരികളുണ്ട്. സ്കൂളുകളും ഹോസ്പിററലുകളും വഴി ഇവർ സേവനമനുഷ്ഠിക്കുന്നു.

The Rev. Mother Superior S. S. J. St. Joseph's Convent High School, Kamptee, M. P.

27 ക്ലൂണിസിസ്റ്റേഴ്സ്

ഫ്രാൻസിൽ സ്ഥാപിതമായിരിക്കുന്ന ഈ സഭയുടെ മാതൃഭവനം പോണ്ടിച്ചേരിയിലാണ്. 25 ഭവനങ്ങളും 311 സഭാംഗങ്ങളുമുണ്ട്. വിദ്യാലയങ്ങളും ഹോസ്പിററലുകളും അനാഥമന്ദിരങ്ങളും ഇവർ നടത്തുന്നു.

The Mother Provincial, St. Joseph's Convent "Cluny" Pondicherry

28 പെരുപുഷ്പത്തിന്റെ ബഥനിസഹോദരികൾ

33 ഭവനങ്ങളിലായി 441 സഹോദരികളുണ്ട്. സ്കൂളുകളും അനാഥമന്ദിരങ്ങളും ഇവർ നടത്തുന്നു.

The Rev. Mother Provincial Bethany, Mangalore-2

29 മറിയത്തിന്റെ പുത്രികൾ (D. M.)

തിരുവനന്തപുരം രൂപതയിലുള്ള ഒരു സന്യാസസഭയാണിതു്. 10 ഭവനങ്ങളും 162 സഭാംഗങ്ങളുമുണ്ട്. വീടു സന്ദർശിക്കുക, മതബോധനം നൽകുക, അനാഥകുഞ്ഞുങ്ങളെ വളർത്തുക, സ്കൂളും ഹോസ്പിററലും നടത്തുക ഇവയാണു് പ്രധാനപ്രവർത്തനം.

The Mother General Convent of the daughters of Mary, Martandom.

30 സെർവൈററ്സ് ഓഫ് മേരി (O. S. M.)

64 ഭവനങ്ങളും 743 അംഗങ്ങളും ഈ സഭയിലുണ്ട് സ്കൂളുകളും അനാഥശാലകളും ബോർഡിംഗുകളും നടത്തുക,

മിഷൻ ജോലി ചെയ്യുക മുതലായ പ്രവർത്തനങ്ങളിൽ ഇവർ വ്യാപൃതരായിരിക്കുന്നു.

The Rev. Superior General Convent of our lady of dolours, Tiruchirapalli—14.

31 പ്രസന്റേഷൻ സിസ്റ്റേഴ്സ്

കോയമ്പത്തൂർ രൂപതയിൽ സ്ഥാപിതമായിരിക്കുന്ന ഈ സഭയ്ക്കു് 9 ഭവനങ്ങളും 96 അംഗങ്ങളുമുണ്ടു്. ഈ സഭ ഊട്ടി രൂപതയിലും വ്യാപിച്ചിട്ടുണ്ടു്. കോളജു്, സ്കൂൾ, വ്യവസായസ്ഥാപനങ്ങൾ, അനാഥശാലകൾ മുതലായവ ഈ സഭാംഗങ്ങൾ നടത്തുന്നു.

The Rev. mother General
Presentation Convent, Coimbatore

32 ഉർസുലൈൻ സിസ്റ്റേഴ്സ്

മംഗലാപുരത്തുള്ള ഉർസുലൈൻ സന്യാസസഭയിൽ 153 അംഗങ്ങളുണ്ടു്. സ്കൂളുകൾ, അനാഥശാലകൾ, സാങ്കേതികവിദ്യാലയങ്ങൾ മുതലായവ നടത്തിയും മററു പ്രേഷിതവേലകൾ ചെയ്തും ഇവർ സഭാസേവനം ചെയ്യുന്നു. 17 ഭവനങ്ങൾ സഭവകയായുണ്ടു്.

The Rev. Mother Superior,
Holy Rosary Convent, Jeppoo, Mangalore-2

33 വിസിറ്റേഷൻ സിസ്റ്റേഴ്സ്

ആലപ്പുഴ, കൊച്ചി എന്നീ രൂപതകളിൽ ഇവർക്കു് 9 മഠങ്ങളുണ്ടു്. 83 സന്യാസിനികൾ സഭാംഗങ്ങളായുണ്ടു്. അനാഥശാല, അഗതിമന്ദിരം, വിദ്യാലയം മുതലായവ ഇവർ നടത്തുന്നു.

The Superior General, Holy Family Convent, Kattoor, Kalavoor P. O. Alleppey.

34 ആരാധനസഭ (SABS)

കുര്യാളശ്ശേരിൽ മാർത്തോമ്മാ മെത്രാനാണു് ഈ സഭ സ്ഥാപിച്ചതു്. ചമ്പക്കുളം മഠമാണു് മാതൃഭവനം. സ്കൂളുകൾ, അനാഥശാലകൾ, കോളജുകൾ മുതലായവ ഇവർ നടത്തുന്നു. ദിവ്യകാരുണ്യനാഥൻെറ കാവൽ പടയാളികളാണിവർ. ചങ്ങനാശേരി അതിരൂപതയിൽ 26 മഠങ്ങളും 520 അംഗങ്ങളുമുണ്ടു്. പാലായിൽ 451, എറണാകുളത്തു് 335, കോതമംഗലം 242, തലശ്ശേരി 78, ആകെ 1626 അംഗങ്ങളുണ്ടു്.

Very Rev. Mother General, Adoration Convent, Vazhappally P. O. Changanacherry

35 സുറിയാനി കർമ്മലീത്താ മൂന്നാംസഭ (C D)

എറണാകുളം, പാലാ, ചങ്ങനാശ്ശേരി, തൃശ്ശൂർ എന്നീ രൂപതകളിലായി വ്യാപിച്ചു കിടക്കുന്നു. ധാരാളം സ്കൂളുകൾ അവർ നടത്തുന്നു. 2000 ൽ പരം അംഗങ്ങളുണ്ടു്. കൂടുതൽ വിവരത്തിനു് അടുത്തുള്ള ഏതെങ്കിലും ഒരു കർമ്മലീത്താമഠത്തിൽ അന്വേഷിക്കുക.

36 കൊള്ളറൈറൻസ് (Poor clares)

വി: ഫ്രാൻസിസു് അസ്സീസിയും, വി: ക്ളാരയുംകൂടി സ്ഥാപിച്ച സഭയെ വി: കൊള്ളററ് പരിഷ്ക്കരിച്ചതാണീ സഭ. ഞായറാഴ്ച ഒഴിച്ചുള്ള എല്ലാദിവസവും ഇവർ ഉപവസിക്കുന്നു. രാത്രിയും പകലും കാനോനനമസ്കാരം എത്തിക്കുന്നു. പ്രാർത്ഥനയാണു് ജോലി. ഇൻഡ്യയിലെ ഏകസ്ഥാപനം ആലുവായിലാണു്. അംഗങ്ങൾ 29.

The Mother Abbess, The poor Clares Assisi Monastery, Alwaye.

37 ക്ലാരസഭ (മൂന്നാംസഭ)

ചങ്ങനാശേരി, പാലാ, എറണാകുളം, തൃശ്ശൂർ ഈ രൂപ

തകളിൽ ഈ സഭയുടെ ആശ്രമങ്ങളുണ്ട്. ഇവർ കുട്ടികളെ പഠിപ്പിക്കുകയും ആതുരസേവനം അനുഷ്ഠിക്കയും ചെയ്യുന്നു. 81 ആശ്രമങ്ങളും 1501 അംഗങ്ങളും ഈ സഭയിലുണ്ട്. ദൈവദാസി അൽഫോൻസാ ഈ സഭാംഗമാണ്. കൂടുതൽ വിവരങ്ങൾ അടുത്തുള്ള ഏതെങ്കിലും ക്ലാരമഠത്തിൽ അന്വേഷിക്കുക. ചങ്ങനാശ്ശേരി (ചെത്തിപ്പുഴ)-ഭവനങ്ങൾ 18. അംഗ: 280 പാലാ (ലാലം)-ഭവനങ്ങൾ 36. അംഗങ്ങൾ 712, എറണാകുളം (ചാലക്കുടി) ഭവനങ്ങൾ 27. അംഗങ്ങൾ 680.

## 38 തിരുഹൃദയസഭ (Sisters of the Sacred Heart)

ചങ്ങനാശ്ശേരി, എറണാകുളം രൂപതകളിൽ യഥാക്രമം ഫാ: മാത്യു കദളിക്കാട്ടിലും, ഫാ: ഫ്രാൻസീസ് തെക്കേക്കരയുമാണ് ഈ സഭ സ്ഥാപിച്ചത്. പാലാ രൂപതയിലും ഈ സഭക്കാരുണ്ട്. 12 ഭവനങ്ങളും 234 അംഗങ്ങളുമുണ്ട്. സ്കൂളുകൾ, സാങ്കേതികസ്ഥാപനങ്ങൾ, വൃദ്ധമന്ദിരങ്ങൾ, അനാഥശാലകൾ മുതലായവ ഇവർ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള തിരുഹൃദയമഠത്തിൽ അന്വേഷിക്കുക.

## 39 നോട്ടർഡാം സിസ്റ്റേഴ്സ് (Pontifical)

ഈ സഭ റോമിൽ സ്ഥാപിക്കപ്പെട്ടു. ഭാരതത്തിൽ ആസ്ഥാനം ബീഹാറിലുള്ള ജമൽപ്പൂരാണ്. 2 ഭവനങ്ങളും 55 അംഗങ്ങളുമുണ്ട്. സ്കൂളുകൾ, ആശുപത്രികൾ മുതലായവ നടത്തുന്നു.

Rev: Mother Superior Notredam Accademy Albert road, Jamalpur P. O., Monghy Dt. Bihar

## 40 കനോസിയൻ സിസ്റ്റേഴ്സ്

(Daughters of Charity of Canosia)

ഈ സഭ റോമിൽ സ്ഥാപിക്കപ്പെട്ടു. 1889 ലാണ് ഇൻഡ്യയിൽ ബോംബെ ആസ്ഥാനമായി സ്ഥാപിക്കപ്പെട്ടത്.

വിദ്യാലയങ്ങാം അനാഥശാലകാം, ആശുപത്രികാം മുതലായവ നടത്തുന്നതു കൂടാതെ ഇവർ ഗ്രാമങ്ങളും ജയിലുകളും മററും സന്ദർശിച്ച് ആത്മീകവും ഭൗതികവുമായ സഹായങ്ങാം ചെയ്തുവരുന്നു. ആലപ്പുഴ സെൻറ് ജോസഫ്സ് കോളജ് ഇവരാണ് നടത്തുന്നതു്. ഭാരതത്തിൽ 20 ഭവനങ്ങളും 226 അംഗങ്ങളുമുണ്ട്.

Very Rev. Mother St. Joseph's College Alleppey

41 ഗുഡ്ഷെപ്പർഡ് സിസ്റ്റേഴ്സ് (Sisters of our Lady of Charity of the good Shephered)

ആരംഭം ഫ്രാൻസിലാണ്. ഇൻഡ്യയിൽ ബാംഗ്ളൂരാണ് കേന്ദ്രം. ട്രെയിനിംഗ് കോളജ്, കിൻറർഗാർട്ടൻ, അനാഥശാല, അച്ചടിശാല, ആശുപത്രികാം, ഹൈസ്കൂാം മുതലായവ ഇവർ നടത്തുന്നുണ്ട്. 6 ഭവനങ്ങളും 166 അംഗങ്ങളും ഇൻഡ്യയിലുണ്ട്.

V. Rev. Mother Provincial, Good Shephered Convent, Sholay, Bangalore.

42 ഉപവിയുടെ സഹോദരികാം (Sisters of Charity)

തൃശ്ശൂർ രൂപതയിൽ ഇവർക്ക് 11 സ്ഥാപനങ്ങളുണ്ട്. അംഗസംഖ്യ 141 ആണ്. സ്കൂളുകാം, ആശുപത്രികാം മുതലായവ ഇവർ നടത്തുന്നു.

Mother General Presentation Convent, Chowannoor P. O. Kunnamkulam.

43 ക്രിസ്തുമിഷനറിമാർ (S. C. J.)

(Missionaries of Christ Jesus-Pontifical)

സ്പെയിനിലാണ് ആരംഭം. ഇൻഡ്യയിലാസ്ഥാനം

ആസ്ഥാനമിലാണ്. ആശുപത്രികൾ, അനാഥശാലകൾ, സ്കൂളുകൾ മുതലായവ ഇവർ നടത്തുന്നു. 8 ഭവനങ്ങളും 44 അംഗങ്ങളും ഇൻഡ്യയിലുണ്ട്.

St. Xavier's Convent, Tura, Assam.

44 കരിശിന്റെ സഹോദരികൾ

(Sisters of the Cross of Chavanad)

ഈ സഭ ഫ്റാൻസിൽ സ്ഥാപിതമായി. തെക്കും വടക്കുമായി ഇൻഡ്യയിൽ ഈ സഭയ്ക്കു രണ്ടു വിഭാഗങ്ങളുണ്ട്. സ്കൂളുകൾ, അനാഥശാലകൾ, ആശുപത്രികൾ മുതലായവ ഇവർ നടത്തുന്നു. ഇൻഡ്യയിൽ 17 ഭവനങ്ങളും 252 അംഗങ്ങളുമുണ്ട്.

Holy Cross Convent, Amaravathi Camp.
Berar, M. P.

or Holy Cross Convent, Canlonment,
Tiruchirapally, S: India.

45 ഫ്രൻസീസ്കൻ ഹോസ്പിററലർ സിസ്റ്റേഴ്സ്

മാതൃഭവനം പോർട്ടുഗലിലാണ്. ഇൻഡ്യയിലാസ്ഥാനം ബോംബെയിലാണ്. സ്കൂളുകൾ, അനാഥശാലകൾ, ആശുപത്രികൾ മുതലായവ നടത്തുന്നു. ഇൻഡ്യയിൽ 11 ഭവനങ്ങളും 109 അംഗങ്ങളുമുണ്ട്.

Rev. Mother Superior, Mount Mary
Convent, Bandra, Bombay 20

46 സിസ്റ്റേഴ്സ് ഓഫ് മേഴ്സി

(Sisters of Mercy of the Holy Cross)

മാതൃഭവനം സ്വിററ്സർലണ്ടിലാണ്. ആശുപത്രികളിലാണ് പ്രധാനമായി പ്രവർത്തനം നടത്തുന്നത്. സ്കൂള

കളും നടത്തുന്നുണ്ട്. ഇൻഡ്യയിൽ 15 ഭവനങ്ങളും 139 അംഗങ്ങളുമുണ്ട്.

Holy Cross Convent, Bettiah,
Champaran Dt. Bihar.

47 അമലോത്ഭവത്തിന്റെ മിഷനറി സിസ്റ്റേഴ്സ്

(Missionary Sisters of the Immaculate)

മാതൃഭവനം മിലാനിലാണ്. ആശുപത്രികളാണ് പ്രധാനപ്രവർത്തനരംഗങ്ങൾ. ഇൻഡ്യയിൽ 15 ഭവനങ്ങളും 290 അംഗങ്ങളുമുണ്ട്.

St. Mary's Hospital, Bhimavaram.
W. Godavary Dt.

48 ഈശോമറിയത്തിന്റെ സഹോദരികൾ

(Sisters of Jesus and Mary)

മാതൃഭവനം ഇററലിയിലാണ്. കോളജുകൾ, ട്രെയിനിംഗ്സ്കൂളുകൾ, സാങ്കേതികവിദ്യാലയങ്ങൾ, ആശുപത്രികൾ, അനാഥശാലകൾ, മിഷൻകേന്ദ്രങ്ങൾ മുതലായി വിവിധരംഗങ്ങളിൽ പ്രവർത്തനം നടത്തുന്നു. ഇൻഡ്യയിൽ 22 ഭവനങ്ങളും 282 അംഗങ്ങളുമുണ്ട്.

Convent of Jesus and Mary, Poona.

49 തിരുക്കുടുംബ സഭ

(Society of Jesus, Mary and Joseph)

മാതൃഭവനം ഹോളണ്ടിലാണ്. സ്കൂളുകൾ, ആശുപത്രികൾ, അനാഥശാലകൾ മുതലായവ നടത്തിവരുന്നു. ഇൻഡ്യയിൽ 8 ഭവനങ്ങളും 60 അംഗങ്ങളുമുണ്ട്.

St. Joseph's Convent Guntur.

50 ഈശോ മറിയത്തിന്റെ ഉപവിയുടെ സഹോദരികൾ (Sisters of Charity of Jesus and Mary)

മാതൃഭവനം ബൽജിയത്തിലാണ്. ഹയർ എലിമെന്ററി സ്കൂളുകൾ, അനാഥശാലകൾ, ആശുപത്രികൾ, സ്കൂളുകൾ മുതലായവ നടത്തുന്നു. ഇൻഡ്യയിൽ 3 ഭവനങ്ങളും 74 അംഗങ്ങളുമുണ്ട്.

Rev. Mother Provincial, S. H. H. School,
Thornton Road, Lahore.

51 സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ്

(Sisters of St. Joseph)

മാതൃഭവനം ഫ്റാൻസിലാണ്. ആശുപത്രികൾ, സ്കൂളുകൾ മുതലായവ നടത്തുന്നു. ഇൻഡ്യയിൽ 13 ഭവനങ്ങളും 245 അംഗങ്ങളുമുണ്ട്.

Mother Provincial St. Joseph's Convent,
Cleave land Town, Bangalore.

52 അഗതികളുടെ കൊച്ചുസഹോദരികൾ

(Little Sisters of the Poor)

മാതൃഭവനം ഫ്റാൻസിലാണ്. വയോവൃദ്ധരെ സംരക്ഷിക്കുകയാണ് പ്രധാനപ്രവർത്തനം. ബാംഗ്ലൂർ, കൽക്കട്ടാ, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇൻഡ്യയിൽ 5 ഭവനങ്ങളും 82 അംഗങ്ങളുമുണ്ട്.

204- Darley Road, Colombo.

53 ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ പുത്രികൾ (F. M. A)

(Daughters of Mary Help of Christians)

മാതൃഭവനം ഇററലിയിലാണ്. സ്ക്കൂളുകൾ, ആശുപത്രി

കൾ, അനാഥശാലകൾ മുതലായവ നടത്തുന്നു. ഗ്രാമസന്ദർശനം ഇവരുടെ ഒരു പ്രത്യേകതയാണ്. ഇൻഡ്യയിൽ 24 ഭവനങ്ങളും 237 അംഗങ്ങളുമുണ്ട്.

St. Francis Xavier's Salesian Convent,
Broad way, Madras.

54 അമലോത്ഭവത്തിൻെറ ഉർസുലൈൻ
സഹോദരികൾ

(Ursuline Sisters of Mary Immaculate)

9 ഭവനങ്ങളും 194 അംഗങ്ങളുമുണ്ട്. സ്കൂളുകൾ, അനാഥശാലകൾ മുതലായവ നടത്തുന്നു.

Ursuline Convent, Cannanore, S. India.

55 പ: ക: മറിയത്തിൻെറ സഹോദരികൾ

(Sisters of the in Stitute of Bl· V. Mary )

മാതൃഭവനം അയർലണ്ടിലാണ്. പ്രധാനപ്രവർത്തനം വിദ്യാഭ്യാസമാണ്. ഇൻഡ്യയിൽ 11 ഭവനങ്ങളും 195 അംഗങ്ങളുമുണ്ട്.

Loreto House, 7— Middleton Row
Calcutta–16.

56 പ: ക: മറിയത്തിൻെറ സഹോദരികൾ

(Sisters of the Institute of the B. V. M.)

മാതൃഭവനം ഇറ്റലിയിലാണ്. സ്കൂളുകൾ, ആശുപത്രികൾ മുതലായവ നടത്തുന്നു. 9 ഭവനങ്ങളും 142 അംഗങ്ങളുമുണ്ട്.

St. Mary's Convent, Allehabab

57 നസ്രത്തു സഹോദരികൾ

(Society of Mary of Nazareth)

ദൈവാരാധനയ്ക്കാവശ്യമായ തിരുവസ്ത്രങ്ങൾ ഉണ്ടാക്കുകയാണിവരുടെ പ്രധാനപ്രവർത്തനം. 40 അംഗങ്ങളുണ്ട്.

Convent of Mary of Nozareth
Nundidroog Road, Bangalore-1

58 അജ്മീറിലെ മിഷൻ സഹോദരികൾ

(Mission Sisters of Ajmir)

കോളജുകൾ, സ്കൂളുകൾ, ആശുപത്രികൾ, നേഴ്സിംഗ് ഹോം, ഗ്രാമീണമിഷൻ പ്രവർത്തനങ്ങൾ മുതലായവ നടത്തുന്നു. 18 ഭവനങ്ങളും 254 അംഗങ്ങളുമുണ്ട്.

The Mission Sisters' house, Jaipur Road, Ajmir

59 നസ്രത്തുസഹോദരികൾ

(Sisters of Nazareth (C. S. R.)

മാതൃഭവനം ഇടക്കുന്നിലാണ്. പെൺകുട്ടികളുടെ ഗാർഹികവും സാമുദായികവുമായ ഉന്നമനമാണ് പ്രവർത്തനലക്ഷ്യം. സ്ത്രീകൾക്കും കുട്ടികൾക്കുമായി സാങ്കേതിക കേന്ദ്രങ്ങൾ ആശുപത്രികൾ, കുടിൽവ്യവസായങ്ങൾ മുതലായവ നടത്തുന്നു. 5 ഭവനങ്ങളും 127 അംഗങ്ങളുമുണ്ട്.

St. Joseph's Convent of the Sisters of Nazareth.
Padupuram, Edakunnu, Koratty P. O.

60 മിഷൻനാഥയുടെ സഹോദരികൾ

(Sisters of our lady of the Missions)

മാതൃഭവനം ഇംഗ്ലണ്ടിലാണ്. ഷില്ലോംഗ്, കൽക്കട്ടാ

മുതലായ സ്ഥലങ്ങളിലായി 6 ഭവനങ്ങളും 64 അംഗങ്ങളുമുണ്ട്. ആശുപത്രികളാണ് പ്രധാനപ്രവർത്തനരംഗം.

61 പ്രസെൻറഷൻ സിസ്റ്റേഴ്സ്

(Sisters of the Presentation order (P. B. V. M.)

മാതൃഭവനം അയർലണ്ടിലാണ്. സ്കൂളുകൾ, അനാഥശാലകൾ, നേഴ്സിംഗ് മുതലായവയാണ് പ്രധാനപ്രവർത്തനങ്ങൾ. 9 ഭവനങ്ങളും 96 അംഗങ്ങളുമുണ്ട്.

Rev. Mother General, Presentation Convent
Church, Park Cathedral, Madras–6

62 അപ്പസ്തോലരാജ്ഞിയുടെ മിഷനറിസിസ്റ്റേഴ്സ്

(Missionary Sisters of the Queen of the
Apostles (S. R. A.)

ആശുപത്രികൾ, അനാഥശാലകൾ, ബേസിക്സ്കൂൾ മുതലായവ നടത്തുന്നതുകൂടാതെ മതാദ്ധ്യാപനം വിദ്യാഭ്യാസം ആദിയായവയും നടത്തിവരുന്നു. 17 ഭവനങ്ങളും 140 അംഗങ്ങളുമുണ്ട്.

St. mary's Convent, Banares cantt (U. P.)

63 തിരുഹൃദയസഹോദരികൾ

(S. H. Sisters) (Patna)

സ്കൂളുകൾ, അനാഥശാലകൾ, ആശുപത്രികൾ, ഗ്രാമസന്ദർശനം മുതലായവയാണ് പ്രധാനപ്രവർത്തനങ്ങൾ. 11 ഭവനങ്ങളും 101 അംഗങ്ങളുമുണ്ട്.

S, A, Novitiate Fakirana Bettiah. P. O.
Champaram Dt. Bihar.

**64** ഉപവിയുടെ കർമ്മലീത്താസഹോദരികൾ

(Carmelite Sisters of Charity)

മാതൃഭവനം സ്പെയിനിലാണ്. വിദ്യാഭ്യാസമാണ് പ്രധാനപ്രവർത്തനം. 2 ഭവനങ്ങളും 38 അംഗങ്ങളുമുണ്ട്.

Rev. Mother, Fatima Convent,
**High School**, Bhavanagar, Gujerat.

| | Initials | Houses in India | Members in India |
|---|---|---|---|
| 65. Caritas Medical Mission, Kottayam Diocesan Secular Institute... | | 1 | 21 |
| 66. Dominican Missionaries of the Holy Rosary... | O. P. | 1 | 6 |
| 67. Discalced Carmelites Third order Sisters of St. Theresa... | T. O. C. D | 21 | 254 |
| 68. Third order Apostolic of Our Lady of Mount Carmel... | T O CD, AP | 41 | 433 |
| 69. Daughters of Charity ... | | 9 | 49 |
| 70. Missionaries of Charity ... | M. C. | 16 | 186 |
| 71. Sisters of Charity of St. Anne ... | | 3 | 33 |
| 72. Franciscan Missionary Poor clares of M. B. Sacrament... | | 7 | 61 |
| 73. Teaching sisters of the Holy cross menzingen... | O.S.F | 14 | 130 |
| 74. Pious Disciples of the Divine master ... | | 2 | 22 |
| 75. Sisters of the foreign missions ... | I.S.M.E. | 2 | 24 |

| | | | |
|---|---|---|---|
| 76. Franciscan nuns of the blessed sacrament... | F.SS.S. | 2 | 44 |
| 77. " servants of Marie ... | F.S.M. | 7 | 87 |
| 78. " sisters of St. Mary of the Angels... | S.M.A. | 7 | 135 |
| 79. Catechist sisters of St. Francis Assisi ... | | | 14 |
| 80. Franciscan Sisters of the Immaculate Heart of Mary... | F.I.C. | 14 | 177 |
| 81. Hand maids of Mary ... | H M. | 8 | 162 |
| 82. Handmaids of the Blessed Sacrament ... | | 11 | |
| 83. Missionary sisters. Servants of the Holy Ghost... | S. Sp. S | 6 | 57 |
| 84. " " of the Immaculate ... | M. S. I. | 10 | 137 |
| 85. Society of Jesus Mary and Joseph ... | SO. JMJ. | 7 | 255 |
| 86. Daughters of the Heart of Mary ... | | 5 | 60 |
| 87. Missionary sisters of Mary help of Christians... | M. S. | 7 | 79 |
| 88. Daughters of Mary Immaculate ... | F.M.I. | 1 | 18 |
| 89 Society of Mary of Nazreth ... | S.M.M. | 2 | 22 |
| 90. Congregation of the Religious sisters of Marcy... | C.R.S.M. | | 7 |

| | | | |
|---|---|---|---|
| 91. Order of the Most Holy Saviour Bridgitines | O. SS S | 3 | 52 |
| 92. Poor sisters of Our Lady ... | P.S.O.L | 6 | 65 |
| 93. Sisters of Our Lady of Fathima ... | F S | 8 | 150 |
| 94. Congregation of the presentation of the M V Mary of the third order of St. Francis... | P C | 29 | 332 |
| 95. Little Sisters of the Sacred Heart Pattom, Trivandrum... | | | |
| 96. Society of the Sacred Heart of Jesus | R S C J | 3 | 60 |
| 97. Missionary Society of the Sacred Heart of Jesus... | M S C J | 2 | 24 |
| 98. congregatiom of the Sisters of St. Alese of Goa... | C S A | 11 | 76 |
| 99. Catechist Sisters of St Anne ... | C S | 29 | 187 |
| 100. Daughters of St. Anne (Calcutta) ... | D A C | 11 | 85 |
| 101: ” ” (Ranchi) ... | D A R | 44 | 322 |
| 102. Congregation of the Sisters of St. Anne (Bangalore)... | C S H | 10 | 135 |
| 103. ” ” Anne ... | S A C | 13 | 179 |
| 104. Sisters of St. Anne (Madras) ... | | 22 | 322 |
| 105. ” ” (Switzerland) ... | S A S | 8 | 190 |

| | | | |
|---|---|---|---|
| 106. Sisters of charity of S. S. Bartholomia capitanis and Vincenza Gerosa Sisters of Maria Bambina)... | | 58 | 482 |
| 107. Dames of Charles Borromeo ... | S C B | 4 | 113 |
| 108. Clarish Sisters of St Francis Assisi ... | C S F | 30 | 310 |
| 109. Little daughters of St. Francis Xavier ... | L D | 3 | 39 |
| 110. Sisters of St. Joseph (Kottayam) ... | | 4 | 76 |
| 111. " " of Annecy Waltair sisters... | | 15 | 146 |
| 112 " " of Chambery ... | | 20 | 271 |
| 113. Society of the daughters of St. Paul ... | D S P | 4 | 40 |
| 114. " " St Ursula | S U | 2 | 20 |
| 115. Ursuline Sisters (Tildonek) ... | | 9 | 159 |
| 116. Visitation Congregation (Kottayam) ... | V C | 10 | 307 |
| 117. Samaritan sisters ... | | | 19 |
| 118. Sisters of St. Martha ... | S S M | 4 | 71 |
| 119. Franciscan sisters of Our Lady of Graces... | | 2 | 7 |
| 120. Missionary sisters of St Theresa of Infant Jesus... | M S S T | 2 | 41 |
| 121. Assisi sisters of mary Immaculate ... | A S M I | 7 | 108 |

## അദ്ധ്യായം പതിനഞ്ച്

# സഹോദരസന്യാസസഭകൾ

1 ഐറിഷ് ക്രിസ്ത്യൻ ബ്രദേഴ്സ്

ഈ സന്യാസസഭയുടെ ഇൻഡ്യൻ പ്രോവിൻസിൽ 138 അംഗങ്ങളുണ്ട്. ഇൻഡ്യയിലാകെ ഇവർക്കു 15 ഭവനങ്ങളുള്ളതിൽ ഒന്നു കൊല്ലത്താണ് സ്ഥാപിതമായിരിക്കുന്നതു്. ഇവരുടെ പ്രധാനകൃത്യം കോളജുകളും, സ്കൂളുകളും നടത്തി വിദ്യാഭ്യാസം നൽകുക എന്നുള്ളതാണ്.

The V. Rev. Br. Provincial
69 Bow Baszar Street, Culcutta 12.

2 വി: ഫ്രാൻസീസ് അസ്സീസിയുടെ മിഷനറി ബ്രദേഴ്സ്

ഇവർക്കു് ജർമ്മനിയിലും സ്വിററ്സർലണ്ടിലും ഓരോ സന്യാസഭവനങ്ങളുണ്ട്. മാതൃഭവനം ബോംബെയിലാണ്. ജർമ്മനിയിലും, ഇൻഡ്യയിലും (കോട്ടഗിരി) ഇവക്ക് ഓരോ നൊവീഷ്യററ്ഹൗസ് ഉണ്ട്. ഇവർ സ്കൂളുകൾ, അനാഥശാലകൾ മുതലായവ നടത്തുകയും മിഷൻ സ്ഥലങ്ങളിൽ മിഷനറിമാരെ സഹായിക്കുകയും ചെയ്യുന്നു. ഈ സഹോദരന്മാർ 26 ഭവനങ്ങളിലായി 128 പേരുണ്ട്.

The Vocation director, Franciscan
Missionary Brothers Mt. Poinsur, Bombay- 22

3 സെൻറ് ഗബ്രിയേൽബ്രദേഴ്സ് (O. S. G.)

ഇവരുടെ മാതൃഭവനം ഫ്രാൻസിലാണ്. കുട്ടികളുടെ വിദ്യാഭ്യാസമാണ് ഇവരുടെ പ്രധാന പ്രേഷിതവേല. ഇവർ സ്കൂളുകളും, അനാഥമന്ദിരങ്ങളും വളരെ പ്രശസ്തമാംവണ്ണം നടത്തിവരുന്നു. ഏർക്കാട്, കുന്നൂർ, ഹൈദ്രബാദ്, മദ്രാസ്, റാഞ്ചി, ടിൻഡിവനം മുതലായ സ്ഥലങ്ങളിൽ ഇവർ പ്രവർത്തനം നടത്തുന്നു. ഇൻഡ്യയിൽ 42 ഭവനങ്ങളും സഭാംഗങ്ങളായി 234 പേരുമുണ്ട്. ഈ സഭയിൽ ചേരുന്നതിന് 7–ാം സ്റ്റാൻറാർഡ് എങ്കിലും പാസായിരിക്കണം.

The V. Rev. Br. Provincial, O. S. G.
Yercaud, Salem Dt.

4 ബ്രദേഴ്സ് ഓഫ് സെൻറ് മൈക്കൾ

കോയമ്പത്തൂർ രൂപതയിലുള്ള ഒരു സന്യാസസഭയാണിത്. സ്കൂളുകളിൽ പഠിപ്പിക്കുക, കൃഷികൾ ചെയ്യുക, കെട്ടിടങ്ങൾ പണിയിക്കുക, മററു സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുക ഇവയാണ് ഇവരുടെ പ്രവർത്തനങ്ങൾ. 3ഭവനങ്ങളും 3 നവസന്യാസിനികൾ ഉൾപ്പെടെ 18 അംഗങ്ങളും ഈ സഭയിലുണ്ട്.

Rev. Br. Superior General. Brothers of St. Michael C/o Bishop's House, Coimbatore

5 ഒലിവെററ് ബ്രദേഴ്സ് (O. C.)

1934 ൽ മാംഗ്ളൂരിൽ സ്ഥാപിതമായ ഒരു സന്യാസസഭയാണിത്. ഇവർക്ക് ഉഡുപ്പിയിൽ 2 ഭവനങ്ങളുണ്ട്. ആകെ 13 അംഗങ്ങളുമുണ്ട്.

The V. Rev. Br. Superior General.
Olivet, Jepoo, Mangalore 2 S. Kanara.

6 ബ്രദേഴ്സ് ഓഫ് സെൻറ് പാട്രിക്

ഇവരുടെ മാതൃഭവനം അയർലണ്ടിലാണ്. ഇൻഡ്യൻ പ്രോവിൻസിൽ 10 ആശ്രമങ്ങളും 80 സഭാംഗങ്ങളുമുണ്ട്. വിദ്യാഭ്യാസപ്രവർത്തനം കൂടാതെ അനാഥശാലകൾ നടത്തുക മററു മിഷൻപ്രവർത്തനങ്ങളിലേർപ്പെടുക, മുതലായ ജോലികളിൽ ഇവർ വ്യാപൃതരായിരിക്കുന്നു.

The V. Rev. Provincial, St George's
College, Mussoorie, U. P.

7 തിരുഹൃദയത്തിൻെറ സഹോദരന്മാർ (S. H. J.)

ഇൻഡ്യയിൽ സ്ഥാപിതമായിരിക്കുന്ന ഒരു സന്യാസസഭയാണിതു്. മാതൃഭവനം തിരുനൽവേലി ഡിസ്ട്രിക്ടിൽ പാളയംകോട്ടു് എന്ന സ്ഥലത്താണ്. 17 ഭവനങ്ങളും 151 സഭാംഗങ്ങളുമുണ്ട്. ഭക്ഷണം, വസ്ത്രം, ജീവിതരീതി മുതലായവയിലെല്ലാം തനിഭാരതീയരീതിയാണ് ഇവർ സ്വീകരിച്ചിരിക്കുന്നതു്. ഇവർ ബോർഡിംഗ്, അഗതിമന്ദിരം, സ്കൂൾ മുതലായവ നടത്തുകയും മാനസാന്തരവേലയിലും മററും ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നു.

The V. Rev. Superior General. S. H. J.
House of the Sacred Heart, Palayamkotta
Tiru nelveli Dt.

---

"വാസ്തവത്തിൽ ആത്മാക്കളെക്കുറിച്ചുള്ള ശുഷ്കാന്തിയോളം ദൈവത്തിനിഷ്ടമുള്ളതായി യാതൊരു ബലിയുമില്ല."

(വി: ഗ്രിഗരി)

| | | Initials | Houses in India | Members in India |
|---|---|---|---|---|
| 8 | Brothers of the Holy Cross | C. S. C. | 3 | 18 |
| 9 | Brothers of St. Joseph the Workman | C. S. T. O. | 1 | 17 |
| 10 | Franciscan Brothers of the Blessed Sacrament | F. B. B. S. | 9 | |
| 11 | Institute of the Brothers of the Christian Schools | F. S C. | | 6 |
| 12 | Malabar Missionary Brothers | M. M. B. | 2 | 27 |

## അദ്ധ്യായം പതിനാറ്

# മിഷൻ പ്രവർത്തനം

മരണാസന്നനായ ഈശോ വേദനയുടെ പാരമ്യത്തിൽ വിളിച്ചു പറഞ്ഞു. "എനിക്കു ദാഹിക്കുന്നു" എന്നു്. ആ ദാഹം ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമായിരുന്നു. മനുഷ്യാത്മാവിനെപ്പോലെ വിലപിടിച്ച മറ്റൊന്നുമില്ല. ആത്മാക്കളെ രക്ഷിക്കാൻവേണ്ടിയാണു് ദൈവപുത്രൻ അവതരിച്ചതും കഠിനയാതനകൾ അനുഭവിച്ചതും സ്വന്തനിണം ചൊരിഞ്ഞു മരിച്ചതും, സഭ സ്ഥാപിച്ചതും. ലോകാവസാനത്തോളം നിലനില്ക്കുന്ന സഭവഴി മനുഷ്യവർഗ്ഗത്തെ ഏക തൊഴുത്തിലാക്കി സ്വർഗ്ഗോന്മുഖമായി നയിക്കുക എന്ന രക്ഷകൻെറ പ്രവർത്തനമാണു മിഷൻ പ്രവർത്തനം. ഇതിലുപരി സ്തുത്യർഹമായ ഒരു പ്രവർത്തനമില്ല. യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നവർ ദൈവം അതിയായി സ്നേഹിക്കുന്ന ആത്മാക്കളെയും സ്നേഹിക്കും—ഹൃദയത്തിൽ ജ്വലിച്ചെരിയുന്ന ദൈവസ്നേഹത്തിൻെറ പ്രകടനമാണു് മിഷൻപ്രവർത്തനം അഥവാ പ്രേഷിതവൃത്തി.

312 കോടി ജനസംഖ്യയുള്ള ലോകത്തിൽ കത്തോലിക്ക

---

"പ്രേഷിതവൃത്തി കത്തോലിക്കാസഭയുടെ കടമയാണു്. സഭ നാമെല്ലാവരുമാണു്. വൈദികരും അവൈദികരും കർഷകനും തൊഴിലാളിയും......പ്രേഷിതവൃത്തിക്കായി പോകുന്നതിനു സാധിക്കാത്തവർ മററുള്ളവർ പോകുന്നതിനു സഹായിക്കുക. പോയവരെ പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും സഹായിക്കുക. കഴിഞ്ഞ 20 കൊല്ലങ്ങൾകൊണ്ടു് ഈ ബോധം അൽമായരിൽ ശക്തിപ്രാപിച്ചതിൻെറ ഫലമാണു് ഇന്നു കേരളത്തിൽ കാണുന്ന മിഷൻപ്രബുദ്ധത"

ആടെ ജനസംഖ്യ 57 കോടി 20 ലക്ഷം മാത്രം. അകത്തോലിക്കരുടേതു് 36 കോടിയുമാണു്. അക്രൈസ്തവർ 200 കോടിയിലധികം വരും 18% മാത്രമെ കത്തോലിക്കരുള്ളു. ഭാരതത്തിലാണെങ്കിൽ കത്തോലിക്കർ 2% പോലുമില്ല. രക്ഷാമാർഗ്ഗത്തിൽനിന്നകന്നിരിക്കുന്നവർക്കു് രക്ഷാമാർഗ്ഗം കാട്ടിക്കൊടുക്കേണ്ടവർ മിഷനറിമാരാണു്. മിഷൻ രംഗത്തു് പ്രവർത്തിക്കുവാൻ പ്രത്യേകിച്ചു് ഭാരതത്തിന്റെ ഇരുളടഞ്ഞരംഗങ്ങളിൽ പ്രവർത്തിക്കുവാൻ യൂറോപ്യൻ മിഷനറിമാർ തടയപ്പെട്ടിരിക്കുന്നതിനാൽ ഭാരതത്തിന്റെ മാനസാന്തരത്തിനായി പ്രവർത്തിക്കേണ്ടവർ ക്രിസ്തീയസഭ തഴച്ചുവളരുന്ന കേരളത്തിൽനിന്നാണു ഉണ്ടാകേണ്ടതു്. ഏതാനും കൊല്ലങ്ങളായി ഭരണങ്ങാനത്തുള്ള ദൈവവിളി പ്രസ്ഥാനത്തിന്റെ (വൊക്കേഷൻ ബ്യൂറോ) സാരഥ്യംവഹിക്കുന്ന കുഞ്ഞേട്ടന്റെ പരിശ്രമത്താൽ ശരാശരി 300 പേർക്കു് ദൈവവിളി ലഭിക്കുന്നതിനും വടക്കേ ഇൻഡ്യയിലെ മിഷൻ രംഗങ്ങളിലേയ്ക്കു് അവരെ അയയ്ക്കുന്നതിനും സാധിച്ചിട്ടുണ്ടു് എന്ന വസ്തുത കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണു്. പാലാരൂപതയാണു് ദൈവവിളികളുടെ എണ്ണത്തിലും, അനുപാതത്തിലും ലോകത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നതു്. കുഞ്ഞേട്ടനുമായി നടത്തുന്ന കത്തിടപാടുകളും മിഷൻ ലീഗിന്റേതായി പ്രസിദ്ധീ

---

മിഷനറിമാർ വർദ്ധിക്കണം

(Late Most Rev. Dr. Augustine Kandathil
Arch–Bishop of Ernakulam)

(...കേരളഭൂമി നമ്മുടെ രൂപതകളിലേക്കു് ആവശ്യമുള്ള വൈദികന്മാരെ നൽകിയാൽ പോരാ, ഇൻഡ്യമുഴുവനും ആവശ്യമുള്ള വൈദികരേയും സന്യാസികളേയും കന്യാസ്ത്രീകളേയും നൽകണം.

കരിക്കുന്ന കുഞ്ഞുമിഷനറിവഴിയും അദ്ദേഹം വിവിധസ്ഥലങ്ങളിലായി തക്ക കാലസന്ധികളിൽ ദൈവവിളി ഉറപ്പിക്കത്തക്കവണ്ണം യുവതീയുവാക്കന്മാർക്കായി ക്രമീകരിക്കുന്ന ദൈവവിളിധ്യാനങ്ങൾ മൂലമായും ദൈവവിളി അധികം വർദ്ധിക്കുന്നതിടയാകുന്നുണ്ട് എന്ന വസ്തുത ഒരു പരമാർത്ഥമാണ്. ദൈവവിളിപോഷിപ്പിക്കുന്നതിനും വദ്ധിപ്പിക്കുന്നതിനും പാലാ സെൻറ് ജോസഫ്സ് മിഷൻ ഹോമും ആലപ്പുഴയിലെ പ്രേഷിതാലയവും വളരെയധികം സഹായിക്കുന്നുണ്ട് നമ്മുടെ യുവാക്കന്മാരും യുവതികളും മിഷൻ പ്രവർത്തനത്തിൻെറ പ്രാധാന്യത്തെപ്പററി വേണ്ടത്ര അറിയാനിടവരുന്നില്ല എന്ന

---

മിഷൻപ്രവർത്തനത്തിൻെറ ആവശ്യകതയെയും അടിയന്തിരസ്വഭാവത്തെയുംപററി പോപ്പ് പോൾ വേദപ്രചാരസംഘടനകളുടെ നാഷണൽ ഡയറക്ടറന്മാരോട് 14-5-1965-ൽ ഇങ്ങനെ ഊന്നിപ്പറഞ്ഞു: "വേദപ്രചാരം, എന്നുവച്ചാൽ എല്ലാ ജാതികളിലുംപെട്ട എല്ലാ വ്യക്തികൾക്കും സുവിശേഷവെളിച്ചം പ്രദാനം ചെയ്യുക എന്ന അപ്പസ്തോലികവേല ആവശ്യമാണ്. ഇന്നലത്തേതുപോലെ ഇന്നും. ഇന്ന് ഇന്നലത്തേതിനേക്കാൾ കൂടുതൽ ആവശ്യമാണ്. കാരണം, ലോകത്തിൽ വർദ്ധമാനമായ മാനുഷികബന്ധങ്ങൾ, മനുഷ്യമനസ്സാക്ഷിയിൽ ഉണ്ടായിരിക്കുന്ന വർദ്ധിച്ച അപകടസ്ഥിതി, ജീവിതത്തിൻെറ അർത്ഥം കണ്ടുപിടിക്കാനുള്ള വർദ്ധമാനമായ ആവശ്യം എന്നിവയാൽ വെളിപാടിൻെറ സന്ദേശം കൈവശമുള്ളവർ അതു മററുള്ളവരിലേക്കു പ്രസരിപ്പിക്കുവാൻ ഇന്നു വർദ്ധിച്ച മാർഗ്ഗങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ട്. ക്രിസ്തീയസത്യത്തിൻെറ ഈ സേവനം, ക്രിസ്തു അപ്പസ്തോലന്മാർക്കും ഒപ്പം ദൈവത്തിൻെറ ജനത്തിനും ഭരമേല്പിച്ച ഈ രക്ഷയുടെ ശുശ്രൂഷ അവശ്യവും അടിയന്തിരവുമാകുന്നു."

സംഗതി വളരെ പരിതാപകരമാണ്. മിഷൻലീഗ് സ്ഥാപിച്ച് സജീവമായി പ്രവർത്തിക്കുന്ന ഇടവകകളിൽ നിന്നാണ് മിഷനറി വൊക്കേഷൻ ധാരാളമായി ഉണ്ടായിക്കാണുന്നത്. ഭാരതത്തിലെ ആത്മാക്കളെ ദാഹിക്കുന്ന ദിവ്യരക്ഷകന്റെ ദാഹത്തെ ശമിപ്പിക്കേണ്ടവർ കേരളത്തിൽനിന്ന് ധാരാളമായി ഉണ്ടാകണം. സാമ്പത്തികപരാധീനതകളൊന്നും ദൈവവിളിക്ക് തടസ്സമാകയില്ല എന്ന് വൊക്കേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ തെളിയിച്ചുകഴിഞ്ഞു. ദൈവത്തിനുവേണ്ടി മിഷൻരംഗങ്ങളിൽ വേലചെയ്യാൻ സന്നദ്ധതയുള്ള S. S. L. C. പാസായവർക്ക് സന്യാസസഭകളിലോ മിഷൻ സെമിനാരികളിലോ ചേരാം. സന്യാസസഭക്കാരാണ് താ

---

## മാർപ്പാപ്പാതിരുമേനിയുടെ ഉൽബോധനം

"........കത്തോലിക്കാസഭയുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം സുവിശേഷപ്രചാരണമാണ്. ക്രിസ്തുവിന്റെ പരിത്രാണകൃത്യം തുടർന്നുകൊണ്ടുപോകാനുള്ള സഭയുടെ ചുമതല, മെത്രാന്മാരും വൈദികന്മാരും അൽമേനികളും കൂടുതൽ ഊർജ്ജസ്വലതയോടെ നിർവഹിക്കേണ്ട കാലഘട്ടമാണിത്. സത്യത്തിനു സാക്ഷ്യം വഹിക്കാനും രക്തസാക്ഷിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനും, സ്വന്തകുററംകൊണ്ടല്ലെങ്കിലും അസത്യത്തിന്റെ അന്ധകാരത്തിൽ കഴിയുന്ന നമ്മുടെ സഹോദരന്മാർക്കു സത്യത്തിന്റെ വെളിച്ചം പകർന്നുകൊടുക്കാനുമുള്ള നമ്മുടെ കടമ ഒരുവിധത്തിലും അവഗണിക്കുവാൻ വയ്യ. വിവിധരാജ്യങ്ങളിലെ മിഷനറിമാരുടെ അസഹ്യങ്ങളായ പീഡനങ്ങൾ നമുക്കു പരസ്പരം ധൈര്യം നൽകുവാൻ ഉപകരിക്കട്ടെ."

(മേയ് 14, 1965)

ഴെക്കൊടുത്തിരിക്കുന്ന 40 മിഷൻ രൂപതകളിൽ 33 ഉം ഭരിക്കുന്നതു്. യുവതികൾക്കും സന്യാസിനീസഭകളിൽ പ്രവേശിച്ചു് മിഷൻ പ്രവർത്തനങ്ങളിൽ പങ്കെടുക്കാവുന്നതാണു്. ഏതേതു സന്യാസസഭക്കാർ ഏതേതു മിഷൻ രൂപതകളുടെ ഭരണം നടത്തുന്നുവെന്നു് താഴെക്കൊടുത്തിരിക്കുന്ന വിവരങ്ങളിൽനിന്നു് മനസ്സിലാക്കാവുന്നതാണു്—ഓരോ മിഷൻ രൂപതയുടേയും നേർക്കു് എത്ര കത്തോലിക്കർ ആ രൂപതയിലുണ്ടു്. ഏതു സന്യാസസഭക്കാർ അവിടെ ഭരിക്കുന്നു, എത്ര വൈദികർ, എത്രകന്യാസ്ത്രീകൾ, എത്ര സഹോദരന്മാർ, എത്ര ഇടവകകൾ, എത്ര സ്കൂളുകൾ, എത്ര കോളജുകൾ എത്ര ആശുപത്രികൾ എന്നീ വിവരങ്ങളെല്ലാം കൊടുത്തിരിക്കുന്നതു് നോക്കുക.

ACHARYA PALACKAL
4306

അദ്ധ്യായം പതിനേഴ്

# മിഷൻരൂപതകളും പ്രവർത്തനങ്ങളും

| | Mission Diocease — Given to | Catho-lics | Pri-ests | Sist-ers | Brot-hers | Pari-shes | Sch-ools | Coll-eges | Hos-pitals |
|---|---|---|---|---|---|---|---|---|---|
| 1 | Agra—Capuchins | 4589 | 19 | 70 | 9 | 12 | 16 | — | — |
| 2 | Ahmedabad—Jesuits ... | 39886 | 64 | 170 | 21 | 19 | 93 | 1 | 5 |
| 3 | Amravathi—M. S. F. S ... | 16517 | 21 | 107 | 1 | 14 | 30 | — | — |
| 4 | Banares-Gorakhpur Capuchins... | 7934 | 32 | 93 | 12 | 14 | 20 | — | — |
| 5 | Bellary—Friars minor ... | 7854 | 18 | 126 | — | 12 | 11 | — | 1 |
| 6 | Bhagalpur—T. O. R. ... | 9767 | 30 | 38 | 10 | 11 | 19 | — | 1 |
| 7 | Calicut—Jesuits ... | 27474 | 68 | 406 | 30 | 95 | 40 | 1 | 3 |
| 8 | Chanda C M I ... | 1525 | 20 | 13 | — | 5 | 2 | — | 1 |
| 9 | Cuttack—Vincentian ... | 33467 | 51 | 74 | 7 | 6 | 70 | — | — |
| 10 | Dibrugarh—Salesians ... | 44000 | 29 | 66 | 6 | 10 | 145 | — | 1 |
| 11 | Haflong—Holy Cross Fathers... | 6290 | 19 | 13 | 5 | 7 | 38 | — | — |
| 12 | Indore—S V D ... | 25000 | 43 | 130 | 36 | 19 | 28 | — | 8 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 13 | Jabalpur—Canons Regular ... | 10342 | 40 | 135 | 3 | 13 | 38 | 1 | 1 |
| 14 | Jalpaiguri—P I M E ... | 35400 | 21 | 13 | — | 5 | 15 | — | — |
| 15 | Jamshedpur—Jesuits ... | 17000 | 36 | 82 | 7 | 26 | 45 | 1 | 3 |
| 16 | Jhansi—capuchins ... | 3850 | 23 | 57 | 24 | 12 | 12 | — | 1 |
| 17 | Jellundur—capuchins ... | 11888 | 13 | 77 | 7 | 8 | 19 | 1 | — |
| 18 | Kashmir and Jammu Mill Hill Fathers ... | 1722 | 8 | 48 | — | 3 | 6 | — | 1 |
| 19 | Krishnagar—Salesians ... | 11008 | 18 | 168 | 9 | 7 | 18 | — | — |
| 20 | Lucknow—Capuchins ... | 5217 | 35 | 116 | 13 | 14 | 34 | 1 | 4 |
| 21 | Madura—Jesuits ... | 231826 | 183 | 773 | 137 | 81 | 326 | 2 | 2 |
| 22 | Mysore-Foreign Mission of Paris ... | 29977 | 46 | 187 | 3 | 22 | 62 | 2 | 1 |
| 23 | Nellore—Mill Hill Fathers ... | 56540 | 84 | 89 | 3 | 37 | 68 | — | 3 |
| 24 | Raipur—Pallotine Fathers ... | 9177 | 16 | 33 | 5 | 8 | 14 | — | 1 |
| 25 | Ranchi—Jesuits ... | 275471 | 304 | 476 | 172 | 54 | 689 | 1 | 6 |
| 26 | Sambalpur—S V D ... | 98675 | 41 | 200 | 4 | 18 | 194 | — | 4 |
| 27 | Shillong—Salesians ... | 78950 | 70 | 202 | 49 | 14 | 423 | 3 | 1 |
| 28 | Tezpur—Salesians ... | 47400 | 19 | 35 | 3 | 7 | 50 | — | — |
| 29 | Vellore—Salesians ... | 43181 | 61 | 155 | 21 | 32 | 84 | 2 | — |
| 30 | Vijayapuram—O C D ... | 71673 | 72 | 148 | 8 | 60 | 38 | — | — |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 31 | Vijayawada—P I M E ... | 100785 | 73 | 169 | 11 | 35 | 184 | — | 10 |
| 32 | Visakhapatnam—M S F S ... | 50234 | 70 | 148 | 41 | 30 | 69 | 1 | 44 |
| 33 | Warangal—P I M E ... | 41800 | 31 | 217 | 45 | 27 | 47 | — | 3 |
| 1 | Calcutta—Jesuits and Diocesan ... | 70884 | 148 | 541 | 61 | 25 | 92 | 2 | 3 |
| 2 | Dumka—Jesuits and Diocesan ... | 33491 | 33 | 42 | 6 | 15 | 24 | — | — |
| 3 | Madras Mylapore—Salesians and Diocesan ... | 101129 | 151 | 773 | 123 | 50 | 88 | 3 | 1 |
| 4 | Meerut—Capuchins and Diocesan ... | 11623 | 32 | 116 | 45 | 20 | 47 | — | 1 |
| 5 | Patna—Jesuits and Diocesan ... | 32243 | 111 | 276 | 24 | 38 | 102 | 1 | 2 |
| 6 | Raigark-Ambikapur—Diocesan and Jesuits & C M I ... | 113493 | 58 | 107 | 18 | 22 | 88 | — | 4 |
| 7 | Trivandrum—O C D and Diocesan ... | 290731 | 101 | 203 | 11 | 63 | 102 | — | 3 |

# അനുബന്ധം

## 1 വൊക്കേഷൻ ബ്യൂറോ

ഭാരതത്തിലെ ഏതെങ്കിലും മിഷൻരൂപതയിലോ സന്യാസസഭയിലോ ചേർന്നു് പ്രേഷിതപ്രവർത്തനം നടത്തണമെന്നു് ആഗ്രഹിക്കുന്നവർക്കു്, അവരവരുടെ ദൈവവിളിക്കനുസൃതമായ മിഷൻരംഗങ്ങൾ തെരഞ്ഞെടുക്കുന്നതിൽ സഹായിച്ചു്, ഓരോ മിഷൻരംഗത്തിന്റേയും പ്രത്യേകതകൾ മനസ്സിലാക്കിക്കൊടുത്തു്, ഭാരതമിഷനിലേക്കു നിങ്ങളെ കൂട്ടിക്കൊണ്ടുപോകുവാൻ സഹായിക്കുന്ന വൊക്കേഷൻ ബ്യൂറോയെ സമീപിക്കുക

ജീവിതത്തിന്റെ നാൽക്കവലയിൽനിന്നു് നട്ടംതിരിഞ്ഞ അനേകം യുവതീകന്യകൾക്കു് മാർഗ്ഗനിർദ്ദേശം നൽകി സഹായിച്ച വൊക്കേഷൻ ബ്യൂറോ നിങ്ങളേയും സഹായിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

Director
Vocation Bureau
Bharananganam

---

[1] "സാമ്പത്തികപരാധീനത, പഠനക്കുറവു് തുടങ്ങിയ കാരണങ്ങളാൽ എങ്ങും സ്വീകരിക്കപ്പെടാതെ നമ്മുടെ വീടുകളിൽ 'മിച്ച'മായി തങ്ങിനിൽക്കുന്നവരും മിഷൻരംഗത്തു് ത്യാഗപൂർവ്വം എന്തുസേവനവും ചെയ്യുന്നതിനു് സന്നദ്ധരും, ദൈവവിളിയുള്ളവരുമായ യുവതികൾക്കു് അഭയവും പരിശീലനവും നൽകാൻ തക്ക സ്ഥാപനങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകണം."

2 സെ: ജോസഫ്"സ് മിഷൻഹോം, പാലാ

S. S. L. C. പാസ്സായ മിഷൻ അത്ഥികളെ സ്വീകരിക്കുന്നു. അർഹതയുള്ളവർക്ക് ബോർഡിംഗ്ഫീസ് സൗജന്യം. ലത്തീൻ പഠിക്കുന്നതോടൊപ്പം സ്വന്തം ദൈവവിളിയെപ്പററി അവധാനപൂർവം ചിന്തിക്കുന്നതിനും ഇഷ്ടമുള്ള മിഷൻ തെരഞ്ഞെടുക്കുന്നതിനും സമയവും സൗകര്യവും ലഭിക്കുന്നു. മിഷൻകേന്ദ്രങ്ങളിലുള്ള സന്യാസിനീസഭകളിലും സഹോദര സംഘങ്ങളിലും ചേരാനാഗ്രഹിക്കുന്നവർക്കും വേണ്ട നിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്. പെ: ബ: വെള്ളരിങ്ങാട്ട് മോൺസിഞ്ഞോറച്ചനാണ് സ്ഥാപകനും നിയന്താവും. കൂടുതൽ വിവരത്തിനു് നേരിട്ടു കാണുക. (സർട്ടിഫിക്കററു സഹിതം)

V. Rev. Mgr. Jacob Vellaringattu
Rector Mission Home, Palai.

3 പ്രേഷിതാലയം

ഈ സ്ഥാപനത്തിൻെറ ലക്ഷ്യവും നടത്തിപ്പും

ഭാരതത്തിൻെറ നാനാഭാഗങ്ങളിലും മിഷനറിമാരുടെ ആവശ്യം അനുദിനം വർദ്ധിച്ചുവരുകയാണ്. പ്രേഷിതരാകുവാൻ ആഗ്രഹിക്കുന്നവരെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കേണ്ടതു് അത്യാവശ്യമാണല്ലോ. ഈ ഉദ്ദേശ്യത്തോടുകൂടി ഈശോസഭാ വൈദികർ ആരംഭിച്ചിരിക്കുന്ന ഒരു സ്ഥാപനമാണ് പ്രേഷിതാലയം. ആലപ്പുഴ ലെയോത്തർട്ടീന്ത് ഹൈസ്കൂളിനു സമീപമാണ് ഈ സ്ഥാപനം.

---

"ഇതിനകം കേരളത്തിൽനിന്നും ൪൦൬൨ മിഷനറിമാർ ഭാരതത്തിലെ വിവിധമിഷൻരൂപതകളിലും ലോകത്തിൻെറ വിവിധഭാഗങ്ങളിലും സുവിശേഷപ്രചരണം നടത്തുന്നുണ്ട്."

എട്ടാമത്തെയോ, ഒൻപതാമത്തെയോ സ്റ്റാൻറാർഡ ജയിച്ചശേഷം തുടന്നു പഠിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാത്ഥികാംക്കു് പ്രേഷിതാലയത്തിൽ പ്രവേശനം കൊടുക്കുന്നു. ഈ സ്ഥാപനത്തിൽ പരിശീലനം സ്വീകരിച്ചു് ഹൈസ്കൂാം വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്കു്, കേരളത്തിനു പുറത്തുള്ള രൂപതകളിലൊ സന്യാസസഭകളിലൊ ചേർന്നു വൈദികരായി പ്രേഷിതജോലി ചെയ്യാം. 83 വിദ്യാർത്ഥികാം ഇപ്പോാം അവിടെയുണ്ടു്.

പ്രേഷിതാലയത്തിൽ ചേരുവാനാഗ്രഹിക്കുന്നവർ നല്ല സ്വഭാവവും പഠനത്തിൽ ഉത്സാഹവും ഉള്ളവരായിരിക്കണം. മിഷനറിമാർ വളരെ കുറവായിരിക്കുന്ന വടക്കെ ഇൻഡ്യയിലും ഇൻഡ്യയുടെ മററു ഭാഗങ്ങളിലും പ്രേഷിതരായി ജോലി ചെയ്യുവാൻ ആഗ്രഹമുള്ളവരെ മാത്രമെ ഇവിടെ സ്വീകരിക്കയുള്ളു. ഇവിടുത്തെ പഠനം താമസം മുതലായ വക്കുള്ള ചിലവിൽ ഒരു ഭാഗം ചേരുന്നവർ വഹിക്കണം. പ്രത്യേക രൂപതകാംക്കുവേണ്ടി പഠിക്കുന്നവരുടെ ചെലവുകാം ഭാഗികമായി മെത്രാന്മാർ വഹിക്കുന്നുണ്ടു്.

കൂടുതൽ വിവരങ്ങാംക്കു് താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുതുക.

Rev. Fr. Director, St. Xaviers Preshithalayam
Near Leo XIII High School, Alleppey.

4 ചാന്ദാ മിഷൻരൂപത

പരിശുദ്ധപിതാവു് 23-ാം യോഹന്നാൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് നാഗപ്പൂർ അതിരൂപതയിൽനിന്നും വാർദ്ധാ, ചാന്ദാ, അദിലബാദു് എന്ന മൂന്നു ഡിസ്ത്രിക്റ്റുകാം വിടർത്തിയെടുത്തു് കോളസുറിയാനി സഭയ്ക്കായി നൽകിയതാണു് ഇന്നത്തെ ചാന്ദാമിഷൻ. സ്വന്തറീത്തിലും സംസ്കാരത്തിലും ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ പ്രേഷിതവേല ചെയ്യുന്നതി

ന്് ഒരു മിഷൻരംഗം ലഭിക്കുന്നതിനായുള്ള ചിരാഭിലാഷം 1962 ആഗസ്റ്റ് 15-ാം തീയതി പുതിയ രൂപതയുടെ ഔദ്യോഗിക ഉൽഘാടനത്തോടെ പൂവണിഞ്ഞിരിക്കുന്നു. കത്തോലിക്കരുടെ സംഖ്യ 970 ൽ നിന്ന് മാനസാന്തരപ്പെട്ടവരുംപ്പെടെ 1533 ആയി വർദ്ധിച്ചിട്ടുണ്ട്. 20 ൽ പരം വൈദികർ, 24 മിഷൻകേന്ദ്രങ്ങളിലായി ജോലിചെയ്യുന്നു. കേരളത്തിൽ നിന്ന് കർമ്മലീത്താ സഹോദരികളും (തൃശ്ശൂർ, പാലാ) അഗതികളുടെ സഹോദരികളും (ചുണങ്ങംവേലി) സേവനത്തിനെത്തിയിട്ടുണ്ട്. ഇംഗ്ലീഷ് മീഡിയത്തിൽ 3 സ്കൂളും, തെലുങ്കു മീഡിയത്തിൽ ഒരു സ്കൂളും ഒരു ഡിസ്പെൻസറിയും, രണ്ടു ബാലമന്ദിരങ്ങളും ഇവർ നടത്തുന്നു. ഈ മിഷൻപ്രവർത്തനം ജർമ്മനിയിൽ സന്യാസപരിശീലനത്തിനും, ഉപരിപഠനത്തിനുമായി ഏതാനും യുവതികൾ അയക്കപ്പെട്ടിട്ടുണ്ട്. കർമ്മലീത്താ സഭക്കാരുടെ ഭരണത്തിനായി ഏല്പിക്കപ്പെട്ടിരിക്കുന്ന ഈ മിഷൻ രൂപതയുടെ സുപ്പീരിയർ Rt. Rev. മോൺസിഞ്ഞോർ ജനുവാരിയൂസ്. C. M. I ആണ്— ഈ മിഷനിൽ രൂപതാ വൈദികരാകാൻ തിരഞ്ഞെടുക്കപ്പെട്ടവർ നാഗപ്പൂർ സെമ്മിനാരിയിലാണ് പഠനം ആരംഭിച്ചിരിക്കുന്നത്.

---


## വിശാഖപട്ടണം അമരാവതി രൂപതകളിൽ

M. S. F. S. സഭാംഗങ്ങളായോ ഇടവക വൈദികന്മാരായോ പ്രേഷിതരാകുവാനാഗ്രഹിക്കുന്ന (S. S. L. C) അർത്ഥികളും സഹോദരാർത്ഥികളായി ചേരുവാനാഗ്രഹിക്കുന്ന VIII Std. വിജയികളും ഉടനെ എഴുതുകയോ നേരിട്ടുകാണുകയോ ചെയ്യുക.

Rev. Fr. George Vayalil M. S. F. S.
Mount Mary, Arumanoor (P. O.)
Via Ettumanoor

## അൽമായസന്യാസം (Saecular Institute)

ഒരേസമയം അൽമായനും സന്യാസിയും. അൽമായ സന്യാസം എന്നൊരു ജീവിതാവസ്ഥകൂടി ഇപ്പോഠം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അൽമായസന്യാസി തനി അൽമായനോ തനി സന്യാസിയോ അല്ല. എന്നാൽ അൽമായനുമാണ്, സന്യാസിയുമാണ്. പരസ്യവ്രതങ്ങളോ സന്യാസവേഷമോ നിർബന്ധമായ സമൂഹജീവിതമോ ഇല്ലാത്തതിനാൽ സന്യാസിയല്ല. അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതങ്ങഠം (S emi public simple vows) അനുഷ്ഠിക്കുന്നതുകൊണ്ട് അൽമായനുമല്ല. വേഷവും ജീവിതരീതിയും അൽമായരുടേതുതന്നെ. ഈ ലോകത്തിലാണെങ്കിലും ലോകത്തിൻേറതല്ലാത്തവർ എന്ന് ഇവരെക്കുറിച്ച് പറയാം.

**സവിശേഷത.** വൈദികന്മാർക്കും സന്യാസിമാർക്കും പ്രവേശനം സുസാദ്ധ്യമല്ലാത്ത സ്ഥലങ്ങളിലും, സാഹചര്യങ്ങളിലും സമയങ്ങളിലും സാധാരണക്കാരുമായി ഇടപഴകി, അവരിൽ ഒരുവനായി ജീവിച്ചുകൊണ്ട് മിഷൻപ്രവർത്തനം ചെയ്യാമെന്നതാണ് അൽമായ സന്യാസത്തിൻെറ സവിശേഷത.

**കേരളത്തിൽ.** ഈ വഴിക്കുള്ള ഒരു പരീക്ഷണമെന്നനിലയിൽ ഏതാനും യുവാക്കന്മാർ ഇപ്പോഠം കേരളത്തിൽ പരിശീലിപ്പിക്കപ്പെടുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ നിലയുറപ്പിച്ചുകൊണ്ട് സമ്പർക്കം, ഭവനസന്ദർശനം, സൺഡേസ്കൂഠം, സ്റ്റഡീക്ലാസ്സ്, പ്രസംഗം, വായനശാല, ഗ്രന്ഥാലയം, പ്രസിദ്ധീകരണപ്രചരണം, ഇൻഫർമേഷൻ സെൻറർ, കറസ്പോണ്ടൻസ് കോഴ്സ് തുടങ്ങി ഏററം അധുനാതനമായ പ്രചരണോപാധികഠംവരെ ഉപയോഗിച്ചും വൈദ്യസഹായം, സാധുജനോന്നമനം മുതലായ സേവനപരിപാടികഠം നടത്തിയും കായികവും മാനസികവുമായ വിനോദങ്ങഠംക്കു സൗകര്യം

കൊടുത്തും പ്രേഷിതയത്നത്തിൽ ഏർപ്പെടുക. അങ്ങനെ വിവിധ ജീവിതതുറകളിൽപ്പെട്ട ആളുകളുമായി അവരുടെ ജീവിതതലത്തിൽവച്ചുതന്നെ കണ്ടുകൂടുന്നതിനും അവരെ സ്വാധീനിച്ച് ക്രിസ്തുവിനെ അവർക്കു നൽകുന്നതിനും ശ്രദ്ധിക്കുക. ഇതാണ് ഇവർ ചെയ്യുവാനുദ്ദേശിക്കുന്നതു്.

S. S. L. C. പാസ്സായ യുവാക്കന്മാർക്കു ഇതേപ്പററി കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന ആളുകളിൽനിന്ന് ലഭിക്കുന്നതാണ്.

Rev. Fr. Mathew M. A. M. S. W.
S. B. College, Changanacherry.

Rev. Fr. Joseph Kalarickal
(P. O.) Arpookara, Kottayam.

---


ബാലികാബാലന്മാർക്കായുള്ള ഏക മിഷൻപ്രസിദ്ധീകരണം

# കുഞ്ഞുമിഷനറി

വാർഷികവരിസംഖ്യ

50 np. മുൻകൂർ

രണ്ടു കോപ്പികളിൽ കുറഞ്ഞു് അയയ്ക്കുന്നതല്ല.

വരിസംഖ്യ, സംഭാവന ഇവ മാനേജർ, കുഞ്ഞുമിഷനറി, ഭരണങ്ങാനം (P. O.) എന്ന വിലാസത്തിൽ അയയ്ക്കുക.

# REGIONAL CATHOLIC AND TOTAL POPULATIONS 1963

ജനസംഖ്യ

| Region | | Catholic Population | Total Population | Percentage |
|---|---|---|---|---|
| North America | ... | 52,106,540 | 208,053,650 | 25.0 % |
| Middle America | ... | 46,829,230 | 49,871,274 | 93.9 ” |
| West Indies | ... | 15,542,690 | 20,725,089 | 75.0 ” |
| South America | ... | 137,655,189 | 149,100,011 | 93.3 ” |
| Western & Southern Europe | ... | 193,247,330 | 334,692,559 | 57.7 ” |
| Eastern Europe & U S S R | ... | 58,552,619 | 326,383,098 | 17.9 ” |
| North East Africa | ... | 1.779,429 | 87,675,523 | 2.0 ” |
| West Africa | ... | 3,802,190 | 72,314,314 | 5 3 ” |
| Central Africa | ... | 12,168,275 | 43,902,011 | 27.7 ” |
| East Africa | ... | 4,684,305 | 25,235,000 | 18.6 ” |
| South Africa | ... | 2,098,052 | 25,074,466 | 8.4 ” |
| African Islands | ... | 1,687,697 | 7,051,823 | 23.9 ” |
| South Western Asia | ... | 1,198,367 | 82,306,532 | 1.4 ” |
| South Central Asia | ... | 7,488,646 | 574,499,146 | 1.3 ” |
| Eastern Asia | ... | 4,294,781 | 870,960,220 | .5 ” |

| | | | |
|---|---|---|---|
| South East Asia ... | 25,609,455 | 223,227,631 | 11.5% |
| Australia & Newzealand ... | 2,587,369 | 13,186,560 | 19.6 " |
| Oceania ... | 673,529 | 3,202,721 | 21.0 " |
| World Totals ... | 572,005,993 | 3,119,444,628 | 18 3 " |

CHRISTIANS WORLD TOTAL 930,155,000.

| | Roman Catholic | Eastern Orthodox | Protestant |
|---|---|---|---|
| North America (includes West Indies and Central America)... | 114,479,000 | 3,265,000 | 76,767,000 |
| South America ... | 137,655,000 | 42,000 | 2,654,000 |
| Europe (includes Communist centralled Eurasia)... | 251,800,000 | 127,615,000 | 114,708,000 |
| Oceania (includes Australia and New Zealand) ... | 3,261,000 | 76,000 | 8,530,000 |
| Africa ... | 26,220,000 | 4,919,000 | 7,398,000 |
| Asia ... | 38,591,000 | 2,596,000 | 9,579,000 |
| Totals ... | 572,006,000 | 138,513,000 | 219,636,000 |

## NON-CHRISTIANS WORLD TOTAL 2,067,118,000

| | | Jewish | Muslim | Facist |
|---|---|---|---|---|
| North America | ... | 5,816,000 | 37,000 | 15,000 |
| South America | ... | 630,000 | 362,000 | 17,000 |
| Europe | ... | 3,780,000 | 13,033,000 | 12,000 |
| Africa | ... | 501,000 | 91,655,000 | 1,000 |
| Asia | ... | 2,069,000 | 332,084,000 | 50,000,000 |
| Oceania | ... | 71,000 | 107,000 | 17,000 |
| Totals | ... | 12,867,000 | 437,278,000 | 50,062,000 |

| | Confucian | Budhist | Hindu |
|---|---|---|---|
| N. America | 88,000 | 168,000 | 28,000 |
| S. America | 98,000 | 138,000 | 318,000 |
| Europe | 12,000 | 10,000 | ......... |
| Africa | 8,000 | ......... | 654,000 |
| Asia | 334,290,000 | 155,265,000 | 339,728,000 |
| Oceania | 53,000 | ......... | 116,000 |
| Totals | 334,549000 | 155,581,000 | 340,844000 |

Other Non-Christians


1. Zooastrian: 142,000
2. Shinto: 57,788,000
3. Others, including primitive or none: 676,007,000

## കത്തോലിക്കാസഭ ഭാരതത്തിൽ

| | |
|---|---|
| അതിരൂപത | 17 |
| രൂപത | 54 |
| ഐീഫെക്ചർ | 6 |
| ഓർഡിനറിയേററ് | 1 |
| സെമ്മിനാരികൾ | 57 |
| കോളേജുകൾ | 59 |
| ഹൈസ്കൂളുകൾ | 899 |
| മിഡിൽസ്കൂളുകൾ | 1,228 |
| പ്രൈമറിസ്കൂളുകൾ | 4,877 |

| | |
|---|---|
| ഹോസ്റ്റലുകൾ | 467 |
| അനാഥശാലകൾ | 554 |
| സന്യാസസഭ (വൈദികന്മാർക്ക്) | 32 |
| സന്യാസസഭ (ബ്രദേഴ്സിനു്) | 12 |
| സന്യാസസഭ (സിസ്റ്റേഴ്സിനു്) | 121 |
| രൂപതാവൈദികന്മാർ | 4,781 |
| (ഇവരിൽ) വിദേശിയർ | 1,211 |
| കന്യാസ്ത്രീകൾ | 21,558 |
| (ഇവരിൽ) വിദേശിയർ | 2,115 |

# "എന്നെയും വിളിക്കുന്നുണ്ടോ?"



ഫാദർ ഹാരോൾഡ് C M I

8.894 22
AR